വാല്യം 5, ലക്കം 19

# ന്യൂ ഇന്ത്യ സമാചാർ

ഏപ്രിൽ 1-15, 2025
സൗജന്യവിതരണത്തിന്



# മുദ്ര

## ജനശക്തിക്ക് കരുത്തേകുന്നു

ഏവരെയും ഉൾക്കൊള്ളുന്നതും സുസ്ഥിരവും മൂല്യാധിഷ്ഠിതവുമായ സംരംഭക സംസ്കാരം വികസിപ്പിച്ച്, കഴിഞ്ഞ 10 വർഷത്തിനിടെ മുദ്ര യോജന ഇന്ത്യയിലെ സംരംഭകത്വമേഖലയെ മാറ്റിമറിച്ചു

**സമുദ്രമേഖലയിലെ 61 വർഷത്തെ മികവ്**

# പ്രധാന സമുദ്രശക്തിയായി ഇന്ത്യ ഉയർന്നുവരുന്നു

**ഇന്ത്യക്കു സമ്പന്നമായ സമുദ്രചരിത്രമുണ്ട്. ഇന്ത്യയുടെ വ്യാപാരത്തിന്റെ വ്യാപ്തിയിൽ 95 ശതമാനത്തിലധികവും, മൂല്യത്തിന്റെ കാര്യത്തിൽ 74 ശതമാനവും കടൽവഴിയാണ്. അതേസമയം എണ്ണയുടെയും വാതകത്തിന്റെയും 80 ശതമാനവും കടൽവഴിയാണ്. സമുദ്രസമൃദ്ധിയുടെ ഈ കരുത്തുറ്റ അടിത്തറയ്ക്കു പിന്നിൽ വീട്ടിൽനിന്നും കുടുംബത്തിൽനിന്നും മാറി മാസങ്ങളോളം കടലിൽ തങ്ങുകയും ഇന്ത്യയുടെ ആഗോളവ്യാപാരത്തിനും വാണിജ്യത്തിനും ഗണ്യമായ സംഭാവന നൽകുകയും ചെയ്യുന്നവരാണ്. ഇവരോടുള്ള നന്ദി പ്രകടിപ്പിക്കുന്നതിനായി, രാജ്യം ഏപ്രിൽ 5 ദേശീയ സമുദ്ര ദിനമായി ആഘോഷിക്കുന്നു. 1919ൽ ഈ ദിവസമാണ് ഇന്ത്യയുടെ ആദ്യത്തെ വാണിജ്യകപ്പലായ എസ്എസ് ലോയൽറ്റി മുംബൈയിൽനിന്നു ലണ്ടനിലേക്കു പുറപ്പെട്ടത്. ബ്രിട്ടീഷുകാർക്ക് ഇന്ത്യയുടെ കടൽപ്പാതകളിൽ കുത്തക ഉണ്ടായിരുന്ന സ്വാതന്ത്ര്യപൂർവകാലത്ത്, ഇതു ചരിത്ര നേട്ടമായിരുന്നു. 1964 മുതൽ, ഈ ദിവസം രാജ്യം ദേശീയ സമുദ്ര ദിനമായി ആഘോഷിക്കുന്നു...**



> **ഇന്ത്യക്കു സമ്പന്നമായ സമുദ്രപൈതൃകം ഉണ്ടെന്നതിൽ നാം ഭാഗ്യവാന്മാരാണ്; ഞങ്ങൾ അതിൽ ഏറെ അഭിമാനിക്കുന്നു. ദേശീയ സമുദ്ര ദിനത്തിൽ, സമുദ്രലോകത്ത് ഇന്ത്യയുടെ പുരോഗതിക്കു സംഭാവന നൽകിയ എല്ലാവരെയും നാം ഓർമിക്കുകയും തുറമുഖാധിഷ്ഠിത വികസനത്തോടുള്ള നമ്മുടെ പ്രതിജ്ഞാബദ്ധത ആവർത്തിക്കുകയും ചെയ്യുന്നു.**
>
> *- നരേന്ദ്ര മോദി, പ്രധാനമന്ത്രി*

# ന്യൂ ഇന്ത്യ സമാചാർ

വാല്യം 5, ലക്കം 19 | ഏപ്രിൽ 1-15, 2025



എഡിറ്റർ ഇൻ ചീഫ്
**ധീരേന്ദ്ര ഓഝ**
**പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ, പ്രസ് ഇൻഫർമേഷൻ ബ്യൂറോ, ന്യൂഡൽഹി**

സീനിയർ കൺസൽട്ടിങ് എഡിറ്റർ
**സന്തോഷ് കുമാർ**

കൺസൽട്ടിങ് എഡിറ്റർ
**വിഭോർ ശർമ**

സീനിയർ അസി. കൺസൽട്ടിങ് എഡിറ്റർ
**പവൻ കുമാർ**

അസി. കൺസൽട്ടിങ് എഡിറ്റർമാർ
**അഖിലേഷ് കുമാർ**
**ചന്ദൻ കുമാർ ചൗധരി**

ഭാഷാ എഡിറ്റർമാർ
**സുമിത് കുമാർ (ഇംഗ്ലീഷ്)**
**രജ്നീഷ് മിശ്ര (ഇംഗ്ലീഷ്)**
**നദീം അഹമ്മദ് (ഉറുദു)**

ചീഫ് ഡിസൈനർ
**ശ്യാം തിവാരി**

സീനിയർ ഡിസൈനർ
**ഫൂൽ ചന്ദ് തിവാരി**

ഡിസൈനർമാർ
**അഭയ് ഗുപ്ത**
**സത്യം സിങ്**




ന്യൂ ഇന്ത്യ സമാചാർ 13 ഭാഷകളിൽ വായിക്കാനായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in/news.aspx

ന്യൂ ഇന്ത്യ സമാചാർ പഴയ പതിപ്പുകൾക്കായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in.archive.aspx

*പതിവായി 'ന്യൂ ഇന്ത്യ സമാചാർ' വിവരങ്ങൾ ലഭിക്കാൻ* –ൽ **@NISPIBIndia** പിൻതുടരുക

# ഉൾപ്പേജുകളിൽ.........




കവർ സ്റ്റോറി
**മുദ്ര യോജനയുടെ ഒരു ദശാബ്ദം**

## 'മുദ്ര'യിൽനിന്നുത്ഭവിക്കുന്ന സംരംഭകത്വത്തിന്റെ അമൃതധാര

ഒരു പതിറ്റാണ്ടു മുമ്പ് ആരംഭിച്ച പിഎം മുദ്ര യോജനയ്ക്ക് കീഴിൽ ഇതുവരെ 52 കോടിയിലധികം അപേക്ഷകൾക്ക് അംഗീകാരമേകി. മുമ്പ് കരുതൽ ആവശ്യമായിരുന്നവരുടെ സംരംഭകത്വ സാധ്യതകളിൽ അർപ്പിക്കുന്ന വിശ്വാസത്തിന്റെ കഥയാണ് മുദ്ര യോജന. ഈ വിപ്ലവകരമായ പദ്ധതി ജനങ്ങളെ ഇടനിലക്കാരുടെ പിടിയിൽനിന്നു മോചിപ്പിക്കുകയും, സാമ്പത്തിക വിഭവങ്ങളാൽ അവരെ സജ്ജരാക്കുകയും, സാമ്പത്തികമായും സാമൂഹികമായും ശക്തരാക്കുകയും ചെയ്ത്, വികസിത ഭാരതത്തിന്റെ പാത രൂപപ്പെടുത്തി... | 14-27

**ബജറ്റ് വെബിനാർ**

**വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിനുള്ള പാത**



പദ്ധതികളുടെ നേട്ടങ്ങൾ ഏതറ്റംവരെയും എത്തിക്കുന്നതിന് | 10-13


**വാർത്തകൾ ചുരുക്കത്തിൽ** | 4-5

**സഹകരണത്തിലെ ആഗോള പങ്കാളിത്തങ്ങളിലൂടെ അഭിവൃദ്ധി വളർത്തിയെടുക്കും**
സഹകരണമേഖല അവലോകനയോഗത്തിൽ പ്രധാനമന്ത്രി മോദി പുതിയ സന്ദേശമേകി | 28-29

**'ദേവഭൂമി'യിൽ'ഓഫ്സീസൺ' പാടില്ല**
ഉത്തരാഖണ്ഡിൽ ശൈത്യകാല വിനോദസഞ്ചാരത്തിന് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി മോദി | 30-31

**കേന്ദ്രമന്ത്രിസഭ യോഗതീരുമാനങ്ങൾ**
കേദാർനാഥ്-ഹേമകുണ്ഡ് സാഹിബിൽ ഗവൺമെന്റ് റോപ്‌വേ നിർമിക്കും | 32

**വികസിത രാഷ്ട്രത്തിലേക്കുള്ള ഉറച്ച ചുവടുകൾ**
വനിതാദിനത്തിൽ 'ലഖ്പതി ദീദി'കളുമായി പ്രധാനമന്ത്രി മോദി നടത്തിയ കൂടിക്കാഴ്ച | 33-35

**എൻഎക്സ്റ്റി സമ്മേളനം: നൂതനാശയങ്ങളുടെ നാടായി മാറുന്ന ഇന്ത്യ**
വിമാനവാഹിനിക്കപ്പലുകൾ മുതൽ സെമികണ്ടക്ടർവരെയുള്ള മേഖലയിൽ വികസനത്തിന്റെ പാതകൾ തുറക്കുന്നു | 36-37

**മൗറീഷ്യസിലെ മിനി ഇന്ത്യ**
പ്രധാനമന്ത്രി മോദിക്ക് മൗറീഷ്യസിന്റെ പരമോന്നത സിവിലിയൻ ബഹുമതി | 38-39


**വ്യക്തിത്വം: ഡോ. ബിന്ദേശ്വർ പാഠക്**

**ശുചിത്വത്തിനായി ജീവിതം സമർപ്പിച്ച വ്യക്തി**



സാമൂഹ്യ പ്രവർത്തനരംഗത്തു സമാനതകളില്ലാത്ത സംഭാവനകൾ; 'പദ്മവിഭൂഷൺ' (മരണാനന്തരം) നൽകി ആദരിച്ചു | 40

**പ്രത്യേക റിപ്പോർട്ട്: സ്ത്രീശാക്തീകരണം**

## സാമ്പത്തിക ഭാവി രൂപപ്പെടുത്തുന്ന ഇന്ത്യയിലെ സ്ത്രീകൾ



ഗവൺമെന്റിന്റെ ശ്രമങ്ങൾ സാമൂഹ്യ-സാമ്പത്തിക പങ്കാളിത്തം ഉൾപ്പെടെയുള്ള അവശ്യ സേവനങ്ങളിലേക്കുള്ള സ്ത്രീകളുടെ പ്രവേശനം വർധിപ്പിച്ചു. ഇതു സമൂഹത്തിൽ സ്ത്രീകളുടെ പങ്കിനെ നേരിട്ടു സ്വാധീനിക്കുന്നു. ഇപ്പോൾ അവർ നിർണായക കർത്തവ്യങ്ങളിലും കരുത്തോടെ മുന്നേറുന്നു... | 6-9


**Published & Printed By:** Yogesh Kumar Baweja, Director General, on behalf of Central Bureau Of Communication.
**Printed At:** Kaveri Print Process Pvt. Ltd. A-104, Sec-65, Noida-201301 U.P.
**Communication Address:** Room No–316, National Media Centre, Raisina Road, New Delhi-110001.
**e-mail:** response-nis@pib.gov.in, **RNI No.:** DELMAL/2020/78826

# പത്രാധിപക്കുറിപ്പ്...

## മുദ്ര: വികസിത ഭാരതത്തിനായുള്ള ദൃഢനിശ്ചയങ്ങൾ നേടിയെടുക്കുന്നതിനുള്ള അടിത്തറ

*നമസ്കാരം,*

ഉത്സാഹവും അഭിലാഷങ്ങളും നിറഞ്ഞ യുവത്വമാർന്ന രാജ്യമാണ് ഇന്ത്യ. ഇന്ന് രാജ്യത്ത് പ്രതിഭകൾക്ക് ക്ഷാമമില്ല. ഓരോരുത്തർക്കും, അവൻ അല്ലെങ്കിൽ അവൾ, ഏത് മേഖലയിലാണെങ്കിലും, ഏത് വിഭാഗത്തിൽ പെട്ടവരായാലും, ചില പ്രത്യേക അഭിരുചികളുണ്ട്. സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ആ പ്രതിഭ തിരിച്ചറിയേണ്ടതുണ്ട്. മുദ്ര യോജന ഒരു ദശാബ്ദമായി ജനങ്ങളുടെ, പ്രത്യേകിച്ച് യുവതയുടെ, ഈ കഴിവിനെ ശക്തിപ്പെടുത്തുന്നു. കേന്ദ്ര ഗവൺമെന്റിന്റെ പരിവർത്തനാത്മക സംരംഭമായ മുദ്ര പദ്ധതി, സ്വന്തം പരിശ്രമത്തിലൂടെ വിജയംനേടാൻ ദൃഢനിശ്ചയം ചെയ്ത രാജ്യത്തെ യുവാക്കൾക്കും സ്ത്രീകൾക്കും അവസരം നൽകി. ഇത് സ്വയംതൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക മാത്രമല്ല, ഏവരെയും തൊഴിൽ ദാതാക്കളാക്കുകയും ചെയ്യുന്നു.

പുതിയ സാമ്പത്തിക വർഷം ഏപ്രിൽ ഒന്നിന് ആരംഭിച്ചു. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ പരിവർത്തന ഘടകമായി മാറിയ 'മുദ്ര' പദ്ധതി ഒരു ദശകം പൂർത്തിയാക്കുന്നു എന്നതും യാദൃച്ഛികമാണ്. 2015-16 ലെ പൊതു ബജറ്റിലാണ് മുദ്ര പദ്ധതി പ്രഖ്യാപിച്ചത്. അതേവർഷം 2015 ഏപ്രിൽ 8ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇത് ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ 10 വർഷത്തിനിടയിൽ, ചെറിയ സാമ്പത്തിക വിന്യാസം ആരംഭിക്കുന്നതിനുള്ള വേദിയായി മുദ്ര മാറി. ഈ പദ്ധതി സൂക്ഷ്മ സംരംഭങ്ങൾക്ക് വായ്പകൾ എളുപ്പത്തിലും തടസ്സരഹിതമായും ലഭ്യമാക്കുന്നതിനും ധാരാളം യുവ സംരംഭകർക്ക് അവരുടെ വ്യാപാരങ്ങൾ ആരംഭിക്കുന്നതിനും സഹായിച്ചിട്ടുണ്ട്. 'മുദ്ര' പ്രോത്സാഹിപ്പിക്കുന്നതിനുള്ള കേന്ദ്ര ഗവൺമെന്റിന്റെ ശ്രമങ്ങളും നയങ്ങളും കാരണം, ലക്ഷക്കണക്കിന് എംഎസ്എംഇകൾ ഇപ്പോൾ ഔപചാരിക സമ്പദ്‌വ്യവസ്ഥയുടെ ഭാഗമായി മാറി. ഇത് അമിത പലിശ ഈടാക്കുന്ന പലിശക്കാരുടെ പിടിയിൽനിന്ന് രക്ഷപ്പെടാൻ അവരെ സഹായിച്ചു.

കൂടാതെ, ഈ പദ്ധതി താഴേത്തട്ടിൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ സഹായിച്ചിട്ടുണ്ട്. ഉൽപ്പാദനം, സേവനം, ചില്ലറവിൽപ്പന, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയിൽ വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിച്ചുകൊണ്ട് സംരംഭങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതാണ് മുദ്ര യോജന. വികസിത ഭാരതത്തിന്റെ ദൃഢനിശ്ചയങ്ങളിൽ പ്രധാന അടിത്തറയായി മാറിയ മുദ്ര യോജനയാണ് ഇത്തവണ നമ്മുടെ ലക്കത്തിന്റെ കവർ സ്റ്റോറി.

ഇതിനുപുറമെ, വ്യക്തിത്വങ്ങളുടെ പരമ്പരയിൽ, ശുചിത്വ മേഖലയിൽ വിലമതിക്കാനാവാത്ത സംഭാവന നൽകിയ പദ്മവിഭൂഷൺ പുരസ്കാര ജേതാവ് ഡോ. ബിന്ദേശ്വർ പാഠക്കിനുള്ള ശ്രദ്ധാഞ്ജലി, കേന്ദ്രമന്ത്രിസഭ യോഗതീരുമാനങ്ങൾ, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ടാഴ്ചത്തെ പരിപാടികൾ എന്നിവയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതിനുപുറമെ, ഏപ്രിൽ 5ന് ആചരിക്കുന്ന ദേശീയ സമുദ്ര ദിനത്തെക്കുറിച്ചും പിൻകവറിൽ, ഏപ്രിൽ 14ന് ബാബാ സാഹബ് ഭീംറാവു അംബേദ്കറുടെ ജന്മവാർഷിക ആചരണവും ഉൾപ്പെടുത്തിയിട്ടുണ്ട്; ഇവയാണ് ഈ ലക്കത്തിന്റെ പ്രത്യേകതകൾ.



**(ധീരേന്ദ്ര ഓഝ)**

**ഹിന്ദിയിലും ഇംഗ്ലീഷിലും മറ്റ് 11 ഭാഷകളിലും ലഭ്യമാകുന്ന മാസിക വായിക്കാം/ഡൗൺലോഡ് ചെയ്യാം.**
https://newindiasamachar.pib.gov.in/

# എഴുത്തുപെട്ടി






**ന്യൂ ഇന്ത്യ സമാചാർ മാഗസിനിൽ വിവിധ മേഖലകളിലെ വിവരങ്ങൾ അടങ്ങിയിരിക്കുന്നു**

ന്യൂ ഇന്ത്യ സമാചാർ മാഗസിന്റെ പുതിയ ലക്കങ്ങളെല്ലാം ആകർഷകമായ കവറും രൂപകൽപ്പനയും വിഷയാധിഷ്ഠിത രീതിയും ഉൾക്കൊള്ളുന്നു. ഈ മാഗസിനിൽ ഒരു മേഖലയും സ്പർശിക്കാതെ പോകുന്നില്ല. മത്സരപ്പരീക്ഷ എഴുതുന്ന എല്ലാ ഉദ്യോഗാർത്ഥികൾക്കും ഇത് വായിക്കുന്നതിലൂടെ തീർച്ചയായും പ്രയോജനം ലഭിക്കും. ചിത്രങ്ങൾ മാഗസിന്റെ ലക്കം ഓർമ്മിക്കുന്നത് എളുപ്പമാക്കുന്നു.

**പി പ്രേമ**
**prof.prema@gmail.com**

**ന്യൂ ഇന്ത്യ സമാചാർ മാഗസിൻ സമകാലിക സംഭവങ്ങളെക്കുറിച്ച് പറയുന്നു**

ന്യൂ ഇന്ത്യ സമാചാർ മികച്ച ദ്വൈവാര മാഗസിനാണ്. രാജ്യത്ത് നടക്കുന്ന സമകാലിക സംഭവങ്ങളെയും വികസന പ്രവർത്തനങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ ഈ മാഗസിൻ നൽകുന്നു. ഈ മാഗസിൻ വായിക്കാൻ എനിക്ക് വളരെ ഇഷ്ടമാണ്. പ്രസാധകനും എഡിറ്റർക്കും ന്യൂ ഇന്ത്യ സമാചാർ ടീമിനാകെയും അഭിനന്ദനങ്ങൾ.

**പ്രൊഫ. (ഡോ.) മുകേഷ് അഗർവാൾ**

**വികസിത ഭാരതം കാമ്പെയ്നിനെക്കുറിച്ചുള്ള വിവരങ്ങൾ മാഗസിൻ നൽകുന്നു**

മൂന്നാം തവണയും രാജ്യത്തിന്റെ പ്രധാനമന്ത്രിയായ നരേന്ദ്ര മോദി 2047 ഓടെ ഇന്ത്യ വികസിത രാഷ്ട്രമായി മാറണമെന്ന് ആഗ്രഹിക്കുന്നു. ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ രാജ്യത്ത് ഇതിനകം ആരംഭിച്ചു കഴിഞ്ഞു. ന്യൂ ഇന്ത്യ സമാചാർ മാഗസിനിലെ വിവിധ ലേഖനങ്ങളിൽ നിന്നാണ് എല്ലാ പ്രവർത്തനങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ നമുക്ക് ലഭിക്കുന്നത്. ഗവണ്മെന്റിന്റെയും രാജ്യത്തിന്റെയും വികസന പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഈ മാഗസിൻ നൽകുന്നു.

**സുമന്ത് കുമാർ സോം**
**somsumanta2013@gmail.com**

**അമിതവണ്ണം കുറയ്ക്കാൻ ഫലപ്രദമായ ശ്രമങ്ങൾ നടത്തണം**

അടുത്തിടെ, പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രതിമാസ റേഡിയോ പരിപാടിയായ 'മൻ കി ബാത്തി'ൽ അമിതവണ്ണത്തെക്കുറിച്ച് സംസാരിച്ചു. ഈ വിഷയം നാം ഗൗരവമായി കാണണം. ഈ ദിശയിൽ ഫലപ്രദവും അർത്ഥവത്തായതുമായ ശ്രമങ്ങൾ നടത്തണം.

**ടി.എസ്. കാർത്തിക്**
**vtra1636@gmail.com**

**മാഗസിൻ വഴി വികസനപ്രവർത്തനങ്ങളെക്കുറിച്ച് അറിയുന്നു**

ന്യൂ ഇന്ത്യ സമാചാർ മാഗസിന്റെ പതിവു വായനക്കാരനാണ് ഞാൻ. ഇതൊരു നല്ല മാഗസിനാണ്. ഈ മാഗസിനിലൂടെ, ഇന്ത്യയിൽ നടക്കുന്ന വികസനത്തെക്കുറിച്ച് എനിക്ക് അറിയാൻ കഴിയും.

**ജനാർദൻ ദേബത**
**janardandebata63@gmail.com**

**ആശയവിനിമയത്തിനുള്ള വിലാസം:** റൂം നമ്പർ 316, നാഷണൽ മീഡിയ സെന്റർ, റെയ്സിന റോഡ്, ന്യൂഡൽഹി -110001
ഇ-മെയിൽ: response-nis@pib.gov.in

ആകാശവാണിയിൽ ന്യൂ ഇന്ത്യ സമാചാർ കേൾക്കാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യൂ

## സിൽവാസയിൽ നമോ ആശുപത്രി ഉദ്ഘാടനം



ദാദ്ര-നഗർ ഹവേലി ആധുനിക സ്വത്വത്തോടെ അതിവേഗം ഉയർന്നുവരികയാണ്. എല്ലാ മേഖലകളിൽ നിന്നുമുള്ളവരെ സ്വാഗതം ചെയ്യുന്ന നഗരമായി സിൽവാസ വളർന്നുവരികയാണ്. പുതിയ അവസരങ്ങളുടെ അതിവേഗ വളർച്ചയ്ക്ക് ഈ മേഖല സാക്ഷ്യം വഹിച്ചു. ഇതിനനുസൃതമായി, പ്രധാനമന്ത്രി നരേന്ദ്ര മോദി സിൽവാസയിൽ നമോ ആശുപത്രി (ഒന്നാം ഘട്ടം) ഉദ്ഘാടനം ചെയ്തു. 460 കോടിയിലധികം രൂപ ചെലവിൽ നിർമ്മിച്ച 450 കിടക്കകളുള്ള ഈ ആശുപത്രി കേന്ദ്രഭരണ പ്രദേശത്തെ ആരോഗ്യ സേവനങ്ങളെ ഗണ്യമായി ശക്തിപ്പെടുത്തും. മേഖലയിലെ ജനങ്ങൾക്ക്, പ്രത്യേകിച്ച് ഗോത്രസമൂഹങ്ങൾക്ക്, അത്യാധുനിക വൈദ്യസഹായം ഇത് പ്രദാനം ചെയ്യും. കഴിഞ്ഞ വർഷങ്ങളിൽ മേഖലയിൽ ആധുനിക ആരോഗ്യസേവനങ്ങൾ ഗണ്യമായി വികസിച്ചിട്ടുണ്ടെന്ന് ഉദ്ഘാടനച്ചടങ്ങിൽ പ്രധാനമന്ത്രി മോദി പറഞ്ഞു. കേന്ദ്രഭരണപ്രദേശത്തിനായുള്ള 2580 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾ സിൽവാസയിൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുകയും തറക്കല്ലിടുകയും ചെയ്തു.

## യുപിഐ പണമിടപാടുകളിൽ പതിന്മടങ്ങു വളർച്ച




കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ, ഏകീകൃത പണമിടപാടു സംവിധാനം (യുപിഐ) വഴിയുള്ള ഡിജിറ്റൽ പണമിടപാടുകളിൽ നിരന്തരം വർധനയുണ്ടായിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ, 2025 ജനുവരി വരെ, 18,120 കോടിയിലധികം ഇടപാടുകൾ ഡിജിറ്റലായി നടന്നു, 2,330.72 ലക്ഷം കോടി രൂപയാണ് അതിന്റെ മൂല്യം. അതേസമയം 2020-21 സാമ്പത്തിക വർഷത്തിൽ 4370-കോടിയിൽ അധികം ഇടപാടുകളാണ് ഡിജിറ്റലായി നടന്നത്. ഡിജിറ്റൽ ഇടപാട് തട്ടിപ്പുകൾ തടയാൻ ഗവണ്മെന്റും നാഷണൽ പേയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും ആർബിഐയും നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപഭോക്താവിന്റെ മൊബൈൽ നമ്പറും നിർദിഷ്ട ഉപകരണവും തമ്മിലുള്ള ബന്ധിപ്പിക്കൽ, പിൻ വഴിയുള്ള ദ്വിതല സാക്ഷ്യപ്പെടുത്തൽ, പ്രതിദിന ഇടപാടു പരിധികൾ, ഉപയോഗത്തിനുള്ള പരിധികളും തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ദേശീയ സൈബർ കുറ്റകൃത്യ റിപ്പോർട്ടിംഗ് പോർട്ടലായ www.cybercrime.gov.in, ദേശീയ സൈബർ കുറ്റകൃത്യ ഹെൽപ്പ്‌ലൈൻ നമ്പർ '1930' എന്നിവയും ആരംഭിച്ചു.

## റെയിൽവേ 23,000 കിലോമീറ്റർ പാത നവീകരിച്ചു

മണിക്കൂറിൽ 130 കിലോമീറ്റർ വേഗതയിൽ ട്രെയിനുകൾ ഓടിക്കുന്നതിനായി 23,000 കിലോമീറ്റർ റെയിൽപ്പാത നവീകരിക്കുന്നതിൽ ഇന്ത്യ വിജയിച്ചു. ഈ നടപടി നമ്മുടെ റെയിൽവേയെ വേഗതയേറിയതും സുരക്ഷിതവും കാര്യക്ഷമവുമാക്കും. ഇതോടൊപ്പം, മണിക്കൂറിൽ 110 കിലോമീറ്റർ വരെയുള്ള ഉയർന്ന വേഗത പിന്തുണയ്ക്കുന്നതിനായി 54,337 കിലോമീറ്റർ ട്രാക്കുകളും നവീകരിച്ചു. ഇപ്പോൾ രാജ്യത്തെ റെയിൽശൃംഖലയുടെ അഞ്ചിലൊന്നും അതിവേഗത കൈവരിക്കാൻ പൂർണസജ്ജമാണ്. ഇന്ത്യൻ റെയിൽവേയുടെ മുൻനിര അർധ-അതിവേഗ ട്രെയിനായ വന്ദേ ഭാരത് എക്സ്പ്രസ് ഈ അടിസ്ഥാനസൗകര്യ മെച്ചപ്പെടുത്തലുകളുടെ ഉദാഹരണമാണ്.






# കഴിഞ്ഞ 10 വർഷത്തിനിടെ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ 66% വളർച്ച കൈവരിച്ചു

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ പുതിയ ഉയരങ്ങളിലെത്തുകയും 2015നും 2025നും ഇടയിൽ 66% വളർച്ചയോടെ 3.8 ട്രില്യൺ ഡോളറിലെത്തുകയും ചെയ്തു. വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിനുള്ള മറ്റൊരു കരുത്തുറ്റ ചുവടുവയ്പ്പാണ് ഈ നേട്ടം. ഫെബ്രുവരിയിൽ, അന്താരാഷ്ട്ര നാണയ നിധി (ഐഎംഎഫ്) ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയെ വിലയിരുത്തിയിരുന്നു. അതനുസരിച്ച്, കഴിഞ്ഞ 10 വർഷത്തിനിടെ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ 66 ശതമാനം വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ സൃഷ്ടിക്കൽ പ്രോത്സാഹിപ്പിക്കുന്നതിനെക്കുറിച്ചുള്ള, ബജറ്റിനുശേഷമുള്ള വെബിനാറിൽ, ഈ വളർച്ച നിരവധി വലിയ സമ്പദ്‌വ്യവസ്ഥകളേക്കാൾ കൂടുതലാണെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. ഇന്ത്യ 5 ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥയായി മാറുന്ന ദിവസം വിദൂരമല്ല.

## യമുന നദിയിലെ ക്രൂയിസ് വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനുള്ള കരാർ ഒപ്പിട്ടു



ഇന്ത്യയുടെ ഉൾനാടൻ ജലപാത അതോറിറ്റി (ഐഡബ്ല്യുഎഐ) ഡൽഹി ഗവണ്മെന്റിലെ ചില വകുപ്പുകളുമായും ഏജൻസികളുമായും കരാറിൽ ഒപ്പുവച്ചു. കരാർ പ്രകാരം, സോണിയ വിഹാറിനും ജഗത്പുരിനും ഇടയിൽ യമുന നദിയിലെ നാല് കിലോമീറ്റർ ജലപാതയിൽ (ദേശീയ ജലപാത 110) ക്രൂയിസ് വിനോദസഞ്ചാരം വികസിപ്പിക്കും. ക്രൂയിസ് ആരംഭിക്കുന്നതോടെ, ഡൽഹി നിവാസികൾക്കും തലസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്കും ഇത് ആസ്വദിക്കാൻ കഴിയും. മലിനീകരണരഹിത ജലഗതാഗതം ഉറപ്പാക്കാൻ വൈദ്യുതിയിലും സൗരോർജത്തിലും പ്രവർത്തിക്കുന്ന ഹൈബ്രിഡ് ബോട്ടുകൾ സജ്ജമാക്കും. ഓരോ ബോട്ടിനും 20-30 യാത്രക്കാരെ വഹിക്കാൻ ശേഷിയുണ്ടാകും. യാത്രക്കാരുടെ സുരക്ഷയ്ക്കായി ജൈവശൗചാലയങ്ങൾ, പൊതു അറിയിപ്പ് സംവിധാനം, സുരക്ഷാകവചങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ഈ ബോട്ടുകളിൽ ഉണ്ടാകും.

## ഖാദി കരകൗശലത്തൊഴിലാളികളുടെ പ്രതിഫലത്തിൽ 20% വർധന

2025 ഏപ്രിൽ 1 മുതൽ ഖാദി കരകൗശല വിദഗ്ധരുടെ വേതനം 20% വർധിപ്പിക്കാൻ കേന്ദ്രഗവണ്മെന്റ് തീരുമാനിച്ചു. നിലവിൽ, ചർക്കയിൽ ഒരു നൂൽക്കിഴി നൂൽക്കുന്നതിന് 12.50 രൂപയാണു ലഭിക്കുന്നത്. ഇതിന് 2025 ഏപ്രിൽ 1 മുതൽ 2.50 രൂപ വർദ്ധിപ്പിക്കും. ഇനി മുതൽ കരകൗശല തൊഴിലാളികൾക്ക് ഒരു നൂൽക്കിഴി നൂൽക്കുന്നതിന് 15 രൂപ ലഭിക്കും. കഴിഞ്ഞ 11 വർഷത്തിനിടെ, ഖാദി കരകൗശല വിദഗ്ധരുടെ പ്രതിഫലത്തിൽ കേന്ദ്ര ഗവണ്മെന്റ് ചരിത്രപരമായ 275 ശതമാനം വർധന വരുത്തി. ഖാദി-ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളുടെ വിൽപ്പന 5 മടങ്ങ് വർധിച്ചു. അതായത് 31,000 കോടി രൂപയിൽനിന്ന് 2023-24 സാമ്പത്തിക വർഷത്തിൽ 1,55,000 കോടി രൂപയായി. പ്രയാഗ്‌രാജ് മഹാകുംഭമേളയിൽ 12.02 കോടി രൂപയുടെ ഖാദി ഉൽപ്പന്നങ്ങളുടെ ചരിത്രപരമായ വിൽപ്പനയും നടന്നു.



# സാമ്പത്തിക ഭാവി രൂപപ്പെടുത്തുന്ന ഇന്ത്യയിലെ സ്ത്രീകൾ

***സ്ത്രീകൾ സാമ്പത്തികമായി ശാക്തീകരിക്കപ്പെടുമ്പോൾ, അതിന്റെ സ്വാധീനം അവരുടെ കുടുംബങ്ങളിൽ മാത്രമല്ല; അതു രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെയും ശക്തിപ്പെടുത്തുന്നു. ഈ ചിന്തയോടെ, കഴിഞ്ഞ ദശകത്തിൽ ഇന്ത്യ അതിന്റെ സാമ്പത്തിക വ്യവസ്ഥയെ കാര്യക്ഷമമാക്കുന്ന യജ്ഞത്തിനു നേതൃത്വം നൽകി. അതിൽ സ്ത്രീകൾ വിജയത്തിന്റെ പുതിയ ഗാഥ രചിക്കുന്നു. നിതി ആയോഗും ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനിയായ ട്രാൻസ്‌യൂണിയൻ സിബിലും നടത്തിയ പഠനത്തിൽ, ഗവൺമെന്റിന്റെ ശ്രമങ്ങൾ സാമൂഹ്യ-സാമ്പത്തിക പങ്കാളിത്തം ഉൾപ്പെടെയുള്ള അവശ്യസേവനങ്ങളിലേക്കുള്ള സ്ത്രീകളുടെ പ്രവേശനം വളർത്തിയിട്ടുണ്ടെന്നും പല മേഖലകളിലും വ്യക്തമായ പുരോഗതി ഉണ്ടായിട്ടുണ്ടെന്നും വിശ്വസിക്കുന്നു. കുടുംബത്തിലും സമൂഹത്തിലും സ്ത്രീകളുടെ പങ്കിനെ ഇതു നേരിട്ടു സ്വാധീനിച്ചിട്ടുണ്ട്. അവിടെ സ്വയംഭരണത്തോടൊപ്പം, അവർ ഇപ്പോൾ നിർണായകമായ ചുമതലയുമായി കരുത്തോടെ മുന്നേറുന്നു...***

പ്രധാനമന്ത്രി ജൻ ധൻ യോജന സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തിനു കരുത്തേകിയിട്ടുണ്ട്. അതേസമയം പിഎം മുദ്ര യോജന, സ്റ്റാൻഡ് അപ്പ് ഇന്ത്യ, സ്വയംസഹായസംഘങ്ങൾ തുടങ്ങിയ പദ്ധതികൾ അവരെ സാമ്പത്തികമായി ശാക്തീകരിച്ചു. സ്ത്രീശാക്തീകരണത്തിനായുള്ള ഈ സംരംഭങ്ങൾ രാജ്യത്തിന്റെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുന്നതിനും അവരുടെ കുടുംബങ്ങളുടെ ക്ഷേമം മെച്ചപ്പെടുത്തുന്നതിനും സഹായിച്ചിട്ടുണ്ട്. പ്രധാൻമന്ത്രി ജൻ ധൻ അക്കൗണ്ട് സ്ത്രീകളെ വിവേകപൂർവം പണമിടപാടുകൾ കൈകാര്യം ചെയ്യാൻ ശാക്തീകരിച്ചിട്ടുണ്ടെങ്കിലും, സ്വയംസഹായസംഘങ്ങൾ വിദ്യാഭ്യാസം, ആരോഗ്യം, സമൂഹവികസനം എന്നിവയിൽ നിക്ഷേപിക്കുന്നതിൽ അവരുടെ ശ്രദ്ധ കേന്ദ്രീകരിച്ചു. വായ്പയിലും വിദ്യാഭ്യാസത്തിലും സ്ത്രീകൾക്കു തുല്യ പ്രവേശനം ലഭിക്കുന്നത് അവരുടെ അഭിലാഷങ്ങളെ നേട്ടങ്ങളാക്കി മാറ്റുന്നു. ജൻ ധൻ യോജനയിലെ അക്കൗണ്ടുകളിൽ 55 ശതമാനത്തിലധികവും, പിഎം മുദ്ര യോജനയിലെ ഏകദേശം 70 ശതമാനവും, സ്റ്റാൻഡ് അപ്പ് ഇന്ത്യയിലെ ഗുണഭോക്താക്കളിൽ 82 ശതമാനത്തിലധികവും സ്ത്രീകളാണെന്നത് ഇതിന്റെ സജീവമായ ഉദാഹരണമാണ്.




## വായ്പ തേടുന്ന വനിതകളുടെ എണ്ണത്തിൽ മൂന്ന് മടങ്ങ് വർദ്ധന



**വായ്പ ആവശ്യകതയിൽ വർദ്ധന :** 2019 നും 2024 നും ഇടയിൽ വായ്പ തേടുന്ന സ്ത്രീകളുടെ എണ്ണം മൂന്നിരട്ടിയായി. ഇത് വർദ്ധിച്ചുവരുന്ന സാമ്പത്തിക പങ്കാളിത്തത്തെയും സ്വാതന്ത്ര്യത്തെയും സൂചിപ്പിക്കുന്നു.

### ഇന്ത്യയുടെ വളർച്ചാ കഥയിൽ സ്ത്രീകളുടെ പങ്ക്

സ്ത്രീകൾ അവരുടെ വായ്പ സ്ഥിതി നിരീക്ഷിക്കുന്നു (ദശലക്ഷക്കണക്കിന്)




ഉറവിടം: WEP (NITI ആയോഗ്), ട്രാൻസ് യൂണിയൻ സിബിൽ, മൈക്രോസേവ് കൺസൾട്ടിംഗ് സംയുക്ത റിപ്പോർട്ട്

**ഗ്രാമീണ, അർദ്ധനഗര പ്രദേശങ്ങൾ**
സ്ത്രീ വായ്പക്കാരിൽ മൂന്നിൽ രണ്ട് ഭാഗവും മെട്രോപൊളിറ്റൻ പ്രദേശങ്ങളിൽ നിന്നുള്ളവരല്ല.ഇത് നഗര കേന്ദ്രങ്ങളിൽ കൂടുതൽ ആഴത്തിലുള്ള സാമ്പത്തിക ഉൾപ്പെടുത്തലിന് അടിവരയിടുന്നു.

**വായ്പാ അവബോധത്തിലെ വർദ്ധന:** മെട്രോപൊളിറ്റൻ ഇതര പ്രദേശങ്ങളിലെ സ്ത്രീകൾ, അവരുടെ സംസ്ഥാനത്തെ മെട്രോപൊളിറ്റൻ നഗരങ്ങളിൽ താമസിക്കുന്ന സ്ത്രീകളെ അപേക്ഷിച്ച്, അവരുടെ വായ്പാ നിരീക്ഷണത്തിൽ കൂടുതൽ മുൻകൈയെടുക്കുന്നു.


**സ്വയം നിരീക്ഷണത്തിലെ വർദ്ധന :** മെട്രോകളിലെ 30% വർദ്ധനയുമായി താരതമ്യപ്പെടുത്തുമ്പോൾ മെട്രോപൊളിറ്റൻ ഇതര പ്രദേശങ്ങളിലെ 48% വർദ്ധന, സാമ്പത്തിക സാക്ഷരതയിലും ഉത്തരവാദിത്വത്തിലുമുള്ള മാറ്റത്തെ പ്രതിഫലിപ്പിക്കുന്നു.

## വനിതാ വായ്പക്കാരുടെ ക്രെഡിറ്റ് സ്കോറിൽ പുരോഗതി

**62%** തങ്ങളുടെ വായ്പ സ്ഥിതി നിരീക്ഷിക്കുന്ന സ്ത്രീകളും പ്രൈം ബാൻഡിലോ അതിനു മുകളിലോ ആണ്

**മികച്ച വായ്പാ രീതികൾ സ്ഥിരമായി പിന്തുടർന്ന് വായ്പ സജീവമായി കൈകാര്യം ചെയ്യുന്നതിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. ഇത് വനിതാ വായ്പക്കാരിൽ വായ്പ സ്ഥിതി വളർത്തിയെടുക്കാൻ സഹായിച്ചു.**

**പ്രാദേശിക വായ്പ:** ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ 1.02 കോടി സ്ത്രീകൾ സ്വയം വായ്പാ നിരീക്ഷണം നടത്തുന്നതിൽ മുന്നിലാണ്. അതേസമയം രാജസ്ഥാൻ, ഉത്തർപ്രദേശ്, മധ്യപ്രദേശ് എന്നിവയാണ് സജീവ വനിതാ വായ്പക്കാരുടെ എണ്ണത്തിൽ ഏറ്റവും ഉയർന്ന വളർച്ച കൈവരിച്ചത്.




ഉറവിടം: WEP (NITI ആയോഗ്), ട്രാൻസ് യൂണിയൻ സിബിൽ, മൈക്രോസേവ് കൺസൾട്ടിംഗ് സംയുക്ത റിപ്പോർട്ട്

സ്ത്രീകളുടെ മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്തുന്ന ഒരു രാഷ്ട്രം ആഗോളതലത്തിൽ അതിന്റെ സാന്നിധ്യം വർദ്ധിപ്പിക്കുക മാത്രമല്ല, നിക്ഷേപം ആകർഷിക്കുകയും അന്താരാഷ്ട്ര സഹകരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.


2014 ന് മുമ്പ് ശാക്തീകരണ പദ്ധതികൾ ചുവപ്പുനാടയുടെയും വ്യവസ്ഥാപരമായ അവഗണനയുടെയും കുടുക്കിൽ ആയിരുന്നപ്പോൾ പുതിയ നേതൃത്വത്തിന്റെ ദർശനവും പ്രവർത്തന ശൈലിയും സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തെയും ഉൾപ്പെടുത്തലിനെയും ഫയലുകളിൽ നിന്നും വാചാടോപങ്ങളിൽ നിന്നും മാറ്റി യാഥാർത്ഥ്യമാക്കി. വായ്പ എടുക്കുന്നവർ എന്ന നിലയിൽ, സ്ത്രീകൾ സാമ്പത്തിക നേതാക്കളായി ഉയർന്നുവരുന്നു. ലക്ഷ്യമിട്ട സംരംഭങ്ങളിലൂടെ, സ്ത്രീകൾക്ക് കൂടുതൽ സാമ്പത്തിക സ്വാതന്ത്ര്യം ലഭിച്ചു. സംരംഭക അവസരങ്ങൾ വികസിപ്പിച്ചു. വായ്പയിലേക്കുള്ള പ്രവേശനം മെച്ചപ്പെട്ടു. ഇത് ഇന്ത്യയുടെ സാമ്പത്തിക പുരോഗതിയെയും ആഗോള മത്സര ക്ഷമതയെയും ഗണ്യമായി വർദ്ധിപ്പിച്ചു.

## ജനറേഷൻ ഇസെഡിന്റെ വർദ്ധിച്ച വിഹിതം

സ്വയം നിരീക്ഷണ വായ്പകളിൽ ജനറേഷൻ ഇസെഡിലെ സ്ത്രീകളുടെ പങ്ക്




## സന്തുലിതമായ വായ്പാശേഷി




ഉറവിടം: WEP (നിതി ആയോഗ്), ട്രാൻസ് യൂണിയൻ സിബിൽ, മൈക്രോസേവ് കൺസൾട്ടിംഗ് സംയുക്ത റിപ്പോർട്ട്

സ്ത്രീകൾ നയിക്കുന്ന ഒടങ്ങളകൾ ഇന്ത്യയുടെ വ്യാവസായിക അടിത്തറ വൈവിധ്യവൽക്കരിക്കുകയും വിതരണ ശൃംഖലകളും കയറ്റുമതി സാധ്യതകളും വർദ്ധിപ്പിക്കുകയും ചെയ്തു.



## ഇവയും നേട്ടങ്ങളാണ്:

**വർദ്ധിച്ച കുടുംബക്ഷേമം:** മെച്ചപ്പെട്ട ജീവിത നിലവാരം കാരണം കുടുംബക്ഷേമം മെച്ചപ്പെടുന്നു,അടുത്ത തലമുറയുടെ സാധ്യതകൾ വർദ്ധിക്കുന്നു

**സാമ്പത്തിക ശക്തി :** വൈവിധ്യമാർന്ന പങ്കാളിത്തം സാമ്പത്തിക ആഘാതങ്ങളെയും മാന്ദ്യങ്ങളെയും നേരിടാൻ കഴിവുള്ള കൂടുതൽ ശക്തവും കരുത്തുറ്റതുമായ സാമ്പത്തിക ഘടനയ്ക്ക് സംഭാവന നൽകുന്നു.

**സംരംഭകത്വ വികസനം :** മേഖലകളിലുടനീളം നൂതനാശയം, തൊഴിലവസര സൃഷ്ടി, വൈവിധ്യവൽക്കരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നു.

**നയ വികസനം :** സാമ്പത്തിക മേഖലകളിലെ സ്ത്രീകളുടെ വിജയം നയരൂപകർത്താക്കളെ കൂടുതൽ ഉൾക്കൊള്ളുന്ന നയങ്ങൾ സൃഷ്ടിക്കുന്നതിൽ സ്വാധീനിക്കുന്നു.ഇത് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് കൂടുതൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നു.

**ആഗോള മത്സരശേഷി :** സ്ത്രീകളുടെ കഴിവും സാധ്യതകളും ഉപയോഗപ്പെടുത്തുന്ന ഒരു രാഷ്ട്രം ആഗോളതലത്തിൽ അതിന്റെ മത്സരശേഷി വർദ്ധിപ്പിക്കുന്നു. നിക്ഷേപങ്ങൾ ആകർഷിക്കുന്നു, അന്താരാഷ്ട്ര സഹകരണം പ്രോത്സാഹിപ്പിക്കുന്നു.

2024 മാർച്ചിൽ നീതി ആയോഗും ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനിയായ ട്രാൻസ്‌യൂണിയൻ സിബിൽ സ്റ്റഡിയും നടത്തിയ ഒരു പഠനത്തിൽ, കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളിൽ സ്ത്രീശക്തിയുടെ വർദ്ധിച്ചുവരുന്ന പങ്ക് രാജ്യത്തിന്റെ സാമ്പത്തിക വികസന കഥയിലെ ഒരു നാഴികക്കല്ലായി കണക്കാക്കപ്പെടുന്നു. 'കടം വാങ്ങുന്നവരിൽ നിന്ന് നിർമ്മാതാക്കളിലേക്ക്: ഇന്ത്യയുടെ സാമ്പത്തിക വളർച്ചാ ഗാഥയിൽ സ്ത്രീകളുടെ പങ്ക്' എന്ന ശീർഷകത്തിൽ പുറത്തിറക്കിയ ഈ റിപ്പോർട്ട് അനുസരിച്ച്, ഒരിക്കൽ ദുർബലമാക്കപ്പെട്ടിരുന്ന സ്ത്രീ തൊഴിൽ ശക്തി ശക്തമായ ഒരു സാമ്പത്തിക സ്തംഭമായി ഉയർന്നുവന്നിരിക്കുന്നു.

രാജ്യത്തിന്റെ വികസനത്തിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. ഇതിന് പിന്നിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള സ്ത്രീകേന്ദ്രീകൃത നയങ്ങളാണ്. അവ രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിയുടെ ഒരു പ്രധാന മാധ്യമമായി മാറുന്നു. ഈ മാറ്റം ശാക്തീകരണത്തിനപ്പുറം ഇന്ത്യയുടെ സാമ്പത്തിക ശക്തിയെ പുനർനിർവചിച്ചു. നിഷ്ക്രിയമായ വായ്പാ ഉപയോക്താക്കളിൽ നിന്ന് സാമ്പത്തികമായി അവബോധമുള്ള, വായ്പ-സാമർത്ഥ്യമുള്ള പങ്കാളികളായി സ്ത്രീകൾ പരിണമിച്ചു. അവർ രാജ്യത്തിന്റെ വളർച്ചാ പാതയെ സജീവമായി രൂപപ്പെടുത്തുന്നു.

# കർഷകർക്കായി ഇ -നാം
# ഒരു രാജ്യം ഒരു വിപണി



*ഉത്തർപ്രദേശിൽ നിന്നുള്ള കർഷകനായ രാംകിഷോർ മുമ്പ് തന്റെ ഉരുളക്കിഴങ്ങ് വിൽക്കാൻ അടുത്തുള്ള മാണ്ടിയിൽ പോകാറുണ്ടായിരുന്നു. ഭാഗ്യമുണ്ടെങ്കിൽ ന്യായമായ വില ലഭിക്കുമായിരുന്നു; ഇല്ലെങ്കിൽ ഇടനിലക്കാരനെ ആശ്രയിക്കേണ്ടി വന്നു. ഇപ്പോൾ യുപി മുതൽ ഹരിയാന, പഞ്ചാബ്, ഡൽഹി വരെയുള്ള മാണ്ടികളിലെ വില അദ്ദേഹത്തിന് മൊബൈലിൽ കാണാൻ കഴിയും. രാജ്യമെമ്പാടുമുള്ള വ്യാപാരികൾക്ക് അദ്ദേഹത്തിന്റെ വിളയ്ക്ക് ലേലം വിളിക്കാൻ കഴിയും, ഇത് മികച്ച ഓഫർ തെരഞ്ഞെടുക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കുന്നു. ഈ പ്ലാറ്റ്ഫോം രാംകിഷോറിന് തന്റെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിൽ കൂടുതൽ ശക്തി നൽകി. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പ്രധാന സംവിധാനമായി ഇ-നാം മാറിയിരിക്കുന്നു.*

ഇന്ത്യയുടെ ജിഡിപിയിൽ 18 ശതമാനത്തിലധികം സംഭാവന ചെയ്യുന്നത് കാർഷിക മേഖലയാണ്. കൂടാതെ രാജ്യത്തെ ജനസംഖ്യയുടെ പകുതിയോളം പേർക്ക് തൊഴിൽ നൽകുകയും ചെയ്യുന്നു. ഇ-നാം രാജ്യത്തെ അന്തർസംസ്ഥാന കാർഷിക വിപണിയിലേക്ക് പ്രവേശനം സാധ്യമാക്കും. ഇത്തവണ വിള നല്ലതായിരിക്കുമെന്നും ജീവിത യാത്ര മെച്ചപ്പെടുമെന്നും പ്രതീക്ഷിക്കുന്ന കർഷകരുടെ കഠിനാധ്വാനമാണ് ഈ ശക്തമായ കണക്കുകളുടെ അടിത്തറ പാകിയത്.

കർഷകരുടെ ഈ പ്രതീക്ഷയുടെ സാക്ഷാത്കാരം 2016 ഏപ്രിൽ 14 ന് ദേശീയ കാർഷിക വിപണി ഇ-നാമിന്റെ രൂപത്തിൽ ആരംഭിച്ചു. 'ഒരു രാഷ്ട്രം, ഒരു കാർഷിക വിപണി' എന്ന ആശയത്തെ അടിസ്ഥാനമാക്കി, പ്രധാനമന്ത്രി നരേന്ദ്ര മോദി 21 മാണ്ടികളെ ബന്ധിപ്പിച്ചുകൊണ്ട് ഇ-നാം പ്ലാറ്റ്ഫോം ആരംഭിച്ചു. കാർഷിക ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട മത്സര വിപണിയുടെ നേട്ടം ഇടനിലക്കാർക്ക് പകരം രാജ്യത്തെ ഭക്ഷ്യ ഉൽപാദകർക്ക് നേരിട്ട് ലഭ്യമാക്കുന്നതിനാണ് ഈ സംവിധാനം. ഇ-നാം യഥാർത്ഥത്തിൽ ഒരു ഓൺലൈൻ വ്യാപാര പ്ലാറ്റ്ഫോമാണ്. ഇത് കർഷകർക്ക് മികച്ച വില ലഭിക്കാൻ സഹായിക്കുന്നു. ഇ-നാം വഴി, കാർഷിക ഉൽപന്ന മാണ്ടികൾ ഡിജിറ്റലായി ബന്ധിപ്പിച്ചിരിക്കുന്നതിനാൽ കർഷകന് ഏറ്റവും ഉയർന്ന വില ലഭിക്കുന്നിടത്ത്, ഏറ്റവും ഉയർന്ന ലേലം ലഭിക്കുന്നിടത്ത് തന്റെ വിള വിൽക്കാൻ കഴിയും. ഇന്ന്, 27 സംസ്ഥാനങ്ങളിലെ 1,466 മാണ്ടികൾ ഇ-നാമുമായി ബന്ധിപ്പിച്ചിരിക്കുന്നു. ഒരു നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ 231 തരം സാധനങ്ങൾ പ്ലാറ്റ്ഫോമിൽ വിൽക്കുന്നു. കൂടാതെ 4 ലക്ഷം കോടിയിലധികം രൂപയുടെ വിറ്റുവരവ് ഇവിടെ നടന്നിട്ടുണ്ട്.

## ഇ-നാം അന്തർസംസ്ഥാന കാർഷിക വിപണിയിലേക്കുള്ള പ്രവേശനം സുഗമമാക്കും.

അന്തർസംസ്ഥാന, അന്തർവിപണി വ്യാപാരത്തിൽ കർഷകർക്കുള്ള ഏറ്റവും വലിയ തടസ്സം ചരക്ക് നീക്കമാണ് . ഈ തടസ്സം നീക്കി ഇ-നാം പ്ലാറ്റ്ഫോം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്, കേന്ദ്ര ഗവൺമെന്റ് ഇതിനെ ഇ-നാം 2.0 ലേക്ക് പരിഷ്കരിക്കാൻ തീരുമാനിച്ചു. ഈ പ്ലാറ്റ്ഫോം കൂടുതൽ ശക്തവും ഉപയോക്തൃ സൗഹൃദവും ഉൾക്കൊള്ളുന്നതും വിപുലീകരിക്കാവുന്നതും തുറന്ന ശൃംഖലയുമായി ബന്ധപ്പെട്ടതുമാണ്. ചരക്ക് നീക്കത്തിനുള്ള സേവന ദാതാക്കൾ, ബാങ്ക് അക്കൗണ്ട് സ്ഥിരീകരണം, ആധാർ ഉപയോഗിച്ചുള്ള ഇ-കെവൈസി എന്നിവ ഉൾപ്പെടുത്താനുള്ള സൗകര്യം ഇതിലുണ്ട്.


### ഇപ്പോൾ കർഷകർക്കായി 5.5 മടങ്ങ് ബജറ്റ്




**ആരെല്ലാം ഇ – നാമിൽ ബന്ധപ്പെട്ടിരിക്കുന്നു**

| | |
|---|---|
| സംസ്ഥാനം | 27 |
| വ്യാപാരികൾ | 2,64,111 |
| കമ്മീഷൻ ഏജന്റുമാർ | 1,14,942 |
| സേവന ദാതാക്കൾ | 79 |
| കർഷക സംഘടനകൾ | 4,389 |
| കർഷകർ | 1,78,77,555 |

**ആകെ**
**1,82,61,076**




ബജറ്റിന് ശേഷം പങ്കാളികളുമായുള്ള സംഭാഷണം

# വികസിത ഭാരതം നിർമ്മിക്കുന്നതിനുള്ള പാത

***പഴഞ്ചൻ മാതൃകകൾ ഇല്ലാതാക്കുന്നതിന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശസ്തനാണ്. രാജ്യത്തിന്റെ താൽപ്പര്യത്തിനനുസരിച്ച് നയങ്ങളെ ദൃഢനിശ്ചയങ്ങളാക്കി മാറ്റുന്നതിൽ അദ്ദേഹം ഉറച്ചുനിൽക്കുന്നു. വർഷങ്ങളായി രാജ്യത്ത് തുടർന്നുവന്നിരുന്ന പഴയ രീതികൾ മാറ്റിമറിച്ചുകൊണ്ട്, അദ്ദേഹം പുതിയ മാനദണ്ഡങ്ങൾ സ്ഥാപിച്ചു, അതിലൂടെ രാജ്യം ഇപ്പോൾ ഒരു വികസിത രാഷ്ട്രമായി മാറാനുള്ള പാതയിലേക്ക് പ്രവേശിച്ചു. ഒരു മാസം മുമ്പേ പൊതു ബജറ്റ് അവതരിപ്പിക്കാനുള്ള ശ്രമങ്ങൾ ആണെങ്കിലും ബജറ്റിന് ശേഷം ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള സംരംഭമാണെങ്കിലും, രാജ്യത്തെ പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന തരത്തിൽ പങ്കാളികളെ ബന്ധിപ്പിച്ചുകൊണ്ട് ബജറ്റ് വെബിനാറുകളിലൂടെ പ്രധാനമന്ത്രി മോദി ഒരു പുതിയ പാരമ്പര്യം ആരംഭിച്ചു. 2021 ൽ ബജറ്റാനന്തര ചർച്ചകൾ ആരംഭിച്ചതിനുശേഷം അഞ്ചാം വർഷത്തിൽ, അദ്ദേഹം 4 വെബിനാറുകളിലൂടെ പങ്കാളികളുമായി നേരിട്ട് സംവദിച്ചു...***

കഴിഞ്ഞ 10 വർഷമായി പരിഷ്കരണം, സാമ്പത്തിക അച്ചടക്കം, സുതാര്യത, എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനം എന്നിവയോട് ഇന്ത്യ തുടർച്ചയായ പ്രതിജ്ഞാബദ്ധത കാണിക്കുന്നു. അതിനാൽ ഇത്തവണ പൊതു ബജറ്റ് നയങ്ങളിലെ തുടർച്ചയെയും ഒരു വികസിത ഭാരതത്തിന്റെ ദർശനത്തെയും വ്യക്തമായി പ്രതിഫലിപ്പിക്കുന്നു. പൊതു ബജറ്റിനൊപ്പം, മാർച്ച് 1 മുതൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ബജറ്റ് വെബിനാറുകൾ വഴി വിവിധ മേഖലകളിൽ നിന്നുള്ള പങ്കാളികളുമായി സംഭാഷണം ആരംഭിച്ചു. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ആവശ്യമുള്ള എല്ലാവർക്കും ആനുകൂല്യങ്ങൾ എത്തിക്കുന്നതിനുമായി, കൃഷി, തൊഴിൽ, വ്യവസായ-ബിസിനസ്സ്, വിദ്യാഭ്യാസം, ആരോഗ്യം, സാങ്കേതികവിദ്യ, അടിസ്ഥാന സൗകര്യങ്ങൾ, നിക്ഷേപം എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രധാനമന്ത്രി മോദി വെബിനാറുകൾ നടത്തിവരികയാണ്. കൃഷിയും ഗ്രാമീണ അഭിവൃദ്ധിയും എന്ന വിഷയത്തിൽ സംഘടിപ്പിച്ച വെബിനാറിൽ, പ്രധാനമന്ത്രി മോദി ഇതിനെ ഇന്ത്യയുടെ വികസനത്തിന്റെ ആദ്യ എഞ്ചിൻ എന്ന് വിശേഷിപ്പിക്കുകയും ഗ്രാമങ്ങളുടെ സമൃദ്ധിയുടെ പ്രാധാന്യം അടിവരയിടുകയും ചെയ്തു. കഴിഞ്ഞ 10 വർഷമായി ഈ ദിശയിൽ കേന്ദ്ര ഗവണ്മെന്റ് നടത്തിയ ശ്രമങ്ങൾക്കൊപ്പം, 2025-26 വർഷത്തെ പൊതു ബജറ്റിൽ ഈ മേഖലയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ നടപ്പിലാക്കാനുള്ള പ്രതിജ്ഞാബദ്ധതയും അദ്ദേഹം പ്രകടിപ്പിച്ചു.

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെക്കുറിച്ച് സംഘടിപ്പിച്ച ഒരു വെബിനാറിൽ, കഴിഞ്ഞ 10 വർഷമായി ഇന്ത്യ പരിഷ്കരണം, സാമ്പത്തിക അച്ചടക്കം, സുതാര്യത, എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനം എന്നിവയോടുള്ള തുടർച്ചയായ പ്രതിജ്ഞാബദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.



ഇതിന്റെ ഫലമായി, ഇന്ന് ലോകത്തിലെ എല്ലാ രാജ്യങ്ങളും ഇന്ത്യയുമായുള്ള സാമ്പത്തിക പങ്കാളിത്തം ശക്തിപ്പെടുത്താൻ ആഗ്രഹിക്കുന്നു.വരും വർഷങ്ങളിലും ഈ തുടർച്ചയ്ക്ക് വേഗത കൈവരിക്കുമെന്ന് ഉൽപ്പാദന, കയറ്റുമതി മേഖലകളുമായി ബന്ധപ്പെട്ട എല്ലാ പങ്കാളികൾക്കും അദ്ദേഹം ഉറപ്പ് നൽകി. മറുവശത്ത്, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനെ കേന്ദ്രബിന്ദുവായി നിലനിർത്തിക്കൊണ്ട്, ബജറ്റിലെ വ്യവസ്ഥകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനിടെ, പൗരന്മാരിൽ നിക്ഷേപിക്കുന്നതിനുള്ള സമീപനം വിദ്യാഭ്യാസം, വൈദഗ്ദ്ധ്യം, ആരോഗ്യം എന്നീ മൂന്ന് സ്തംഭങ്ങളിൽ നിലകൊള്ളുന്നുവെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. 'പൗരന്മാരിലെ നിക്ഷേപം, സമ്പദ്‌വ്യവസ്ഥ, നൂതനാശയം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ഒരു വെബിനാറിൽ, വികസിത ഭാരതത്തിന്റെ കർമ്മ പദ്ധതിയെ നിർവചിക്കുന്ന ഒരു വിഷയമാണിതെന്ന് അദ്ദേഹം പറഞ്ഞു.

വെബിനാറിലൂടെ നേരിട്ടുള്ള സംഭാഷണത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി വിവിധ മേഖലകൾക്കായുള്ള ബജറ്റ് വ്യവസ്ഥകളും അവയുടെ ഫലപ്രദമായ നിർവഹണവും ചൂണ്ടിക്കാട്ടുകയും കഴിഞ്ഞ 10 വർഷമായി ഗവൺമെന്റ് നടത്തിയ ശ്രമങ്ങളെ എടുത്തുപറയുകയും ചെയ്തു. പ്രധാനമന്ത്രി മോദിയുടെ സംഭാഷണത്തിന്റെ എഡിറ്റ് ചെയ്ത ഭാഗങ്ങൾ വായിക്കുക...

## കൃഷിയും ഗ്രാമീണ അഭിവൃദ്ധിയും ഇന്ത്യയുടെ വികസനത്തിന്റെ പാതയായി മാറും

പ്രധാൻ മന്ത്രി കിസാൻ സമ്മാൻ നിധി യോജനയെക്കുറിച്ച് പരാമർശിക്കവേ, ഈ പദ്ധതി 6 വർഷം മുമ്പ് നടപ്പിലാക്കിയതാണെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു.

**3.75** **പദ്ധതി പ്രകാരം ഇതുവരെ ലക്ഷം കോടി രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്.**

ഈ തുക ഏകദേശം 11 കോടി കർഷകരുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് കൈമാറി.



**ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാനമന്ത്രി ധൻ ധാന്യ കൃഷി യോജനയെക്കുറിച്ച് പരാമർശിക്കവേ, രാജ്യത്തെ ഏറ്റവും കുറഞ്ഞ കാർഷിക ഉൽപ്പാദനക്ഷമതയുള്ള**

**100** ജില്ലകളിലെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഇത് സഹായകമാകുമെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു.

ഇത് ഈ 100 ജില്ലകളിലെയും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ സഹായിക്കും

ഗവൺമെന്റിന്റെ ശ്രമഫലമായി, 10-11 വർഷം മുമ്പ് ഏകദേശം 265 ദശലക്ഷം ടൺ ആയിരുന്ന കാർഷികോൽപ്പാദനം ഇപ്പോൾ 330 ദശലക്ഷം ടണ്ണിലധികം വർദ്ധിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. ഹോർട്ടികൾച്ചർ ഉൽപ്പാദനം 350 ദശലക്ഷം ടണ്ണിലധികം വർദ്ധിച്ചു. വിത്തിൽ നിന്ന് വിപണിയിലേക്ക് എന്ന ഗവൺമെന്റിന്റെ ചിന്തയുടെ ഫലമാണിത്.

പയർവർഗ്ഗ ഉൽപാദനത്തിൽ ആഭ്യന്തര ഉപഭോഗത്തിന്റെ 20 ശതമാനം ഇപ്പോഴും വിദേശ രാജ്യങ്ങളെ ആശ്രയിച്ചിരിക്കുന്നുവെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. പയർവർഗ്ഗ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പയറിന്റെയും ഉഴുന്നിന്റെയും ഉൽപാദനത്തിൽ രാജ്യം സ്വയംപര്യാപ്തത കൈവരിച്ചു.

- പുതിയ ഇനം വിളകളുടെ വികസനത്തെക്കുറിച്ച് സംസാരിക്കവെ, കഴിഞ്ഞ ദശകത്തിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ആധുനിക ഉപകരണങ്ങളും അത്യാധുനിക സാങ്കേതികവിദ്യയും ഉപയോഗിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. 2014 നും 2024 നും ഇടയിൽ ധാന്യങ്ങൾ, എണ്ണക്കുരുക്കൾ, പയർവർഗ്ഗങ്ങൾ, കാലിത്തീറ്റ, കരിമ്പ് എന്നിവയുൾപ്പെടെ വിവിധ വിളകളിലായി 2,900 ലധികം പുതിയ ഇനങ്ങൾ വികസിപ്പിക്കാൻ ഇത് കാരണമായി.
- സ്വാതന്ത്ര്യലബ്ധിക്കുശേഷം മത്സ്യബന്ധന മേഖലയിലെ ഏറ്റവും വലിയ നിക്ഷേപത്തിനായി 2019 ൽ ആരംഭിച്ച പ്രധാൻ മന്ത്രി മത്സ്യ സമ്പദാ യോജനയെക്കുറിച്ച് പരാമർശിക്കുമ്പോൾ, മത്സ്യബന്ധന മേഖലയിലെ ഉൽപാദനം, ഉൽപ്പാദനക്ഷമത, പരിപാലനം എന്നിവ മെച്ചപ്പെടുത്താൻ ഇത് സഹായിച്ചതായി പ്രധാനമന്ത്രി പറഞ്ഞു. ഇന്ന്, രാജ്യത്ത് മത്സ്യ ഉൽപാദനവും കയറ്റുമതിയും ഇരട്ടിയായി.

*സമ്പന്നമായ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിലേക്കുള്ള ഇന്ത്യയുടെ ശ്രമങ്ങളെക്കുറിച്ച് സംസാരിക്കവെ, പ്രധാനമന്ത്രി ആവാസ് യോജന -ഗ്രാമീൺ പ്രകാരം കോടിക്കണക്കിന് ദരിദ്രർക്ക് വീടുകൾ നൽകുന്നുണ്ടെന്നും, സ്വാമിത്വ പദ്ധതിയിലൂടെ സ്വത്ത് ഉടമകൾക്ക് 'അവകാശ രേഖ' ലഭിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി മോദി പറഞ്ഞു. 3 കോടി ലഖ്പതി ദീദികളെ സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം. 1.25 കോടിയിലധികം സഹോദരിമാർ ലഖ്പതി ദീദികളായി മാറിയിരിക്കുന്നു.*



# തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം, സമ്പദ്‌വ്യവസ്ഥ

***വിദ്യാഭ്യാസം, ശക്തമായ ആരോഗ്യ സംവിധാനം, തൊഴിലവസരങ്ങൾ എന്നിവയാണ് ഏതൊരു രാജ്യത്തിന്റെയും സമ്പദ്‌വ്യവസ്ഥയുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങൾ. നിക്ഷേപത്തിൽ അടിസ്ഥാന സൗകര്യങ്ങൾക്കും വ്യവസായങ്ങൾക്കും നൽകുന്ന അതേ മുൻഗണന പൗരന്മാർക്കും സമ്പദ്‌വ്യവസ്ഥയ്ക്കും നൂതനാശയത്തിനും നൽകിയിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഈ മേഖലകളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും അദ്ദേഹം തന്റെ ചിന്തകൾ പങ്കുവെച്ചു...***



- ശേഷി വികസനത്തിനും പരിപോഷണത്തിനുമുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. ഇത് രാജ്യത്തിന്റെ പുരോഗതിയുടെ അടിത്തറയായി പ്രവർത്തിക്കുന്നു.
- പൊതുജനങ്ങൾക്കുള്ള നിക്ഷേപത്തിന്റെ വീക്ഷണം മൂന്ന് സ്തംഭങ്ങളിൽ നിലകൊള്ളുന്നു - വിദ്യാഭ്യാസം, വൈദഗ്ദ്ധ്യം, ആരോഗ്യ സംരക്ഷണം!
- ദേശീയ വിദ്യാഭ്യാസ നയം, ഐഐടികളുടെ വികാസം, വിദ്യാഭ്യാസ സമ്പ്രദായത്തിൽ സാങ്കേതികവിദ്യയുടെ സംയോജനം, നിർമിത ബുദ്ധി എന്നിവ അതിന്റെ പൂർണ്ണ ശേഷിയിൽ ഉപയോഗിക്കുന്നു. പാഠപുസ്തകങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നു. 22 ഇന്ത്യൻ ഭാഷകളിൽ അധ്യാപന സാമഗ്രികൾ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രാഥമികമായി നടക്കുന്നു.

**3** 2014 മുതൽ കേന്ദ്ര ഗവൺമെന്റ് കോടിയിലധികം യുവജനങ്ങൾക്ക് നൈപുണ്യ പരിശീലനം നൽകിയിട്ടുണ്ട്.

- 1,000 ഐടിഐകൾ ഉയർന്ന നിലവാരത്തിലേക്ക് ഉയർത്താനും 5 മികവിന്റെ കേന്ദ്രങ്ങൾ സൃഷ്ടിക്കാനും തീരുമാനിച്ചു.
- വ്യവസായിക ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന തരത്തിൽ യുവജനങ്ങൾക്ക് പരിശീലനം നൽകുക എന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം.
- യുവജനങ്ങൾക്ക് പുതിയ അവസരങ്ങളും പ്രായോഗിക കഴിവുകളും നൽകുന്നതിനായി പിഎം ഇന്റേൺഷിപ്പ് പദ്ധതി ആരംഭിച്ചു.
- 10,000 അധിക മെഡിക്കൽ സീറ്റുകൾ പ്രഖ്യാപിക്കും. അടുത്ത 5 വർഷത്തിനുള്ളിൽ മെഡിക്കൽ കോളേജുകളിൽ 75,000 സീറ്റുകൾ കൂടി കൂട്ടിച്ചേർക്കാൻ ലക്ഷ്യമിടുന്നു. എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ടെലിമെഡിസിൻ സൗകര്യം വിപുലീകരിക്കും.
- ഡേ-കെയർ കാൻസർ സെന്റർ - ഡിജിറ്റൽ ആരോഗ്യ സംരക്ഷണത്തിലൂടെ ഗുണനിലവാരമുള്ള ആരോഗ്യ സംരക്ഷണം എല്ലാവരിലും എത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.



- 2047 ആകുമ്പോഴേക്കും ഇന്ത്യയിലെ നഗര ജനസംഖ്യ ഏകദേശം 90 കോടിയാകുമെന്ന് കണക്കാക്കപ്പെടുന്നു. ഈ വലിയ ജനസംഖ്യയ്ക്ക് ആസൂത്രിതമായ നഗരവൽക്കരണം ആവശ്യമാണ്. ഇതിനായി, ഒരു ലക്ഷം കോടി രൂപയുടെ അർബൻ ചലഞ്ച് ഫണ്ട് സൃഷ്ടിക്കുന്നതിനുള്ള ഒരു സംരംഭം ഏറ്റെടുത്തിട്ടുണ്ട്.
- ടൂറിസം മേഖല ജിഡിപിയിലേക്ക് 10% വരെ സംഭാവന ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. കോടിക്കണക്കിന് യുവജനങ്ങൾക്ക് തൊഴിൽ നൽകാനുള്ള കഴിവ് ഈ മേഖലയ്ക്കുണ്ട്. അതിനാൽ, ഈ ബജറ്റിൽ, ആഭ്യന്തര, അന്തർദേശീയ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് നിരവധി തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

**50** വിനോദസഞ്ചാരത്തിൽ ശ്രദ്ധകേന്ദ്രീകരിച്ച് രാജ്യത്തുടനീളം കേന്ദ്രങ്ങൾ വികസിപ്പിക്കും. ഈ സ്ഥലങ്ങളിലെ ഹോട്ടലുകൾക്ക് അടിസ്ഥാന സൗകര്യ പദവി നൽകുന്നത് ടൂറിസത്തിന്റെ പാത സുഗമമാക്കുകയും പ്രാദേശിക തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യും.

- 'ഹീൽ ഇൻ ഇന്ത്യ', 'ലാൻഡ് ഓഫ് ബുദ്ധ' എന്നീ കാമ്പെയ്നുകളിലൂടെ ലോകമെമ്പാടുമുള്ള വിനോദസഞ്ചാരികൾ ആകർഷിക്കപ്പെടുന്നു.
- നിർമിത ബുദ്ധിയ്ക്ക് ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയിൽ നിരവധി ലക്ഷം കോടി രൂപ സംഭാവന ചെയ്യാൻ കഴിയും. അതിനാൽ,നിർമിത ബുദ്ധി അധിഷ്ഠിത വിദ്യാഭ്യാസത്തിനും നിർമിത ബുദ്ധി ശേഷി വികസിപ്പിക്കുന്നതിനായി ഇന്ത്യ നാഷണൽ ലാർജ് ലാംഗ്വേജ് മോഡൽ സ്ഥാപിക്കും.
- ഇന്ത്യ ഇപ്പോൾ ലോകത്തിലെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയാണ്. ഗവേഷണവും നൂതനാശയവും വർദ്ധിപ്പിക്കുന്നതിനായി ഒരു ലക്ഷം കോടി രൂപയുടെ സഞ്ചിത നിധി അംഗീകരിച്ചു.
- ഐഐടിയിലും ഐഐഎസ്സിയിലും 10,000 ഗവേഷണ ഫെലോഷിപ്പുകൾ അനുവദിച്ചിട്ടുണ്ട്. ഇത് ഗവേഷണത്തെ പ്രോത്സാഹിപ്പിക്കും. കഴിവുള്ള യുവജനങ്ങൾക്ക് അവസരം ലഭിക്കും.

# എം.എസ്.എം.ഇ.കൾ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചാ എഞ്ചിനുകളാണ്.

***ഉൽപ്പാദനം, കയറ്റുമതി, ആണവോർജ്ജ ദൗത്യം, നിയന്ത്രണം, നിക്ഷേപം, ബിസിനസ്സ് ചെയ്യുന്നതിനുള്ള എളുപ്പം എന്നിവയെക്കുറിച്ച് സംഘടിപ്പിച്ച ഒരു വെബിനാറിൽ, രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചാ എഞ്ചിനായി സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ (എം.എസ്.എം.ഇ) പ്രധാനമന്ത്രി മോദി വിശേഷിപ്പിച്ചു. കഴിഞ്ഞ 10 വർഷമായി ഈ മേഖലയ്ക്കായി കേന്ദ്ര ഗവണ്മെന്റ് നടത്തിയ ശ്രമങ്ങൾ ആവർത്തിച്ചു. പുതിയ ബജറ്റ് വ്യവസ്ഥകൾ ഉപയോഗിച്ച് ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്താനുള്ള തന്റെ ദൃഢനിശ്ചയവും അദ്ദേഹം പ്രകടിപ്പിച്ചു.***





രാജ്യത്തിനായി ഉൽപ്പാദനത്തിലും കയറ്റുമതിയിലും പുതിയ വഴികൾ തുറക്കാനും ധീരമായ നടപടികൾ കൈക്കൊള്ളാനും പ്രധാനമന്ത്രി മോദി വ്യവസായത്തെ പ്രോത്സാഹിപ്പിച്ചു.

ആദായനികുതിക്ക് ഗവണ്മെന്റ് ലളിതമായ വ്യവസ്ഥകൾ അവതരിപ്പിച്ചിട്ടുണ്ട്. ജൻ വിശ്വാസ് 2.0 ബില്ലിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

**കേന്ദ്ര, സംസ്ഥാന തലങ്ങളിൽ**

**40,000**

**ത്തിലധികം നടപടികൾ ഒഴിവാക്കി. ഇത് ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കി.**

സാമ്പത്തികേതര മേഖലയിലെ നിയമങ്ങൾ ആധുനികവും, വഴക്കമുള്ളതും, ജനസൗഹൃദവും, വിശ്വാസാധിഷ്ഠിതവുമാക്കുന്നതിന്, അവ അവലോകനം ചെയ്യുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചു.

- കോവിഡ് മഹാമാരി സമയത്ത്, ആഗോള സമ്പദ്‌വ്യവസ്ഥ മന്ദഗതിയിലായപ്പോൾ, ഇന്ത്യ ആഗോള വളർച്ച ത്വരിതപ്പെടുത്തി.
- നിലവിൽ, 14 മേഖലകൾ ഉത്പാദന ബന്ധിത ആനുകൂല്യ (പിഎൽഐ) പദ്ധതിയിൽ നിന്ന് പ്രയോജനം നേടുന്നു. ഈ പദ്ധതി പ്രകാരം 750-ലധികം യൂണിറ്റുകൾക്ക് അംഗീകാരം ലഭിച്ചു.
- ഇത് 1.5 ലക്ഷം കോടിയിലധികം രൂപയുടെ നിക്ഷേപത്തിനും, 13 ലക്ഷം കോടിയിലധികം രൂപയുടെ ഉൽപാദനത്തിനും, 5 ലക്ഷം കോടിയിലധികം രൂപയുടെ കയറ്റുമതിക്കും കാരണമായി.



- 2020-ൽ, 14 വർഷത്തിനുശേഷം എംഎസ്എംഇകളുടെ നിർവചനം പരിഷ്കരിക്കാൻ ഗവണ്മെന്റ് ഒരു സുപ്രധാന തീരുമാനം എടുത്തു. അതുവഴി പുതിയ മേഖലകളിലേക്ക് കടക്കുമ്പോൾ ഗവണ്മെന്റ് ആനുകൂല്യങ്ങൾ നഷ്ടപ്പെടുമെന്ന എംഎസ്എംഇകളുടെ ഭയം അവസാനിപ്പിച്ചു.

.



**രാജ്യത്തെ എംഎസ്എംഇകളുടെ എണ്ണം 6 കോടിയിലധികമായി വർദ്ധിച്ചു, ഇത് കോടിക്കണക്കിന് ആളുകൾക്ക് തൊഴിലവസരങ്ങൾ നൽകി.**

- പത്ത് വർഷം മുമ്പ്, എംഎസ്എംഇകൾക്ക് ഏകദേശം 12 ലക്ഷം കോടി രൂപയുടെ വായ്പകൾ ലഭിച്ചു, അത് ഇപ്പോൾ ഏകദേശം 30 ലക്ഷം കോടി രൂപയായി വർദ്ധിച്ചു.
- ബജറ്റിൽ, എംഎസ്എംഇ വായ്പകൾക്കുള്ള ഗ്യാരണ്ടി പരിരക്ഷ 20 കോടി രൂപയായി ഇരട്ടിയാക്കി.
- പ്രവർത്തന മൂലധന ആവശ്യകതകൾ നിറവേറ്റുന്നതിനായി 5 ലക്ഷം രൂപ പരിധിയുള്ള കസ്റ്റമൈസ്ഡ് ക്രെഡിറ്റ് കാർഡുകൾ നൽകും.
- കഴിഞ്ഞ 10 വർഷത്തിനിടയിൽ, ഈട് ഇല്ലാതെ വായ്പകൾ നൽകുന്ന പിഎം മുദ്ര പോലുള്ള പദ്ധതികൾ ചെറുകിട വ്യവസായങ്ങളെയും പിന്തുണച്ചിട്ടുണ്ട്.

**5 ലക്ഷം സ്ത്രീകൾ, പട്ടികജാതി (എസ്‌സി), പട്ടികവർഗ (എസ്ടി) സമുദായങ്ങളിൽ നിന്നുള്ള ആദ്യ സംരംഭകർക്ക് 2 കോടി രൂപ വായ്പ ലഭിക്കും.**



കവർ സ്റ്റോറി
മുദ്ര യോജനയുടെ ഒരു ദശാബ്ദം








# 'മുദ്ര' യിൽ നിന്നുത്ഭവിക്കുന്ന സംരംഭകത്വത്തിന്റെ അമൃതധാര

*ഒരു ദശാബ്ദം മുമ്പ് ആരംഭിച്ച മുദ്ര യോജന 52 കോടിയിലധികം വായ്പകൾ അംഗീകരിക്കുകയും 33 ലക്ഷം കോടിയിലധികം രൂപ വിതരണം ചെയ്യുകയും ചെയ്തു. ഇത് യുവജനങ്ങൾക്കും സ്ത്രീകൾക്കും പിന്നാക്കം നിൽക്കുന്നവർക്കും സംരംഭകരാകാൻ അവസരം നൽകുന്നു. മുമ്പ് ദുർബലരാക്കപ്പെട്ടിരുന്നവരുടെ സംരംഭകത്വ സാധ്യതകളിൽ അർപ്പിച്ച വിശ്വാസത്തിന്റെ കഥയാണ് മുദ്ര യോജന. കേന്ദ്ര ഗവണ്മെന്റിന്റെ ഈ പരിവർത്തന സംരംഭം ഇടനിലക്കാരുടെ പിടിയിൽ നിന്ന് വ്യക്തികളെ മോചിപ്പിക്കുകയും സാമ്പത്തിക വിഭവങ്ങൾ ഉപയോഗിച്ച് അവരെ ശാക്തീകരിക്കുകയും സാമ്പത്തികമായും സാമൂഹികമായും അവരെ ശക്തിപ്പെടുത്തുകയും ചെയ്തു. വികസിത ഭാരതം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനുള്ള ശക്തമായ അടിത്തറയാണ് ഇപ്പോൾ ഇത് സ്ഥാപിക്കുന്നത്....*






## ബിനിതയുടെ സ്വപ്നങ്ങൾക്ക് മുദ്ര യോജന ചിറകുകൾ നൽകി

*ജീവിതത്തിൽ മുന്നേറണമെന്ന് സ്വപ്നം കണ്ടിരുന്ന വനിതകളിൽ ഒരാളാണ് ബിനിത ദേബ്നാഥ്. പക്ഷേ സാമ്പത്തിക സഹായമില്ലാതെ ആ സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയുമായിരുന്നില്ല. പട്ടുനൂൽ ഉൽപ്പാദനത്തിൽ ആഴമേറിയ അറി*



*വുള്ള ബിനിത ഈ മേഖലയിൽ ഒരു കൈനോക്കാൻ ആഗ്രഹിച്ചു. ടെലിവിഷനിൽ നിന്നാണ് പ്രധാൻമന്ത്രി മുദ്രാ യോജനയെക്കുറിച്ച് അവർ അറിഞ്ഞത്. അവർ ബാങ്കിനെ സമീപിച്ച് പിഎംഎംവൈ പ്രകാരം എളുപ്പത്തിൽ ഒരു വായ്പ നേടി. മുദ്രാ യോജനയിൽ നിന്ന് 1.99 ലക്ഷം രൂപയുടെ വായ്പയെടുത്താണ് ബിനിത തന്റെ ബിസിനസ്സ് ആരംഭിച്ചത്. ബിസിനസ്സ് വളർന്നപ്പോൾ അവർ വീണ്ടും 4 ലക്ഷം രൂപയുടെ വായ്പയ്ക്ക് അപേക്ഷിച്ചു. അതും ലഭ്യമായതിനെ തുടർന്ന് അവർ തന്റെ തൊഴിൽമേഖല വിപുലമാക്കി. ഇന്ന്, അസമിന്റെ മുഖമുദ്രയായ മെഖേലയും റിഹാ-സാദോർ സിൽക്ക് സാരികളും നിർമ്മിച്ചുകൊണ്ട് ബിനിത തന്റെ ബിസിനസ് സംരംഭം വിജയകരമായി പടുത്തുയർത്തിയിരിക്കുന്നു.*

## ദിവസവേതന തൊഴിലാളിയിൽ നിന്ന് ഫ്ലോർ മിൽ ഉടമയായി

*തമിഴ്നാട് സ്വദേശിയായ സരസ്വതി ഒരു ഫ്ലോർ മില്ലിൽ ദിവസവേതനക്കാരിയായി ജോലി ചെയ്യുകയായിരുന്നു. സ്വന്തമായി ഒരു ഫ്ലോർ മിൽ സ്ഥാപിക്കണമെന്നത് അവരുടെ സ്വപ്നമായിരുന്നു. എന്നാൽ പണമില്ലാതെ അവർക്ക്*



*സ്വന്തമായി ഒരു ബിസിനസ്സ് സ്ഥാപിക്കാൻ കഴിഞ്ഞില്ല. ഒബിസി സമുദായത്തിൽപ്പെട്ട സരസ്വതി 2022 ൽ പ്രധാൻമന്ത്രി മുദ്രാ യോജനയെക്കുറിച്ച് അറിഞ്ഞു. സ്വന്തമായി ഒരു ഫ്ലോർ മിൽ സ്ഥാപിക്കുന്നതിനുള്ള ചെലവിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ അതിന് 5 ലക്ഷം രൂപയിൽ താഴെ മാത്രമേ ആവശ്യമുള്ളൂവെന്ന് സരസ്വതി മനസ്സിലാക്കി. ഇതിനായി ഇന്ത്യൻ ബാങ്കിന്റെ റെഡ് ഹിൽസ് ശാഖയിൽനിന്ന് സരസ്വതി 4.86 ലക്ഷം രൂപ വായ്പ നേടി. ഇപ്പോൾ, അവർ ഒരു തൊഴിലാളിയോ ദിവസവേതനക്കാരിയോ അല്ല, മറിച്ച് ഒരു തൊഴിൽ ദാതാവാണ്. തിരുനാവുക്കരശു ഫ്ലോർ മില്ലിൽ 4 പേർക്ക് ജോലിനല്കാൻ അവർക്കു കഴിഞ്ഞു.*








ഇന്ത്യയിലെ സംരംഭകത്വത്തിന്റെ മുഖച്ഛായ മാറ്റിമറിച്ച ഇതുപോലുള്ള ദശലക്ഷക്കണക്കിന് കഥകൾ ദരിദ്ര തൊഴിലാളികളുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ടുള്ള രാജ്യവ്യാപക പ്രസ്ഥാനമായി മുദ്രാ യോജനയെ മാറ്റിയതെങ്ങനെയെന്ന് വ്യക്തമാക്കുന്നു. ഈ ദർശനത്തെ പിന്തുണയ്ക്കുന്നതിനായി, വിദ്യാസമ്പന്നരായ യുവാക്കൾ ഉൾപ്പെടെയുള്ള സംരംഭകരുടെ പുതു തലമുറയ്ക്ക് ധനസഹായം നൽകുന്നതിനും അവരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനും വേണ്ടി പരമ്പരാഗത ഭരണനിർവ്വഹണത്തിനപ്പുറമുള്ള ഒരു പുതിയ സാമ്പത്തിക ചട്ടക്കൂട് കേന്ദ്രഗവണ്മെന്റ് രൂപപ്പെടുത്തി.


## പ്രധാൻമന്ത്രി മുദ്രാ യോജനയിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം

**വായ്പകളുടെ എണ്ണം**




**തരുൺ പ്ലസ് അടുത്തിടെ യാണ് ആരംഭിച്ചത്.**

**അനുവദിച്ച തുക**




**അനുവദിച്ച മുദ്രാ വായ്പ തുക**

| | |
|---|---|
| ശിശു വിഭാഗം | 11,68,019+ |
| കിഷോർ വിഭാഗം | 13,39,994+ |
| തരുൺ വിഭാഗം | 8,08,541+ |
| തരുൺ+വിഭാഗം | 2,818 |

*തുക കോടി രൂപയിൽ

2025 ഫെബ്രുവരി 28 വരെയുള്ള കണക്കനുസരിച്ച്




എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനത്തിലും അങ്ങേയറ്റം പാർശ്വവൽക്കരിക്കപ്പെട്ടവരിലേക്ക് എത്തിച്ചേരുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, കേന്ദ്ര ഗവൺമെന്റ് 'അന്ത്യോദയ' - അവസാനത്തെ വ്യക്തിയുടെയും ഉയർച്ച - എന്ന തത്വത്തിൽ സമർപ്പിതമായിരുന്നു. 'സർവജൻ ഹിതായ്, സർവജൻ സുഖായ്' (എല്ലാവർക്കും ക്ഷേമവും സന്തോഷവും) എന്ന പരമമായ ലക്ഷ്യം കൈവരിക്കുന്നതിനായി, മുദ്രാ പദ്ധതിയിലൂടെ വ്യക്തികളെ ശാക്തീകരിച്ച്, അവരെ രാജ്യ വികസനത്തിൽ സജീവ പങ്കാളികളാക്കി മാറ്റുന്നു. ഈ വർഷം, സാമൂഹിക നീതിയുടെയും ഭരണഘടനയുടെയും ശില്പിയായ ബാബാസാഹേബ് ഭീംറാവു അംബേദ്കറുടെ 135-ാം ജന്മവാർഷികത്തിൽ, ഒരു സുപ്രധാന ദിനം ആഘോഷിക്കപ്പെടുകയാണ്. അതായത് ചെറുകിട സംരംഭങ്ങൾക്കുള്ള പ്രധാന പിന്തുണയായ പ്രധാൻ മന്ത്രി മുദ്ര യോജന ഏപ്രിൽ 8 ന് അതിന്റെ 10-ാം വാർഷികം ആഘോഷിക്കും.


ഡോ. അംബേദ്കറുടെ ദീർഘവീക്ഷണത്തോടെയുള്ള ചിന്താഗതിയുടെ ഫലമാണ് സാമൂഹിക അനീതി അവസാനിപ്പിക്കുന്നത് ലക്ഷ്യമാക്കിയുള്ള ആധുനികവൽക്കരണത്തിന് ഊന്നൽ നൽകിയത്. നഗരവൽക്കരണത്തിനും വ്യവസായവൽക്കരണത്തിനും നീതിപൂർവകമായ രീതിയിൽ കൈകോർക്കാൻ കഴിയണം എന്നതായിരുന്നു സമൂഹത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ദർശനം. കാര്യക്ഷമതയുടെയും തുല്യ അവസരങ്ങളുടെയും അടിസ്ഥാനത്തിലാണ് വ്യാവസായിക നാഗരികത സ്വാഭാവികമായും വികസിക്കുന്നത്. ഗവൺമെന്റ് മേഖലയിലെ അവസരങ്ങൾ കുറഞ്ഞുവരുന്നത് മനസിലാക്കി, ദലിതരും പിന്നാക്ക വിഭാഗങ്ങളും ഉൾപ്പെടെയുള്ളവർ പുതിയ സംരംഭങ്ങളുടെ സാധ്യതകൾ തേടാൻ തുടങ്ങുകയും കേന്ദ്ര ഗവൺമെന്റ് മുദ്രാ യോജനയിലൂടെ അവർക്ക് ഒരു പുതിയ അവസരം നൽകുകയും ചെയ്തു.

വൻകിട വ്യവസായങ്ങളാണ് തൊഴിലിന്റെ പ്രാഥമിക സ്രോതസ്സുകൾ എന്ന ധാരണ വളരെക്കാലമായി നിലവിലുണ്ട്. എന്നാൽ ഈ വൻകിട വ്യവസായങ്ങളിൽ ഏകദേശം 1.25 കോടി തൊഴിലവസരങ്ങൾ മാത്രമേയുള്ളൂ എന്നതാണ് സത്യം. മറുവശത്ത്, ഇന്ത്യയിൽ ഏകദേശം 6 കോടി ആളുകൾ ചെറുകിട സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ഇതിലൂടെ 12 കോടിയിലധികം ആളുകൾക്ക് തൊഴിൽ ലഭ്യമാകുന്നു. ചെറിയ പിന്തുണയെങ്കിലും നൽകിയാൽ, ഈ ചെറുകിട ബിസിനസ്സ് ഉടമകൾക്ക് സമ്പദ്‌വ്യവസ്ഥയിൽ കാര്യമായ സ്വാധീനം ചെലുത്താൻ കഴിയും. ഈ ആശയമാ

> **ചെറുകിട സംരംഭങ്ങൾ നടത്തുന്ന രാജ്യത്തെ ദശലക്ഷക്കണക്കിന് സാധാരണക്കാരായ ജനങ്ങൾ സമ്പദ്‌വ്യവസ്ഥയിൽ കാര്യമായ സംഭാവനകൾ നൽകുന്നുണ്ടെങ്കിലും അവർ സ്ഥാപനപരമായ ധനസഹായത്തിന്റെ പരിധിക്ക് പുറത്തായിരുന്നു. ദരിദ്രർക്ക് ധനസഹായം നൽകുന്നതിനുള്ള ഞങ്ങളുടെ നൂതനാശയമാണ് മുദ്രാ യോജന.**
>
> **- നരേന്ദ്ര മോദി, പ്രധാനമന്ത്രി**

## പിഎം മുദ്രാ യോജനയുടെ കീഴിൽ വർഷം തോറും അനുവദിച്ച തുക

- **35.19** കോടി വനിതാ അക്കൗണ്ടുകൾ
- **25.97** കോടി എസ്‌സി, എസ്ടി, ഒബിസി അക്കൗണ്ടുകൾ
- **10.67** കോടി പുതിയ സംരംഭകരുടെ അക്കൗണ്ടുകൾ




കുറിപ്പ്- 2024-25 സാമ്പത്തിക വർഷത്തെ ഫെബ്രുവരി 28 വരെയുള്ള കണക്കുകൾ

ണ് പ്രധാൻമന്ത്രി മുദ്രാ യോജനയുടെ ആവിർഭാവത്തിന് കാരണമായത്. ഇന്ന്, രാജ്യത്തിന്റെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്താൻ കഴിയുന്ന ചെറുകിട സംരംഭകരെ ശാക്തീകരിക്കുന്നതിലാണ് കേന്ദ്ര ഗവണ്മെന്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ചെറുകിട സാമ്പത്തിക സംവിധാനങ്ങൾ സാധ്യമാക്കുന്ന ഒരു മാർഗമായി മുദ്രാ യോജന പ്രവർത്തിക്കുകയും ചെറുകിട ബിസിനസുകളുടെ വളർച്ചയെ പിന്തുണയ്ക്കുകയും ചെയ്യുന്നു.

യഥാർത്ഥത്തിൽ, രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ ഒരു പിരമിഡുപോലെയാണ്. അതിൽ എല്ലാവരും മുന്നോട്ട് പോകാൻ ശ്രമിക്കുന്നു. മേൽത്തട്ടിൽ വരേണ്യവർഗത്തിന് ധാരാളം വിഭവങ്ങൾ ഉണ്ടായിരുന്നെങ്കിൽ താഴെത്തട്ടിലുള്ളവർക്ക് സാമൂഹിക പിന്തുണ, ബാങ്കിംഗ് സേവനങ്ങൾ, വിവരങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അഭാവം നേരിടേണ്ടിവന്നു. ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന ചെറുകിട വ്യാപാരികൾ, പച്ചക്കറി കച്ചവടക്കാർ, അറ്റകുറ്റപ്പണികൾ നടത്തുന്നവർ, ഡ്രൈവർമാർ, വീട്ടുജോലിചെയ്യുന്നവർ, തെരുവ് കച്ചവടക്കാർ തുടങ്ങി 5.5 കോടിയിലധികം യൂണിറ്റുകൾ സ്വകാര്യ പണമിടപാടുകാരിൽ നിന്നും ഉയർന്ന പലിശയ്ക്ക് വായ്പയെടുക്കുകയാണ് ചെയ്തിരുന്നത്. ഈ വായ്പകൾക്ക് 24 മുതൽ 36 ശതമാനം വരെ പലിശ ഈടാക്കിയിരുന്നു. താഴെത്തട്ടിൽ ബാങ്കുകൾ ഉണ്ടായിരുന്നിട്ടും, ഈ ചെറുകിട സംരംഭകർക്ക് വായ്പ നൽകാൻ അവർ വിസമ്മതിച്ചു. ഇത്, ദരിദ്രർ എപ്പോഴെങ്കിലും അവരുടെ സാമ്പത്തിക ബുദ്ധിമുട്ടുകളിൽ നിന്ന് രക്ഷപ്പെടുമോ എന്ന ചോദ്യമുയർത്തി. മുന്നോട്ടുള്ള ഏക മാർഗം ഈ വ്യക്തികളിൽ വിശ്വാസം അർപ്പിക്കുക എന്നതാണെന്ന് വ്യക്തമായി. ഇതൊരു വെല്ലുവിളി നിറഞ്ഞ കടമയായിരുന്നു. അവരെ സഹായിക്കേണ്ടത് ഇപ്പോഴല്ലെങ്കിൽ പിന്നെ എപ്പോൾ എന്ന ബോധ്യത്തോടെ, ഇന്ത്യയിലെ മൈക്രോഫിനാൻസിന്റെ ഘടനയെ പരിവർത്തനം ചെയ്യുന്നതിനായുള്ള നടപടികളാരംഭിച്ചു.

| ആകെ വായ്പകളുടെ എണ്ണം | ആകെ തുക |
|---|---|
| **52.07** കോടി | **33.19** ലക്ഷം കോടി രൂപ |

- **2022-23 സാമ്പത്തിക വർഷത്തിൽ, പിഎം മുദ്രാ യോജന പ്രകാരം അനുവദിച്ച വായ്പ തുകയുടെ 48% ഉൾപ്പെടുന്ന മൊത്തം അക്കൗണ്ടുകളുടെ 71% ഗുണഭോക്താക്കളും സ്ത്രീകളാണ്.**
- **ഇതിൽ 99% വായ്പകളും ശിശു, കിഷോർ വിഭാഗങ്ങളിലെ വനിതകൾക്കാണ് നൽകിയിരിക്കുന്നത്.**

അതിന്റെ ഫലമായി മൈക്രോ യൂണിറ്റ്സ് ഡെവലപ്‌മെന്റ് ആൻഡ് റീഫിനാൻസ് ഏജൻസി അഥവാ മുദ്രാ യോജന രൂപീകരിച്ചുകൊണ്ട് ഗവണ്മെന്റ് ഒരു വിപ്ലവകരമായ ദൗത്യം ആവിഷ്കരിച്ചു. ദശലക്ഷക്കണക്കിന് ആളുകളെ ശാക്തീകരിക്കുന്നതിനുള്ള സുപ്രധാന സംരംഭമായി മുദ്രാ യോജന മാറി.


## സിന്ധുവിനെ കുടുംബത്തിന് തണലേകാൻ മുദ്രാ യോജന സഹായിച്ചു


*കേരളത്തിലെ ഒരു ചെറിയ ഗ്രാമമായ നിലമ്പൂരിലുള്ള സിന്ധു സ്വന്തമായി എന്തെങ്കിലും തൊഴിൽ ചെയ്യണമെന്ന് ആഗ്രഹിച്ചു. പരുത്തിയും പാഴ്‌വസ്തുക്കളുമുപയോഗിച്ച് പായകൾ എങ്ങനെ നിർമ്മിക്കാമെന്ന് ഒരു ബന്ധുവിൽ നിന്ന് അവൾ പഠിച്ചു. ഇതൊരു സംരംഭമാക്കിമാറ്റാൻ ആഗ്രഹിച്ച സിന്ധു സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിട്ടു.*



*എങ്കിലും ഇതിൽ നിന്ന് പിന്മാറാതെ, ഒരു ബന്ധുവിന്റെ സഹായത്തോടെ മുദ്രാ പദ്ധതി പ്രകാരം വായ്പയെടുത്തു. അവർ ഒരുമിച്ച് ഒരു ചെറിയ യൂണിറ്റ് സ്ഥാപിച്ച് തുടക്കത്തിൽ പ്രതിദിനം 10–15 പായകൾ ഉത്പാദിപ്പിക്കാൻ തുടങ്ങി. തുടർന്ന് വലിയ കമ്പനികളുമായി ബന്ധം സ്ഥാപിച്ച സിന്ധു ഓരോ മാസവും 400–500 പായകൾ വരെ വിജയകരമായി ഉണ്ടാക്കി വിറ്റു. പായകളുടെ ആവശ്യം വർദ്ധിച്ചതോടെ, രണ്ട് മെഷീനുകൾ കൂടി വാങ്ങി മൂന്ന് സ്ത്രീകളെ കൂടി നിയമിച്ചുകൊണ്ട് അവർ തന്റെ പ്രവർത്തന മേഖല വികസിപ്പിച്ചു. ഇന്ന്, സിന്ധു സാമ്പത്തികമായി സ്വതന്ത്രയായെന്നു മാത്രമല്ല അവളുടെ കുടുംബത്തിന്റെ അത്താണിയായും മാറിയിരിക്കുന്നു.*

## സ്ത്രീകളുടെ പങ്കാളിത്തം






അഭിലാഷങ്ങൾ നിറഞ്ഞ ഊർജ്ജസ്വലരായ യുവാക്കളുടെ രാജ്യമായ ഇന്ത്യ, ദേശീയ വികസനത്തിനായി അതിന്റെ നൂതനാശയ മനോഭാവം പ്രയോജനപ്പെടുത്തേണ്ടതുണ്ട്. പൗരന്മാരുടെ സംരംഭകത്വ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിലൂടെ, രാജ്യത്തിന് നമ്മുടെ സാമ്പത്തിക ആവാസവ്യവസ്ഥയിലെ നിലവിലുള്ള വിടവുകൾ പരിഹരിക്കാൻ കഴിയും. ഇന്ത്യയിലെ സംരംഭകത്വ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞുകൊണ്ട്, കേന്ദ്ര ഗവൺമെന്റ് മുദ്രാ പദ്ധതി ആരംഭിക്കുകയും അതിലൂടെ ദശലക്ഷക്കണക്കിന് ആളുകളുടെ സ്വപ്നങ്ങൾക്കും അഭിലാഷങ്ങൾക്കും ചിറകുകൾ നൽകുകയും ചെയ്തു.

### മൂലധന സഹായം നൽകി പുതിയ സംരംഭകരെ പിന്തുണയ്ക്കൽ

സ്വകാര്യ പണമിടപാടുകാരിൽ നിന്ന് വായ്പ എടുക്കുമ്പോൾ ആളുകൾക്ക് ദുരനുഭവങ്ങൾ ഉണ്ടായ ഒരു കാലമുണ്ടായിരുന്നു. വായ്പകൾക്ക് 24% മുതൽ 30% വരെ പലിശ നൽകേണ്ടി വന്നു. സാധാരണയായി സ്വാധീനശക്തിയോ പ്രശസ്തിയോ ഉള്ള ആളുകൾക്ക് മാത്രമേ ബാങ്ക് വായ്പകൾ ലഭ്യമായിരുന്നുള്ളൂ. ഇത് പലർക്കും പ്രത്യേകിച്ച് പിന്നാക്ക പശ്ചാത്തലങ്ങളിൽ നിന്നുള്ളവർക്ക് ബാങ്ക് വായ്പകൾ ലഭ്യമല്ലാതാക്കിത്തീർക്കുകയും അവർ പണമിടപാടുകാരുടെ വലയത്തിൽ അകപ്പെടുകയും ചെയ്തിരുന്നു.

എന്നിരുന്നാലും, പ്രധാൻമന്ത്രി മുദ്രാ യോജനയുടെ ആവിർഭാവം ഒരു പ്രധാന മാറ്റം കൊണ്ടുവന്നു.

- **സമൂഹത്തിലെ സ്ത്രീകളും യുവാക്കളും ശാക്തീകരിക്കപ്പെടുമ്പോഴാണ് സാമൂഹ്യ പുരോഗതി ഉണ്ടാകുന്നത്. മുദ്രാ വായ്പകൾ നൽകിക്കൊണ്ട് കോടിക്കണക്കിന് വനിതകൾക്ക് സ്വന്തമായി ബിസിനസ്സ് ചെയ്യാനുള്ള സൗകര്യം ലഭ്യമാക്കി.**
- **മുദ്രാ യോജന, സ്റ്റാൻഡ് അപ്പ് ഇന്ത്യ എന്നിവയ്ക്ക് കീഴിൽ, ഗവണ്മെന്റ് പിന്തുണ നൽകിവരുന്നു.**

മുമ്പ് ധനസഹായം നേടാൻ പ്രയാസപ്പെട്ടിരുന്ന ചെറുകിട ബിസിനസ്സ് ഉടമകൾക്കും സംരംഭകർക്കും സാമ്പത്തിക സഹായം നൽകുന്നതിനാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. ആവശ്യമുള്ളവർക്ക്, പ്രത്യേകിച്ച് പിന്നാക്ക സമൂഹങ്ങളിൽ നിന്നുള്ള വ്യക്തികൾക്ക് 20 ലക്ഷം രൂപ വരെയുള്ള വായ്പകൾ യാതൊരു വേർതിരിവുമില്ലാതെ ഈ പദ്ധതിയിൽ വാഗ്ദാനം ചെയ്യുന്നു.



ഇത്തരം സംരംഭകരെ ശാക്തീകരിക്കാനും അവർക്ക് പിന്തുണ നൽകാനും പദ്ധതി ലക്ഷ്യമിടുന്നു. പ്രധാൻ മന്ത്രി മുദ്രാ യോജന, ജനങ്ങളിൽ പുതിയൊരു ആത്മ വിശ്വാസം വളർത്തിയിട്ടുണ്ട്. രാജ്യത്തിന്റെ വളർച്ചയ്ക്ക് സംഭാവന നൽകാൻ അവർ പ്രയത്നിക്കുന്നുണ്ടെങ്കിൽ അവരെ പിന്തുണയ്ക്കാൻ ഗവൺമെൻറ് തയ്യാറാണെന്ന് ഇത് സൂചിപ്പിക്കുന്നു. കാർഷികമേഖല കഴിഞ്ഞാൽ, ഗണ്യമായ തൊഴിൽ സൃഷ്ടിക്കുന്ന ചെറുകിട ബിസിനസുകളെ പിന്തുണച്ചുകൊണ്ട് രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിൽ ഈ സംരംഭം ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം, കടയുടമകൾ, പച്ചക്കറി വിൽപ്പനക്കാർ, ട്രക്ക് ഡ്രൈവർമാർ, ചെറുകിട വ്യവസായ ഉടമകൾ, കരകൗശല വിദഗ്ധർ എന്നിവരുൾപ്പെടെ നിരവധി സംരംഭകർക്ക് ഇപ്പോൾ അത്യാവശ്യം സാമ്പത്തിക വിഭവങ്ങൾ ലഭ്യമാകും. സാമ്പത്തികവും സാമൂഹികവുമായ ഉൾച്ചേർക്കൽ മെച്ചപ്പെടുത്തുന്നത് പലർക്കും ഗുണകരമായിട്ടുണ്ട്.

**ചെറുകിട ബിസിനസുകാർക്കുള്ള സാമ്പത്തിക സഹായം**

രാജ്യത്തുടനീളമുള്ള ചെറുകിട ബിസിനസുകളെയും സംരംഭകരെയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2015 ലാണ് മുദ്രാ യോജന ആരംഭിച്ചത്. സ്വന്തമായി ബിസിനസ്സ് ആരംഭിക്കുന്ന വ്യക്തികൾക്ക് 10 ലക്ഷം രൂപ വരെ വായ്പ നൽകുക, മൈക്രോഫിനാൻസ് സ്ഥാപനങ്ങളെ നിയന്ത്രിക്കുക എന്നിവയാണ് ഇതിന്റെ പ്രാഥമിക ലക്ഷ്യം. തുടക്കത്തിൽ, ശിശു, കിഷോർ, തരുൺ എന്നീ മൂന്ന് വിഭാഗങ്ങളിലായാണ് വായ്പകൾ ലഭ്യമാക്കിയത്. ഇപ്പോൾ അതിന്റെ വിജയം കണക്കിലെടുത്ത്, കേന്ദ്ര ഗവൺമെന്റ് തങ്ങളുടെ മൂന്നാം ഭരണത്തിലെ 2024 ജൂലൈയിൽ അവതരിപ്പിച്ച ആദ്യ പൊതു ബജറ്റിൽ മറ്റൊരു വിഭാഗം കൂടി ചേർത്തിട്ടുണ്ട്.


## ശൈലേഷ് ശുചിത്വത്തിന് സംഭാവന നൽകുന്നു

*മുംബൈയിലെ ഐറോളിയിൽ താമസിക്കുന്ന ശൈലേഷ് ഭോസാലെ, മുദ്രാ പദ്ധതിയിലൂടെ തന്റെ സ്വപ്നം സാക്ഷാത്കരിക്കുക മാത്രമല്ല, തന്റെ പുതിയ ചിന്തയിലൂടെ സ്വച്ഛ് ഭാരത് അഭിയാനിലേക്ക് സംഭാവന നൽകുകയും ചെയ്യുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി ആരംഭിച്ച സ്വച്ഛ് ഭാരത് അഭിയാനെക്കുറിച്ച് കേട്ടപ്പോൾ, ശൈലേഷിന് ഈ മഹത്തായ കാമ്പെയ്നിൽ ചേരാൻ ആഗ്രഹം തോന്നി. ശൈലേഷ് താമസിച്ചിരുന്ന സ്ഥലത്ത് മലിനജലത്തിന്റെ വലിയ പ്രശ്നമുണ്ടായിരുന്നു. ഒരു സന്നദ്ധപ്രവർത്തകനായി അതിൽ ചേരുന്നതിനുപകരം, ശൈലേഷ് ഒരു പുതിയ ആശയത്തെക്കുറിച്ച് ചിന്തിച്ചു. ഒരു പദ്ധതി നിർദ്ദേശവുമായി അദ്ദേഹം ബാങ്കിനെ സമീപിച്ചു. ബാങ്ക് അദ്ദേഹത്തിന്റെ ശ്രമങ്ങളെ അഭിനന്ദിക്കുകയും മുദ്രാ പദ്ധതി പ്രകാരം 8.57 ലക്ഷം രൂപ വായ്പ നൽകുകയും ചെയ്തു. ഈ തുക ഉപയോഗിച്ച് ശൈലേഷ് ഒരു ടാങ്കർ, ഒരു സക്ഷൻ പമ്പ്, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങി. ഇന്ന്, ഈ യൂണിറ്റ് വഴി, ശൈലേഷ് ശുചിത്വത്തിന് സംഭാവന നൽകുക മാത്രമല്ല, രാജ്യത്തെ സേവിക്കുക എന്ന ചിന്തയെ തന്റെ ഉപജീവനമാർഗ്ഗവുമായി ബന്ധിപ്പിച്ച് നല്ല വരുമാനം നേടുകയും ചെയ്യുന്നു.*


തരുൺ പ്ലസ് എന്ന പുതിയ വിഭാഗത്തിൽ, തരുൺ വിഭാഗത്തിന് കീഴിൽ വായ്പ എടുത്ത് തിരിച്ചടച്ച അപേക്ഷകർക്ക് വായ്പത്തുക തുക 10 ലക്ഷം രൂപയിൽ നിന്ന് പരമാവധി 20 ലക്ഷം രൂപയായി ഉയർത്തി.

## കമ്മ്യൂണിറ്റി: വിഭാഗം തിരിച്ചുള്ള ആനുകൂല്യം

**ലോൺ തുക**




**വായ്പകളുടെ എണ്ണം**





*28.02.2025 വരെയുള്ള ഡാറ്റ*




## പുതിയ സംരംഭകർക്ക് വലിയ പിന്തുണ

**പുതിയ സംരംഭകർ /ലോൺ വിഹിതം**




**പുതിയ സംരംഭകർ/ലോൺ തുക വിഹിതം**




*28.02.2025 വരെയുള്ള ഡാറ്റ*



**പതിറ്റാണ്ടുകൾക്ക് മുമ്പ് യുവാക്കൾക്ക് മുദ്രാ പോലുള്ള ഒരു പദ്ധതി ഉണ്ടായിരുന്നെങ്കിൽ, നഗരങ്ങളിലേക്കുള്ള കുടിയേറ്റ പ്രശ്നം ഇത്ര രൂക്ഷമാകുമായിരുന്നില്ല. ഈടില്ലാതെ കുറഞ്ഞ പലിശ നിരക്കിൽ ബാങ്ക് വായ്പ ലഭിച്ചിരുന്നെങ്കിൽ യുവാക്കൾക്ക് അവരുടെ ഗ്രാമത്തിലോ നഗരത്തിലോ സ്വന്തമായി തൊഴിലുണ്ടാക്കാമായിരുന്നു. ഇന്ന്, ദരിദ്രരിൽ ദരിദ്രർക്ക് പോലും യാതൊരു ഈടുമില്ലാതെ മുദ്രാ വായ്പകൾ ലഭിക്കുന്നു. മുദ്രാ വായ്പയുടെ സഹായത്തോടെ ഏതൊരു സാധാരണക്കാരനും ഇന്ന് സംരംഭകനാകാൻ കഴിയും.**

– പ്രധാനമന്ത്രി **നരേന്ദ്രമോദി**

- **വായ്പയ്ക്ക് അർഹതയുള്ളതും ചെറുകിട ബിസിനസ് സംരംഭത്തിന് പദ്ധതിയുള്ളതുമായ ഏതൊരു വ്യക്തിക്കും പ്രധാൻമന്ത്രി മുദ്രാ യോജന പ്രകാരം വായ്പ ലഭിക്കും.**
- **കോഴി, പാൽ, തേനീച്ച വളർത്തൽ, കടയുടമകൾ, പഴം, പച്ചക്കറി വിൽപ്പനക്കാർ, ട്രക്ക് അല്ലെങ്കിൽ മറ്റ് വാഹന ഡ്രൈവർമാർ, ചെറുകിട വ്യവസായങ്ങൾ, കരകൗശല വിദഗ്ധർ തുടങ്ങിയ കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഉൾപ്പെടെ ഉൽപ്പാദനം, വ്യാപാരം, സേവന മേഖലകളിൽ വരുമാനം ഉണ്ടാക്കാവുന്ന എല്ലാ പ്രവർത്തനങ്ങൾക്കും അപേക്ഷിക്കാവുന്നതാണ്.**

### മുദ്രാ യോജനയുടെ ശക്തമായ പിന്തുണ


*മുദ്രാ യോജനയിലൂടെ കുടുംബത്തിന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിച്ച ദശലക്ഷക്കണക്കിന് ആളുകളിൽ ബീഹാറിന്റെ തലസ്ഥാനമായ പട്നയിലെ റൂബി ദേവിയും ഉൾപ്പെടുന്നു.*



*പെയിന്ററായ റൂബിയുടെ ഭർത്താവിന് കൃത്യമായി ജോലി ലഭിക്കാതിരുന്നതിനാൽ കുടുംബത്തെ മുന്നോട്ട് പോകാൻ പ്രയാസമായിരുന്നു. ഈ സാഹചര്യത്തിൽ റൂബി മുദ്രാ യോജനയിൽ നിന്നും അവരുടെ പേരിൽ ഒരു വായ്പ എടുക്കാൻ തീരുമാനിച്ചു. ലഭിച്ച തുക ഉപയോഗിച്ച് അവരുടെ ഭർത്താവിന്റെ അച്ഛൻ വലിയ പാത്രങ്ങൾ വാങ്ങി, കുറച്ച് ആളുകളെ നിയമിച്ച് വിവാഹങ്ങൾക്കും മറ്റ് പരിപാടികൾക്കും കാറ്ററിംഗ് സേവനങ്ങൾ നൽകാൻ തുടങ്ങി. കാലക്രമേണ, കുടുംബത്തിന്റെ വരുമാനം ക്രമാനുഗതമായി വർധിച്ചു. റൂബിയുടെ കുട്ടികൾ ഇപ്പോൾ മികച്ച സ്കൂളുകളിൽ പഠിക്കുന്നു.*

**മുദ്രാ വായ്പകളുടെ എണ്ണവും തുകയും (2015 ഏപ്രിൽ 8 മുതൽ 2025 ഫെബ്രുവരി 28 വരെ)**

വായ്പകളുടെ എണ്ണം · തുക കോടികളിൽ




**മൊത്തം വായ്പകൾ 52.07 കോടി** | **മൊത്തം തുക 33.19 ലക്ഷം കോടി രൂപ**

മുദ്രാ യോജന പ്രകാരം, പുതിയ സംരംഭം ആരംഭിക്കാൻ ആഗ്രഹിക്കുന്ന ഏതൊരു ഇന്ത്യൻ പൗരനും വായ്പകൾ ലഭ്യമാക്കുന്ന ഏതെങ്കിലും ബാങ്ക് അല്ലെങ്കിൽ എൻബിഎഫ്സി വഴി വായ്പയ്ക്ക് അപേക്ഷിക്കാം. ഔദ്യോഗിക മുദ്രാ വെബ്സൈറ്റിൽ ലിസ്റ്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ വഴി നേരിട്ട് വായ്പാ അപേക്ഷ സമർപ്പിക്കുകയോ മുദ്രാ പോർട്ടൽ വഴി ഓൺലൈനായി അപേക്ഷിക്കുകയോ ചെയ്യാം. മുദ്ര പദ്ധതിയുടെ അടിസ്ഥാനം പൗരന്മാർക്ക് അതിലുള്ള വിശ്വാസമാണ് കാരണം രാജ്യം അവരിൽ പൂർണ്ണ വിശ്വാസമർപ്പിക്കുന്നു. രാജ്യത്തെ ബാങ്കുകൾ, ബാങ്കിംഗ് ഇതര ധനകാര്യ കമ്പനികൾ (എൻബിഎഫ്സികൾ), മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ (എംഎഫ്ഐകൾ) എന്നിവയുടെ ശൃംഖലയും ഈ

- **പല ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും വായ്പാ അപേക്ഷകൾക്കായി ഓൺലൈൻ പ്ലാറ്റ്ഫോമുകളും മൊബൈൽ ആപ്ലിക്കേഷനുകളും അവതരിപ്പിച്ചിട്ടുണ്ട്. ഇത് പേപ്പർവർക്കുകളുടെയും നേരിട്ടുള്ള ബ്രാഞ്ച് സന്ദർശനങ്ങളുടെയും ആവശ്യകത കുറയ്ക്കുന്നു.**

mudra

Tuesday March 4, 2025 16:53 PM हिंदी A- A A+

LOGIN FOR PMMY PORTAL

# മുദ്രാ ലോണിന്റെ അപേക്ഷാ പ്രക്രിയ നമുക്ക് മനസ്സിലാക്കാം

മുദ്രാ ലോണിന് ഓൺലൈനായി അപേക്ഷിക്കുന്നതിന്, ആദ്യം, നിങ്ങൾ https://www. mudra.org.in/ എന്ന വെബ്സൈറ്റിലേക്ക് പോകണം. അവിടെ നിന്ന് ഫോം ഡൗൺലോഡ് ചെയ്യുക. നിങ്ങൾ വായ്പ എടുക്കാൻ ആഗ്രഹിക്കുന്ന വിഭാഗം പരാമർശിച്ച് ഫോം പൂരിപ്പിച്ച് ആവശ്യമായ രേഖകൾ സഹിതം ബാങ്കിൽ സമർപ്പിക്കുക.

**അപേക്ഷിക്കുന്നതിന് മുമ്പ് തയ്യാറാക്കേണ്ട രേഖകൾ**

- തിരിച്ചറിയൽ രേഖ
- മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖ
- പാസ്പോർട്ട് സൈസ് ഫോട്ടോ
- അപേക്ഷകന്റെ ഒപ്പ്
- ബാധകമാകുന്നിടത്തെല്ലാം സംരംഭം തെളിയിക്കുന്നതിനുള്ള രേഖ

## രജിസ്ട്രേഷന്റെ ഘട്ടം ഘട്ടമായുള്ള പ്രക്രിയ

| ഘട്ടം 1 | ഘട്ടം 2 | ഘട്ടം 3 | ഘട്ടം 4 |
| --- | --- | --- | --- |
| ജൻ സമർഥ് പോർട്ടലിനായി ഔദ്യോഗിക വെബ്സൈറ്റായ **mudra.org.in** സന്ദർശിക്കുക അല്ലെങ്കിൽ ഏതെങ്കിലും ബാങ്കിന്റെ അടുത്തുള്ള ശാഖയിൽ പോകുക. | മുദ്രാ ലോണിലെ 'Apply Now"ൽ ക്ലിക്ക് ചെയ്യുക | താഴെപ്പറയുന്നവയിൽ ഒന്ന് തിരഞ്ഞെടുക്കുക: പുതിയ സംരംഭകൻ / നിലവിലുള്ള സംരംഭകൻ / സ്വയംതൊഴിൽ ചെയ്യുന്ന പ്രൊഫഷണൽ | തുടർന്ന്, അപേക്ഷകന്റെ പേര്, ഇമെയിൽ, മൊബൈൽ നമ്പർ എന്നിവ പൂരിപ്പിച്ച് ഒരു OTP സൃഷ്ടിക്കുക. |

## രജിസ്ട്രേഷന് ശേഷം

- **ഘട്ടം 1:** വ്യക്തിഗത വിശദാംശങ്ങളും ബിസിനസ് വിശദാംശങ്ങളും പൂരിപ്പിക്കുക.
- **ഘട്ടം 2:** പ്രോജക്റ്റ് പ്രൊപ്പോസൽ തയ്യാറാക്കുന്നതിൽ എന്തെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ പിന്തുണാ ഏജൻസികളെ തിരഞ്ഞെടുക്കുക; അല്ലെങ്കിൽ, 'ലോൺ ആപ്ലിക്കേഷൻ സെന്റർ' ക്ലിക്ക് ചെയ്യുക.
- **ഘട്ടം 3:** ആവശ്യമായ വായ്പയുടെ വിഭാഗം തിരഞ്ഞെടുക്കുക - മുദ്ര ശിശു/മുദ്ര കിഷോർ/മുദ്ര തരുൺ/തരുൺ പ്ലസ്.
- **ഘട്ടം 4:** ബിസിനസിന്റെ പേര്, ബിസിനസ് പ്രവർത്തനം മുതലായവ നൽകി ഉൽപ്പാദനം, സേവനം, വ്യാപാരം അല്ലെങ്കിൽ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കൃഷി പോലുള്ള വ്യവസായത്തിന്റെ തരം തിരഞ്ഞെടുക്കുക.
- **ഘട്ടം 5:** ഉടമയുടെ വിശദാംശങ്ങൾ, നിലവിലുള്ള ബാങ്കിംഗ്, വായ്പാ സൗകര്യങ്ങൾ, നിർദ്ദിഷ്ട വായ്പാ സൗകര്യങ്ങൾ, ഭാവി പദ്ധതികൾ,ഇഷ്ടപ്പെടുന്ന വായ്പ നൽകുന്ന സ്ഥാപനം തുടങ്ങിയ മറ്റ് വിശദാംശങ്ങൾ നൽകുക.
- **ഘട്ടം 6:** തിരിച്ചറിയൽ രേഖ, മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖ, അപേക്ഷകന്റെ ഫോട്ടോ, അപേക്ഷകന്റെ ഒപ്പ്, ബിസിനസ് സംരംഭം തെളിയിക്കുന്നതിനുള്ള രേഖ/വിലാസം തുടങ്ങിയ ആവശ്യമായ എല്ലാ രേഖകളും ഉൾച്ചേർക്കുക.
- **ഘട്ടം 7:** അപേക്ഷ സമർപ്പിച്ചുകഴിഞ്ഞാൽ ഒരു അപേക്ഷാ നമ്പർ ജനറേറ്റ് ചെയ്യപ്പെടും, അത് ഭാവി റഫറൻസിനായി സൂക്ഷിക്കേണ്ടതാണ്.

## അപേക്ഷ സമർപ്പിക്കൽ ലളിതമാക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു

പ്രധാൻമന്ത്രി മുദ്രാ യോജന ഫലപ്രദമായി നടപ്പിലാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രചാരണ പരിപാടികൾ, ലളിതമായ അപേക്ഷാ ഫോർമാറ്റ്, വായ്പാ ഗ്യാരണ്ടി പദ്ധതി, മുദ്രാ നോഡൽ ഓഫീസറുടെ നാമനിർദ്ദേശം എന്നിവ ഇതിൽ ഉൾപ്പെടുന്നു. ജൻ സമർഥ് പോർട്ടലിന്റെ ആവിർഭാവം അപേക്ഷകന്റെ വിവരങ്ങളുടെ ഡിജിറ്റൽ പരിശോധന വേഗത്തിൽ നടത്തി അംഗീകാരം നൽകുന്നതും വായ്പകളുടെ ഫലപ്രദമായ വിതരണവും സാധ്യമാക്കുന്നു.

### പിഎം മുദ്രാ ലോണിന് അർഹരായ അപേക്ഷകർ

- **വ്യക്തികൾ, സ്ഥാപനങ്ങൾ, പങ്കാളിത്ത സ്ഥാപനങ്ങൾ, സ്വകാര്യ ലിമിറ്റഡ് കമ്പനികൾ മുതലായവർക്ക് പിഎം മുദ്രാ ലോണിന് അപേക്ഷിക്കാൻ അർഹതയുണ്ട്. അപേക്ഷകൻ ഏതെങ്കിലും ബാങ്കിന്റെയോ ധനകാര്യ സ്ഥാപനത്തിന്റെയോ വായ്പാ തിരിച്ചടവിൽ വീഴ്ച വരുത്തുന്നയാളാകരുത്. അദ്ദേഹത്തിന്റെ ക്രെഡിറ്റ് ട്രാക്ക് റെക്കോർഡ് തൃപ്തികരമായിരിക്കണം.**

സംരംഭത്തിന് പിന്തുണ നൽകിയിട്ടുണ്ട്. ദാരിദ്ര്യത്തിനെതിരെ പോരാടുന്നതിനും രാജ്യത്തുടനീളമുള്ള സംരംഭകരെ ശാക്തീകരിക്കുന്നതിനുമായി ഈ സ്ഥാപനങ്ങൾ ഒന്നിച്ചുകൊണ്ട് ഒരു ബൃഹത് പ്രസ്ഥാനം സൃഷ്ടിച്ചു.

പുതിയ പദ്ധതി പ്രകാരം ഈ സ്ഥാപനങ്ങൾ ചെറുകിട വ്യാപാരികളുടെ അടുത്തേക്ക് പോയി അവരെ തിരിച്ചറിയേണ്ടതുണ്ട്. മുദ്രാ ലിമിറ്റഡ് വഴി ഈ ഇടനിലക്കാർക്ക് കുറഞ്ഞ പലിശ നിരക്കിൽ നൽകുന്ന പണം അവരിലൂടെ വായ്പാ ആവശ്യക്കാർക്ക് കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കാൻ കഴിയും.

# പുതിയ നാലാമത്തെ വിഭാഗത്തിൽ 20 ലക്ഷം രൂപ വരെ ഇപ്പോൾ വായ്പ

*തൊഴിലന്വേഷകനാകുന്നതിനു പകരം തൊഴിൽദാതാവാകുന്നതിനുള്ള മൂലധന തടസ്സം ഗവൺമെന്റ് നീക്കം ചെയ്യുന്നു. മുദ്ര പദ്ധതി പ്രകാരം, ശിശു, കിഷോർ, തരുൺ എന്നീ 3 വിഭാഗങ്ങളിലായി നേരത്തെ വായ്പാപരിധി ഉണ്ടായിരുന്നു. തരുൺ വിഭാഗത്തിലെ പരമാവധി വായ്പ 10 ലക്ഷം രൂപ വരെയായിരുന്നു. 2024-25 സാമ്പത്തിക വർഷം മുതൽ, പദ്ധതിയിൽ തരുൺ പ്ലസ് എന്ന പുതിയ വിഭാഗം ആരംഭിച്ചിട്ടുണ്ട്. ഇതിൽ തരുൺ വിഭാഗത്തിൽ നിന്ന് മുമ്പ് 10 ലക്ഷം രൂപ വായ്പ എടുക്കുകയും അത് കൃത്യമായി തിരിച്ചടയ്ക്കുകയും ചെയ്ത സംരംഭകർക്ക് 20 ലക്ഷം രൂപ വരെ വായ്പ നൽകുന്നതാണ് ഈ പദ്ധതി. മൈക്രോ യൂണിറ്റുകൾക്കുള്ള വായ്പ ഗ്യാരണ്ടി ഫണ്ടിന് കീഴിൽ ഈ വായ്പാ വിഭാഗവും ഉൾപ്പെടും. ഇത് ചെറുകിട ബിസിനസുകൾക്ക് ധനസഹായം ലഭിക്കുന്നത് എളുപ്പമാക്കുന്നു. ഇപ്പോൾ, മുദ്ര വായ്പകൾ നാല് വിഭാഗങ്ങളായി നൽകുന്നു..*

**ശിശു വായ്പ: 50,000 രൂപ വരെ**

**കിഷോർ വായ്പ :50,000 രൂപയ്ക്ക് മുകളിൽ 5 ലക്ഷം രൂപ വരെ**

**തരുൺ: 5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം രൂപ വരെ**

**തരുൺ പ്ലസ് :10 ലക്ഷത്തിന് മുകളിൽ 20 ലക്ഷം രൂപ വരെ**

- മുദ്ര വായ്പയ്ക്ക് ഈട് ആവശ്യമില്ല. വായ്പയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ആർബിഐ നിയന്ത്രണങ്ങളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള ആർബിഐ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ബാങ്കിന്റെ സ്വന്തം വായ്പാ നയങ്ങളാൽ നിയന്ത്രിക്കപ്പെടുന്നു. ഫണ്ടുകളുടെ ചെലവ്, അപകടസാധ്യത വിലയിരുത്തൽ, വായ്പകളുടെ കാലാവധി മുതലായവയെ അടിസ്ഥാനമാക്കിയുള്ളതാണ് പിഎംഎംവൈ വായ്പകൾക്ക് ഈടാക്കുന്ന പലിശ നിരക്ക്.
- താല്പര്യമുള്ള യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് ശിശു വായ്പ മുൻഗണന നൽകുന്നു.

## നിരവധി നേട്ടങ്ങൾ

- മുദ്ര റുപേ ഡെബിറ്റ് കാർഡ് ഉപയോഗിച്ച് വായ്പ എടുക്കുന്ന വ്യക്തിക്ക് സൗകര്യപൂർവ്വം വായ്പ തുക ഒരു ബുദ്ധിമുട്ടും കൂടാതെ പിൻവലിക്കാം.
- ഈ കാർഡ് വഴി, വായ്പ എടുക്കുന്ന വ്യക്തിക്ക് ഓവർഡ്രാഫ്റ്റ് സൗകര്യം ലഭിക്കുന്നു.ഇത് പ്രവർത്തന മൂലധനം എളുപ്പമാക്കുന്നു.
- എടിഎമ്മിൽ നിന്നോ ബിസിനസ് കറസ്പോണ്ടന്റിൽ നിന്നോ പണം പിൻവലിക്കാനോ പോയിന്റ് ഓഫ് സെയിൽ മെഷീൻ ഉപയോഗിച്ച് വാങ്ങലുകൾ നടത്താനോ മുദ്ര കാർഡ് ഉപയോഗിക്കാം.
- വായ്പ ഉടമയുടെ കൈവശം അധിക തുക ലഭ്യമാണെങ്കിൽ ഇതിലൂടെ തിരിച്ചടയ്ക്കാനും കഴിയും. ഇത് ചെയ്യുന്നതിലൂടെ, സംരംഭകന്റെ പലിശ ചെലവ് കുറയുന്നു.



## മൂന്ന് വർഷത്തിനുള്ളിൽ മുദ്ര വായ്പയിലൂടെ സൃഷ്ടിച്ച തൊഴിൽ

PMMY യുടെ കീഴിലുള്ള തൊഴിൽ സൃഷ്ടിക്കൽ കണ്ടെത്തുന്നതിനായി കേന്ദ്ര തൊഴിൽ, ഉദ്യോഗ മന്ത്രാലയം ദേശീയ തലത്തിൽ ഒരു സർവേ നടത്തി. സർവേ ഫലം അനുസരിച്ച്, 2015 മുതൽ 2018 വരെയുള്ള മൂന്ന് വർഷത്തിനുള്ളിൽ ഈ പദ്ധതി 1.12 കോടി അധിക തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹായിച്ചു.



ഇതിനായി മൂന്ന് വിഭാഗങ്ങൾ (ഇപ്പോൾ നാല്) തീരുമാനിച്ചു. ഇതോടൊപ്പം, വായ്പയ്ക്ക് പുറമെ ആവശ്യമായി വരുന്ന കുറച്ചുകൂടി പണം നേടാൻ ഒരു മുദ്ര കാർഡ് ക്രമീകരിച്ചു. അതിനാൽ ഒരാൾക്ക് ഇനി പണമിടപാടുകാരുടെ അടുത്തേക്ക് മടങ്ങേണ്ടിവരില്ല. അടിയന്തര സാഹചര്യങ്ങളിൽ ഈ കാർഡ് ഉപയോഗിക്കാം. കടം വാങ്ങുന്നയാൾക്ക് തന്റെ സൗകര്യപൂർവ്വം ഒരു ബുദ്ധിമുട്ടും കൂടാതെ വായ്പ നേടാൻ കഴിയുന്ന ഒരു നൂതന വായ്പ സംരംഭമാണ് മുദ്ര കാർഡ്. ഇത് കടം വാങ്ങുന്നയാൾക്ക് ഓവർഡ്രാഫ്റ്റ് സൗകര്യം നൽകുന്നു. മുദ്ര കാർഡ് ഒരു റുപേ ഡെബിറ്റ് കാർഡ് ആയതിനാൽ, എടിഎമ്മിൽ





## നിങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരങ്ങൾ



- **പ്രധാനമന്ത്രി മുദ്ര യോജന പ്രകാരം ഖാദി പ്രവർത്തനങ്ങൾക്ക് വായ്പ ലഭിക്കാൻ അർഹതയുണ്ടോ ?**
- അതെ. വരുമാനം ഉണ്ടാക്കുന്ന ഏതൊരു പ്രവർത്തനത്തിനും മുദ്ര വായ്പകൾ ലഭ്യമാണ്. ടെക്സ്റ്റൈൽ മേഖലയ്ക്ക് കീഴിലുള്ള വായ്പക്ക് അർഹമായ പ്രവർത്തനങ്ങളിൽ ഒന്നാണ് ഖാദി. വരുമാനമുണ്ടാക്കുന്നതിനായി മുദ്ര വായ്പ എടുക്കുകയാണെങ്കിൽ, അതിന് പരിരക്ഷ ലഭിക്കും.

- **സിഎൻജി ടെമ്പോ/ടാക്സി വാങ്ങുന്നതിന് മുദ്ര വായ്പകൾ ലഭ്യമാണോ?**
- അപേക്ഷകൻ വാണിജ്യ ആവശ്യങ്ങൾക്കായി വാഹനം ഉപയോഗിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഒരു സിഎൻജി ടെമ്പോ/ടാക്സി വാങ്ങുന്നതിന് മുദ്ര വായ്പ ലഭ്യമാകും.

**എനിക്ക് ബാങ്കിൽ ഒരു സേവിംഗ്സ് അക്കൗണ്ട് ഉണ്ട്. മുദ്രയ്ക്ക് കീഴിലുള്ള വായ്പകൾ ലഭ്യമാകുമോ?**

- തീർച്ചയായും. അപേക്ഷകന് ബാങ്ക് ശാഖയെ സമീപിക്കാം. അംഗങ്ങളുടെ വായ്പാ സ്ഥാപനങ്ങളിൽ വായ്പയ്ക്ക് അപേക്ഷിക്കുക. ആർബിഐയുടെ വിശാലമായ മാർഗ്ഗനിർദ്ദേശങ്ങളെ ആധാരമാക്കി, വായ്പാ സ്ഥാപനത്തിന്റെ നയങ്ങൾ അനുസരിച്ചായിരിക്കും വായ്പയുടെ നിബന്ധനകളും വ്യവസ്ഥകളും. നിർദ്ദിഷ്ട വരുമാനം സൃഷ്ടിക്കുന്ന പ്രവർത്തനത്തിന്റെ ആവശ്യകത അനുസരിച്ച് വായ്പ തുക തീരുമാനിക്കും.പ്രവർത്തനത്തിൽ നിന്നുള്ള പ്രതീക്ഷിക്കുന്ന വരവ് അനുസരിച്ചായിരിക്കും തിരിച്ചടവ് നിബന്ധനകൾ തീരുമാനിക്കുന്നത്.

- **പി എം എം വൈ ശിശു വായ്പ പ്രകാരം, ഒരു വായ്പാ നിർദ്ദേശത്തിൽ നടപടി പൂർത്തിയാക്കാൻ എത്ര സമയമെടുക്കും?**
- ആർബിഐ രൂപീകരിച്ച ബാങ്കിംഗ് കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് ബോർഡ് ഓഫ് ഇന്ത്യ (BCSBI) അനുസരിച്ച്, 5 ലക്ഷം രൂപ വരെ പരിധിയുള്ള വായ്പാ അപേക്ഷകൾ 2 ആഴ്ചയ്ക്കുള്ളിൽ തീർപ്പാക്കണം.

- **പിഎം മുദ്ര യോജന പ്രകാരം 10 ലക്ഷം രൂപ വായ്പ ലഭിക്കുന്നതിന് കഴിഞ്ഞ 2 വർഷത്തെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കേണ്ടത് നിർബന്ധമാണോ?**
- സാധാരണയായി, ചെറിയ മൂല്യമുള്ള വായ്പകൾക്ക് ആദായ നികുതി റിട്ടേണുകൾ നിർബന്ധമല്ല. എന്നിരുന്നാലും, ബന്ധപ്പെട്ട വായ്പാ സ്ഥാപനം അതിന്റെ ആഭ്യന്തര മാർഗ്ഗനിർദ്ദേശങ്ങളും നയങ്ങളും അടിസ്ഥാനമാക്കി രേഖകൾ ആവശ്യപ്പെട്ടേക്കാം .

- **പിഎം മുദ്ര വായ്പ സുഗമമാക്കുന്നതിന് ഏതെങ്കിലും ഏജന്റുണ്ടോ?**
- മുദ്ര വായ്പ ലഭിക്കുന്നതിന് ഒരു ഏജന്റിനെയോ ഇടനിലക്കാരനെയോ നിയമിക്കുന്നില്ല. മുദ്ര/ പി എം എം വൈ യുടെ ഏജന്റുമാരായി/ സഹായിയായി സമീപിക്കുന്ന വ്യക്തികളിൽ നിന്ന് ദൂരം പാലിക്കാൻ വായ്പ വാങ്ങുന്നവരോട് നിർദ്ദേശിക്കുന്നു

നിന്നോ ബിസിനസ് കറസ്പോണ്ടന്റിൽ നിന്നോ പണം പിൻവലിക്കാനോ പോയിന്റ് ഓഫ് സെയിൽ (പിഒഎസ്) മെഷീൻ ഉപയോഗിച്ച് വാങ്ങലുകൾ നടത്താനോ ഇത് ഉപയോഗിക്കാം.മിച്ചം പണം ലഭ്യമാകുമ്പോഴെല്ലാം തുക തിരിച്ചടയ്ക്കാനുള്ള സൗകര്യവും ഇതിലുണ്ട്. അതുവഴി പലിശ ചെലവ് കുറയ്ക്കുന്നു.

**തൊഴിലന്വേഷകരല്ല, തൊഴിൽ സ്രഷ്ടാക്കൾ**

മുദ്ര യോജന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഹൃദയത്തോട് വളരെ അടുത്തതാണ്.കാരണം ഈ പദ്ധതിയിൽ നിന്ന് ഉയർന്നുവരുന്ന കർമ്മയോഗികളും, സംരംഭകരായ യുവാക്കളും, സ്ത്രീശക്തിയും ഇന്ന് രാജ്യത്തിന്റെ അഭിവൃദ്ധിക്കും സമൂഹത്തിന്റെ ക്ഷേമത്തിനും ഗണ്യമായ സംഭാവന നൽകുന്നു. തൊഴിലന്വേഷകർക്ക് പകരം യുവാക്കളെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നവരാകാൻ ഈ പദ്ധതി സഹായിച്ചിട്ടുണ്ട്. പ്രധാനമന്ത്രി മോദി പറയുന്നു, "മുദ്ര യോജനയുടെ ഗുണഭോക്താക്കളോടൊപ്പം എന്റെ വസതിയിൽ കുറച്ച് സമയം ചെലവഴിക്കാൻ എനിക്ക് അവസരം ലഭിച്ചു. അവരുടെ അനുഭവങ്ങൾ, അവരുടെ പോരാട്ടങ്ങൾ, പുരോഗതിയുടെ കഥകൾ എന്നിവ സംതൃപ്തി നൽകുകയും മനസ്സിനെ അഭിമാനം കൊണ്ട് നിറയ്ക്കുകയും ചെയ്യുന്നു."

ദരിദ്രരിലുള്ള ഗവൺമെന്റിന്റെ വിശ്വാസം, ദരിദ്രരുടെ സ്വപ്നങ്ങളിലുള്ള വിശ്വാസം, ദരിദ്രരുടെ കഠിനാധ്വാനത്തിലുള്ള വിശ്വാസം എന്നിവയാണ് ഇന്നത്തെ ഈ പദ്ധതി

യുടെ അടിസ്ഥാനം.


മുദ്ര യോജനയുടെ വിജയം നോക്കിക്കണ്ട പ്രധാനമന്ത്രി പറയുന്നു: പതിറ്റാണ്ടുകൾക്ക് മുമ്പ് യുവാക്കൾക്ക് മുദ്ര പോലുള്ള ഒരു പദ്ധതി ലഭിച്ചിരുന്നെങ്കിൽ, നഗരങ്ങളിലേക്കുള്ള കുടിയേറ്റത്തിന്റെ പ്രശ്നം ഇത്ര രൂക്ഷമാകുമായിരുന്നില്ല. ഈട് ഇല്ലാതെ യുവാക്കൾക്ക് ബാങ്ക് വായ്പ ലഭിച്ചിരുന്നെങ്കിൽ, കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിച്ചിരുന്നെങ്കിൽ, അവർ സ്വന്തം ഗ്രാമത്തിലോ നഗരത്തിലോ താമസിച്ചു കൊണ്ട് സ്വന്തമായി തൊഴിൽ സൃഷ്ടിക്കുമായിരുന്നു. ഇന്ന്, പാവപ്പെട്ടവരിൽ ഏറ്റവും പാവപ്പെട്ടവർക്ക് പോലും യാതൊരു ഈടും ഇല്ലാതെ മുദ്ര വായ്പകൾ ലഭിക്കുന്നു. ഒരു സാധാരണക്കാരന് പോലും മുദ്ര വായ്പകളുടെ സഹായത്തോടെ ഒരു സംരംഭകനാകാൻ കഴിയും. രാജ്യത്ത് പ്രതിഭകൾക്ക് ഒരു ക്ഷാമവുമില്ല. എല്ലാവർക്കും, അവർ ഏത് മേഖലയിലായാലും ഏത് വിഭാഗത്തിലായാലും, എന്തെങ്കിലും പ്രത്യേക കഴിവുണ്ട്. പ്രതിഭയെ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. മുദ്ര യോജന ജനങ്ങളുടെ പ്രത്യേകിച്ച്, യുവാക്കളുടെ ഈ കഴിവിനെ ശക്തിപ്പെടുത്തുകയാണ്. കഴിവുകൾ പ്രോത്സാഹിപ്പിക്കപ്പെടുമ്പോൾ, അത് കൂടുതൽ ഫലപ്രദമാവുകയും ജീവിതത്തിൽ ഒരു മാറ്റം വരുത്തുകയും ചെയ്യുന്നു.

പ്രധാനമന്ത്രി മുദ്ര യോജന പ്രകാരം, 20 ശതമാനത്തിലധികം വായ്പകൾ സ്വന്തം ബിസിനസ്സ് ആദ്യമായി ആരംഭിച്ചവർക്കോ ആദ്യമായി മുദ്ര വായ്പ തേടുന്നവർക്കോ നൽകിയിട്ടുണ്ട്. ഒരുകാലത്ത് തൊഴിൽരഹിതരായ വ്യക്തികളാണ് ഇപ്പോൾ തൊഴിൽ സൃഷ്ടിക്കുന്നത്. ഇതുമാത്രമല്ല, വായ്പകളിൽ 68 ശതമാനവും

സ്ത്രീകൾക്കാണ്. ഒരു സ്ത്രീ മുന്നോട്ട് പോകുമ്പോൾ, സാമ്പത്തിക പ്രവർത്തനങ്ങളുടെ കേന്ദ്രമായി മാറുമ്പോൾ, മുഴുവൻ കുടുംബത്തിന്റെയും ആത്മവിശ്വാസം വർദ്ധിക്കുന്നു, ചിന്ത തന്നെ മാറുന്നു, സമൂഹം ശാക്തീകരിക്കപ്പെടുന്നു. മുദ്ര യോജന സ്ത്രീകളുടെ സാമ്പത്തിക ശക്തിയും സാമൂഹിക തീരുമാനങ്ങളിൽ അവരുടെ പങ്കാളിത്തവും വർദ്ധിപ്പിച്ചു. അതുപോലെ, മുദ്ര യോജനയ്ക്ക് കീഴിലുള്ള 50 ശതമാനത്തിലധികം വായ്പകൾ പിന്നാക്ക സമൂഹങ്ങളിൽ നിന്നുള്ളവർക്കാണ് നൽകിയിരിക്കുന്നത്. സാമ്പത്തിക ഉൾപ്പെടുത്തലിന്റെ ഒരു മികച്ച ഉദാഹരണമായി മുദ്ര യോജന മാറിയിരിക്കുന്നു. മുദ്രയിലൂടെ, എസ്സി-എസ്ടി യുവാക്കൾക്ക് ബിസിനസ്സ് ആരംഭിക്കുന്നതിന് ശക്തമായ ഒരു വേദി നൽകുക എന്ന സ്വപ്നം യാഥാർത്ഥ്യമാകുകയാണ്. ഈ പദ്ധതി നടപ്പിലാക്കുന്നത് രാജ്യത്തുടനീളമുള്ള കുടുംബങ്ങളുടെ ജീവിതശൈലി മെച്ചപ്പെടുത്തി; അവരുടെ കുട്ടികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകാനും മറ്റുള്ളവർക്ക് നിരവധി തൊഴിലവസരങ്ങൾ നൽകാനും കഴിയും. സാമൂഹികമായി പിന്നാക്കം നിൽക്കുന്നവരെ സംബന്ധിച്ചിടത്തോളം ഇതുവരെ ഉള്ളതിൽ വച്ച് ഏറ്റവും വലിയ സാമ്പത്തിക ഉൾപ്പെടുത്തലാണിത്.

ദശാബ്ദങ്ങളായി, ദാരിദ്ര്യത്തിനെതിരെ പോരാടുന്നതിലും ദരിദ്രരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ച നിരവധി മുദ്രാവാക്യങ്ങൾക്ക് ഇന്ത്യ സാക്ഷ്യം വഹിച്ചിട്ടുണ്ട്. എന്നിരുന്നാലും, പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾക്ക് സാമ്പത്തികവും സാമൂഹികവുമായ പിന്തുണ നൽകിക്കൊണ്ട്, യാതൊരു പക്ഷപാതവുമില്ലാതെ അവരെ ശാക്തീകരിക്കുന്നതിനായി പ്രവർത്തിക്കുന്ന ഒരു ശക്തമായ പദ്ധതിയായി മുദ്ര യോജന വേറിട്ടുനിൽക്കുന്നു.










**“നൈപുണ്യത്തിന് പ്രോത്സാഹനം ലഭിക്കുമ്പോൾ, അത് കൂടുതൽ ഫലവത്താവുകയും ജീവിതത്തിൽ മാറ്റം ഉണ്ടാവുകയും ചെയ്യുന്നു. ഒരാൾക്ക് എംബ്രോയിഡറിയിൽ വൈദഗ്ദ്ധ്യം ഉണ്ടെന്ന് കരുതുക. മുദ്ര വായ്പ എടുത്ത് അദ്ദേഹത്തിന് എംബ്രോയിഡറി ബിസിനസ്സ് ആരംഭിക്കാം.സ്വന്തം കൈത്തറി ആരംഭിക്കുന്നതിൽ ചിലർക്ക് സഹായം ലഭിച്ചു. ഒരു തരത്തിൽ, രാജ്യത്തെ സാധാരണക്കാരുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനും ജനങ്ങളെ ശാക്തീകരിക്കുന്നതിനും മുദ്ര യോജന പ്രവർത്തിച്ചിട്ടുണ്ട്.**

**– നരേന്ദ്ര മോദി, പ്രധാനമന്ത്രി**

ഒരു ദശാബ്ദം മുമ്പ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്ത ഈ പദ്ധതി ,വരുമാനം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട, കോർപ്പറേറ്റ് ഇതര, കാർഷികേതര സംരംഭകർക്ക് 10 ലക്ഷം രൂപ വരെ ഈട് രഹിത സൂക്ഷ്മ വായ്പകൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ വായ്പതുക ഇപ്പോൾ 20 ലക്ഷം രൂപയായി ഉയർത്തി.

2025 ഫെബ്രുവരി വരെ, ഈ പദ്ധതി പ്രകാരം 52 കോടിയിലധികം വായ്പകൾ അംഗീകരിച്ചു. രാജ്യത്തുടനീളമുള്ള സൂക്ഷ്മ സംരംഭങ്ങൾക്ക് ഈട് രഹിത വായ്പകൾ എളുപ്പത്തിൽ ലഭ്യമാക്കാൻ മുദ്ര യോജന സൗകര്യമൊരുക്കിയിട്ടുണ്ട്. ഈ സംരംഭം പ്രോത്സാഹിപ്പിക്കുന്നതിൽ ഗവൺമെന്റ് ശ്രദ്ധ കേന്ദ്രീകരിച്ചതിന്റെ ഫലമായി, ദശലക്ഷക്കണക്കിന് എംഎസ്എംഇകളെ (സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ) ഔപചാരിക സമ്പദ്‌വ്യവസ്ഥയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞു. ഇത് പലപ്പോഴും പണമിടപാടുകാർ ചുമത്തുന്ന ഉയർന്ന പലിശ നിരക്കുള്ള വായ്പകളിൽ നിന്ന് രക്ഷപ്പെടാൻ ഇത് അവരെ അനുവദിക്കുന്നു. വളർന്നുവരുന്ന സംരംഭകർക്ക് എളുപ്പത്തിൽ വായ്പ ലഭിക്കുന്നത് നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കുകയും പ്രതിശീർഷ വരുമാനത്തിൽ സ്ഥിരമായ വളർച്ചയ്ക്ക് കാരണമാവുകയും ചെയ്തു.

പ്രധാനമന്ത്രി മുദ്ര യോജന ഇന്ത്യയിലെ സംരംഭകത്വ ഭൂപ്രകൃതിയെ അടിസ്ഥാനപരമായി മാറ്റിമറിച്ചു.ഇത് സാമ്പത്തികവും സാമൂഹികവുമായ ഉൾപ്പെടുത്തലിൽ ഗണ്യമായ പുരോഗതിയിലേക്ക് നയിച്ചു. ഈ പദ്ധതി എണ്ണമറ്റ പുതിയ സംരംഭകരെ അവരുടെ ബിസിനസ്സ് സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ പ്രാപ്തമാക്കി. വർഷങ്ങളായി, ഈ പദ്ധതി സ്ത്രീകളെയും ന്യൂനപക്ഷ സമൂഹങ്ങളെയും ശാക്തീകരിക്കുകയും സാമ്പത്തിക ഉന്നമനത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കുകയും എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ചയ്ക്കുള്ള അന്തരീക്ഷം വളർത്തിയെടുക്കുകയും ചെയ്തു. വായ്പാ പരിധി 20 ലക്ഷം രൂപയായി വർദ്ധിക്കുമ്പോൾ, ചെറുകിട ബിസിനസുകളെ പരിപോഷിപ്പിക്കുന്നതിലും രാജ്യത്തെ കൂടുതൽ നീതിയുക്തവും സമൃദ്ധവുമായ ഭാവിയിലേക്ക് നയിക്കുന്നതിലും മുദ്ര യോജന ഒരു പ്രധാന പങ്ക് വഹിക്കുന്നു.

## സ്റ്റാൻഡ് അപ്പ് ഇന്ത്യ പദ്ധതിയുടെ 9 വർഷങ്ങൾ

# എസ് സി, എസ് ടി,വനിതാ സംരംഭകർക്ക് ശക്തമായ പിന്തുണ

***ബാങ്കുകളുടെ ദേശസാൽക്കരണത്തിന് പതിറ്റാണ്ടുകൾക്ക് ശേഷം, 2014 വരെ, രാജ്യത്തെ ജനസംഖ്യയുടെ പകുതിയോളം പേരും ബാങ്കിംഗ് സംവിധാനത്തിന് പുറത്തായിരുന്നു. സംവിധാനം മാറിയപ്പോൾ, 55 കോടി ജൻ ധൻ അക്കൗണ്ടുകൾ തുറക്കുക മാത്രമല്ല, യുവാക്കളെ തൊഴിൽ ദാതാക്കളാക്കുന്നതിനായി ഈട് രഹിത വായ്പകൾക്കുള്ള പദ്ധതികളും ആരംഭിച്ചു. 2016 ഏപ്രിൽ 5 ന് ആരംഭിച്ച സ്റ്റാൻഡ് അപ്പ് ഇന്ത്യ പദ്ധതി അതിലൊന്നാണ്. ഈ പദ്ധതിയുടെ വിജയത്തിന്റെ കഥയും സ്ഥിതിവിവരക്കണക്കുകൾ പറയുന്നു. 9 വർഷത്തിനുള്ളിൽ എസ്‌സി, എസ്ടി സമൂഹത്തോടൊപ്പം എല്ലാ വിഭാഗങ്ങളിലെയും വനിതാ സംരംഭകത്വത്തിന് സ്റ്റാൻഡ് അപ്പ് ഇന്ത്യ പുതിയ പിന്തുണ നൽകി.2.67 ലക്ഷം അപേക്ഷകർക്ക് 60,000 കോടിയിലധികം രൂപ വായ്പയായി നൽകി.***

രാജ്യത്തെ പുതിയ സംരംഭകരിലും യുവാക്കളിലും സ്വയം തൊഴിലിനൊപ്പം സംരംഭകത്വത്തിന്റെ മനോഭാവത്തിന് സാമ്പത്തിക ശക്തി പകരുക എന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ചിന്തയ്ക്ക് അനുസൃതമായി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച പദ്ധതിയാണ് സ്റ്റാൻഡ് അപ്പ് ഇന്ത്യ. പ്രത്യേകിച്ച് പട്ടികജാതി/വർഗക്കാരെയും സ്ത്രീകളെയും ഉദ്ദേശിച്ചുകൊണ്ട് രൂപകൽപ്പന ചെയ്ത സ്റ്റാൻഡ് അപ്പ് ഇന്ത്യ പദ്ധതി, ആത്മനിർഭർ ഭാരത് എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള ശക്തമായ ഒരു കണ്ണിയായി ഉയർന്നുവന്നിട്ടുണ്ട്. സ്റ്റാൻഡ് അപ്പ് ഇന്ത്യയുടെ കീഴിൽ, ഇതുവരെ 82% ത്തിലധികം വായ്പകൾ വനിതാ സംരംഭകർക്ക് നൽകിയിട്ടുണ്ട്.

**10 ലക്ഷം രൂപ മുതൽ 1 കോടി രൂപ വരെയുള്ള വായ്പകൾ.**

ഉൽപ്പാദനം, സേവനം, വ്യാപാരം, കൃഷി അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മേഖലയിൽ ഗ്രീൻഫീൽഡ് സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് ഷെഡ്യൂൾഡ് കൊമേഴ്‌സ്യൽ ബാങ്കുകൾ (SCBs) വഴി ഓരോ ബാങ്ക് ശാഖയിലും കുറഞ്ഞത് ഒരു പട്ടികജാതി അല്ലെങ്കിൽ പട്ടികവർഗ അപേക്ഷകനും ഒരു വനിതാ അപേക്ഷകയ്ക്കും 10 ലക്ഷം മുതൽ 1 കോടി രൂപ വരെ വായ്പ നൽകുക എന്നതാണ് സ്റ്റാൻഡ് അപ്പ് ഇന്ത്യയുടെ ലക്ഷ്യം. പുതിയ ഉൽപ്പന്നം നിർമ്മിക്കാനോ പുതിയ സേവനം നൽകാനോ പുതിയ വിപണിയിൽ വികസിക്കാനോ ആഗ്രഹിക്കുന്ന സ്ഥാപനങ്ങളാണ് ഗ്രീൻഫീൽഡ് സംരംഭങ്ങൾ. കൂടാതെ, വായ്പയ്ക്ക് അപേക്ഷിക്കുന്ന സ്ഥാപനത്തിൽ കുറഞ്ഞത് 51% ഓഹരിയെങ്കിലും എസ്‌സി/എസ്ടി അല്ലെങ്കിൽ വനിതാ സംരംഭക കൈവശം വയ്ക്കണം. അപേക്ഷകന് കുറഞ്ഞത് 18 വയസ്സ് പ്രായമുണ്ടായിരിക്കണം. അപേക്ഷകൻ പുരുഷനാണെങ്കിൽ, അയാൾ എസ്‌സി അല്ലെങ്കിൽ എസ്ടി വിഭാഗത്തിൽ പെടുന്നവനായിരിക്കണം. സ്റ്റാൻഡ്അപ്പ് ഇന്ത്യയുടെ ഔദ്യോഗിക പോർട്ടലായ https://www.standupmitra.in/Login/Register സന്ദർശിച്ച് വായ്പയ്ക്ക് അപേക്ഷിക്കാം. ഇതിനുപുറമെ, www.jansamarth.in പോർട്ടലിലും വായ്പകൾക്ക് അപേക്ഷിക്കാം.



**അംഗീകരിച്ച വായ്പാ തുക നാല് മടങ്ങ് വർദ്ധിച്ചു**

| മാർച്ച് 2018 | ഫെബ്രുവരി 2025 |
|---|---|
| **15,233.78** കോടി രൂപ | **60,503** കോടി രൂപ |

**അംഗീകൃത അക്കൗണ്ടുകൾ : 2.67 ലക്ഷം**

**അംഗീകൃത തുക 60,555 കോടി രൂപ**

**2025 മാർച്ച് 5 വരെയുള്ള കണക്കുകൾ*



# ആഗോള പങ്കാളിത്തത്തിലൂടെയുള്ള സഹകരണ സ്ഥാപനങ്ങളുടെ അഭിവൃദ്ധി

***സഹകാരിതയിലൂടെ സമൃദ്ധി എന്ന ദൗത്യവുമായി 2021 ജൂലൈയിൽ ഒരു പ്രത്യേക മന്ത്രാലയം രൂപീകരിച്ചു. ഇപ്പോൾ ആഗോള പങ്കാളിത്തത്തോടെ ഈ ദിശയിൽ ശക്തമായ സംരംഭങ്ങൾ സ്വീകരിച്ചുവരികയാണ്. മാർച്ച് 6 ന് സഹകരണ മേഖലയുടെ അവലോകനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരു പുതിയ മന്ത്രം നൽകി...***

സഹകരണ സ്ഥാപനങ്ങൾ സ്വാശ്രയത്വത്തിന്റെ ഏറ്റവും മികച്ച പ്രകട രൂപമാണ്. കൂടാതെ രാജ്യത്തെ ഭക്ഷ്യ ദാതാക്കളെ സമ്പന്നരാക്കുന്നതിനുള്ള ശക്തമായ ഒരു മാധ്യമം കൂടിയാണിത്. സഹകരണത്തിലൂടെ സമൃദ്ധി എന്ന തത്വത്തെ അടിസ്ഥാനമാക്കിയുള്ള സഹകരണ മാതൃക, എല്ലാ ഗ്രാമങ്ങളിലും വ്യാപിപ്പിക്കുന്നതിനൊപ്പം സാമൂഹികവും സാമ്പത്തികവുമായ ബന്ധങ്ങൾ ശക്തിപ്പെടുത്താനും ലക്ഷ്യമിടുന്നു. ഇപ്പോൾ, ഇത് കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി, ഇന്ത്യൻ സഹകരണ മേഖലയുടെ വികാസത്തിനും സഹകരണ സംഘടനകളിലൂടെ ജൈവ ഉൽപന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ആഗോള സംഘടനകളുമായുള്ള പങ്കാളിത്തത്തിന്റെ ആവശ്യകത പ്രധാനമന്ത്രി നരേന്ദ്ര മോദി ഊന്നിപ്പറഞ്ഞു. സഹകരണ മേഖലയുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി ഒരു ഉന്നതതല യോഗത്തിൽ അധ്യക്ഷത വഹിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി, കയറ്റുമതി വിപണികളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും കാർഷിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സഹകരണ സംഘങ്ങൾ വഴി മണ്ണ് പരിശോധനാ മാതൃകകൾ വികസിപ്പിക്കാൻ നിർദ്ദേശിച്ചു.




### രാജ്യത്തെ അഞ്ചിലൊന്ന് ജനങ്ങളും സഹകരണ മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു

- രാജ്യത്തെ അഞ്ചിലൊന്ന് ജനവിഭാഗവും നിലവിൽ സഹകരണ മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു. 30-ലധികം മേഖലകളിലായി വ്യാപിച്ചുകിടക്കുന്ന 8.2 ലക്ഷത്തിലധികം സഹകരണ സ്ഥാപനങ്ങൾ ഇതിലുൾപ്പെടുന്നു. 30 കോടിയിലധികം പേർ ഇതിലെ അംഗങ്ങളാണ്.
- 'സഹകരണത്തിലൂടെ സമൃദ്ധി' എന്ന ദർശനം യാഥാർത്ഥ്യമാക്കിക്കൊണ്ട് വിപുലമായ കൂടിയാലോചനകളിലൂടെ 2025-ലെ ദേശീയ സഹകരണ നയത്തിന്റെ കരട് സഹകരണ മന്ത്രാലയം തയ്യാറാക്കിയിട്ടുണ്ട്. സഹകരണ മേഖലയുടെ വ്യവസ്ഥാപിതവും സമഗ്രവുമായ വികസനം സുഗമമാക്കുകയാണ് ലക്ഷ്യം.
- സഹകരണ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി 7 സുപ്രധാന മേഖലകളിലായി 60 സംരംഭങ്ങൾക്ക് മന്ത്രാലയം തുടക്കം കുറിച്ചിട്ടുണ്ട്.
- സഹകരണ സ്ഥാപനങ്ങൾക്കായി ഭാരതസർക്കാർ നടപ്പാക്കിയ വിവിധ പദ്ധതികളിൽ 10-ലധികം മന്ത്രാലയങ്ങളുടെ 15-ലധികം പദ്ധതികൾ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ (പിഎസിഎസ്) തലത്തിൽ സംയോജിപ്പിച്ചിരിക്കുന്നു.

### ക്ഷീരമേഖലയിലെ സുസ്ഥിരതയും പുനഃചംക്രമണവും സംബന്ധിച്ച ശില്പശാലയുടെ ഉദ്ഘാടനം

ക്ഷീരമേഖലയിലെ സുസ്ഥിരതയും പുനഃചംക്രമണവും സംബന്ധിച്ച ശില്പശാല മാർച്ച് 3 ന് ന്യൂഡൽഹിയിൽ കേന്ദ്ര സഹകരണ മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്തു. സഹകരണ മന്ത്രാലയത്തിന്റെയും മത്സ്യ - മൃഗസംരക്ഷണ - ക്ഷീര വികസന മന്ത്രാലയത്തിന്റെയും നയസംരംഭങ്ങളിൽ ശില്പശാല ശ്രദ്ധകേന്ദ്രീകരിച്ചു. ക്ഷീരകൃഷിയിൽ സുസ്ഥിരതയോടെ സാമ്പത്തിക വികസനം കൈവരിക്കുന്നതിനൊപ്പം പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുകയാണ് ശില്പശാലയുടെ ലക്ഷ്യം. ധവളവിപ്ലവത്തിന്റെ രണ്ടാംഘട്ടത്തിലേക്ക് നീങ്ങുന്ന സാഹചര്യത്തിൽ സുസ്ഥിരതയുടെയും പുനഃചംക്രമണത്തിന്റെയും പ്രാധാന്യം ഏറെ വർധിക്കുന്നതായി ഉദ്ഘാടന പരിപാടിയിൽ സഹകരണ മന്ത്രി അമിത് ഷാ പറഞ്ഞു, ധവളവിപ്ലവത്തിന്റെ ആദ്യഘട്ടത്തിലെ നേട്ടങ്ങളിൽ സുസ്ഥിരതയും പുനഃചംക്രമണവും ഇനിയുമേറെ കൈവരിക്കാനുണ്ട്. രണ്ടാംഘട്ട ധവളവിപ്ലവത്തിന്റെ പ്രധാന ലക്ഷ്യം സുസ്ഥിരതയും പുനഃചംക്രമണവുമാണെന്നും തുടക്കം മുതൽ ഇക്കാര്യം ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു. ശില്പശാലയിൽ നിരവധി സംസ്ഥാനങ്ങളിൽ ജൈവവാതക നിലയങ്ങൾ സ്ഥാപിക്കുന്നതിന് ധാരണാപത്രങ്ങൾ ഒപ്പുവെയ്ക്കുകയും പുനഃചംക്രമണ ക്ഷീര രീതികളുടെ വ്യാപനത്തെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. കൂടാതെ ക്ഷീരകൃഷി കൂടുതൽ കാര്യക്ഷമമാക്കുന്നതിൽ നൂതന സാങ്കേതികവിദ്യയുടെ പങ്ക് ശില്പശാല എടുത്തുകാണിച്ചു. ദേശീയ ക്ഷീരവികസന ബോർഡുമായി സഹകരിച്ച് കേന്ദ്ര മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പാണ് ശില്പശാല സംഘടിപ്പിച്ചത്.

സാമ്പത്തിക ഇടപാടുകൾ സുഗമമാക്കുന്നതിന് റുപേ, കെസിസി കാർഡുകളുമായി യുപിഐ സംയോജിപ്പിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തുപറഞ്ഞ പ്രധാനമന്ത്രി മോദി സഹകരണ സ്ഥാപനങ്ങൾക്കിടയിൽ ആരോഗ്യകരമായ മത്സരത്തിന്റെ ആവശ്യകതയും വിശദീകരിച്ചു.

സഹകരണ സ്ഥാപനങ്ങളിൽ യുവാക്കളുടെയും സ്ത്രീകളുടെയും പങ്കാളിത്തം വർധിപ്പിച്ചുകൊണ്ട് സാങ്കേതിക ഉൾച്ചേർക്കലിന്റെ സഹായത്തോടെ ഈ മേഖലയിൽ 'സഹകരണത്തിലൂടെ സമൃദ്ധി' പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ചും യോഗം ചർച്ച ചെയ്തു. സുതാര്യത ഉറപ്പാക്കുന്നതിന് സഹകരണ സ്ഥാപനങ്ങളുടെ ആസ്തി കൃത്യമായി രേഖപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം യോഗത്തിൽ പ്രധാനമന്ത്രി മോദി എടുത്തുപറഞ്ഞു. കൂടുതൽ സുസ്ഥിരമായ കാർഷിക മാതൃകയായി സഹകരണ കൃഷിയെ പ്രോത്സാഹിപ്പിക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

### സ്കൂളുകളിലും കോളജുകളിലും ഐഐഎമ്മുകളിലും സഹകരണ പാഠങ്ങൾ

സഹകരണ മേഖലയിലെ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും വിപുലീകരിക്കുന്നതിന് ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ (അഗ്രിസ്റ്റാക്ക്) ഉപയോഗിക്കാൻ അവലോകന യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നിർദേശിച്ചു. കാർഷിക മേഖലയുമായി ബന്ധപ്പെട്ട സേവനങ്ങൾ ഇതുവഴി കർഷകർക്ക് എളുപ്പത്തിൽ ലഭ്യമാകും. ഭാവി തലമുറകളെ പ്രചോദിപ്പിക്കുന്നതിനായി സ്കൂളുകളിലും കോളജുകളിലും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലും (ഐഐഎമ്മുകൾ) സഹകരണ കോഴ്സുകൾ ആരംഭിക്കാനും പ്രധാനമന്ത്രി മോദി നിർദേശിച്ചു.

# 'ദേവഭൂമി'യായ ഉത്തരാഖണ്ഡിൽ 'ഓഫ്-സീസൺ' ഉണ്ടാകരുത്



***പച്ചപ്പ് നിറഞ്ഞ സമ്പുഷ്ട വനങ്ങളും മഞ്ഞുമൂടിയ കൊടുമുടികളും ആർത്തലയ്ക്കുന്ന നദികളും വിശ്വാസം നിറഞ്ഞ താഴ്‌വരകളുമായി ദൈവങ്ങളുടെ നാടായ ഉത്തരാഖണ്ഡ് ഏവരെയും ആകർഷിക്കുന്നു. ചാർ ധാം പദ്ധതിയായാലും വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട സൗകര്യങ്ങളുടെ വികസനമായാലും അവസരങ്ങളുടെ ഈ നാട് അനുദിനം വികസനത്തിന്റെ പുതിയ തലങ്ങൾ രചിക്കുന്നു. ശൈത്യകാല വിനോദസഞ്ചാരത്തിന്റെ പശ്ചാത്തലത്തിൽ ഉത്തരാഖണ്ഡ് ഇപ്പോൾ സാധ്യതകളുടെ പുതിയ കവാടങ്ങൾ തേടുകയാണ്. പ്രകൃതിയുടെ മടിത്തട്ടിലെ ഈ സംസ്ഥാനത്ത് വിനോദസഞ്ചാരികളെത്താത്ത ഒരു സമയവുമുണ്ടാകരുതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അഭ്യർത്ഥിച്ചു...***

കഴിഞ്ഞ ഏതാനും വർഷങ്ങളായി കേന്ദ്ര സർക്കാർ സഹായത്തോടെ വികസനത്തിന്റെ പുതിയ തലങ്ങൾ രചിക്കുകയാണ് ഉത്തരാഖണ്ഡ് സർക്കാർ. പ്രകൃതി വിനോദസഞ്ചാരം മുതൽ ചാർധാം ദിവ്യസ്ഥല വരെയും മൗണ്ടൻ ബൈക്കിങ് മുതൽ റോക്ക് ക്ലൈംബിങ് വരെയും സ്കേറ്റിംഗ് മുതൽ ഐസ് സ്പോർട്സ് വരെയും സുപ്രധാന പ്രവർത്തനങ്ങൾ സർക്കാർ ചെയ്തിട്ടുണ്ട്. കഴിഞ്ഞ 10 വർഷത്തിനിടെ ഉത്തരാഖണ്ഡിന്റെ വികസനത്തിനായി സർക്കാർ കോടിക്കണക്കിന് രൂപ നിക്ഷേപിച്ചതിന്റെ ഫലം കണ്ടുതുടങ്ങിയിരിക്കുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി സർക്കാർ നടത്തിയ ശ്രമങ്ങളുടെ ഫലമായി ഉത്തരാഖണ്ഡിൽ വിനോദസഞ്ചാരവും തൊഴിലവസരങ്ങളും അതിവേഗം വർധിച്ചുകൊണ്ടിരിക്കുകയാണ്. ഭക്തർക്കു വേണ്ടിയുള്ള സൗകര്യങ്ങൾ വിപുലീകരിച്ച സാഹചര്യത്തിൽ 2014 ന് മുൻപ് പ്രതിവർഷം ശരാശരി 18 ലക്ഷം തീർത്ഥാടകർ എത്തിയിരുന്ന ചാർ ധാം യാത്രയിൽ ഇപ്പോൾ പ്രതിവർഷം 50 ലക്ഷം പേരാണ് എത്തുന്നത്.

വിനോദസഞ്ചാര മേഖലയെ വൈവിധ്യവൽക്കരിക്കുകയും വർഷം മുഴുവൻ സജീവമാക്കി നിർത്തുകയും ചെയ്യേണ്ടത് ഉത്തരാഖണ്ഡിനെ സംബന്ധിച്ച് പ്രധാനമാണെന്ന് മാർച്ച് 6 ന് ഹർഷിലിൽ ശൈത്യകാല വിനോദസഞ്ചാര പരിപാടിയിൽ പ്രധാനമന്ത്രി പറഞ്ഞു. ഉത്തരാഖണ്ഡിൽ സഞ്ചാരികളെത്താത്ത സമയമുണ്ടാകരുതെന്നും എല്ലാ കാലത്തും വിനോദസഞ്ചാരമേഖല അഭിവൃദ്ധി പ്രാപിക്കണമെന്നും പ്രധാനമന്ത്രി മോദി ആഗ്രഹിക്കുന്നു. മലയോരമേഖലയിലെ വിനോദസഞ്ചാരം കാലാനുസൃതമാണ്. മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ വിനോദസഞ്ചാരികളുടെ എണ്ണം കൂടുതലായിരിക്കുമെങ്കിലും അതിനുശേഷം എണ്ണം കുറയാൻ തുടങ്ങുന്നതിനാൽ ശൈത്യകാലത്ത് മിക്ക റിസോർട്ടുകളും ഹോട്ടലുകളും ഹോംസ്റ്റേകളും കാലിയായിരിക്കും. ഈ അസന്തുലിതാവസ്ഥ കാരണം വർഷത്തിൽ ഭൂരിഭാഗം സമയത്തും ഉത്തരാഖണ്ഡ് സാമ്പത്തികമായി സ്തംഭനാവസ്ഥയിലാണ്. ശൈത്യകാലത്ത് ഉത്തരാഖണ്ഡ് സന്ദർശിക്കുന്നത് ദേവഭൂമിയുടെ ദിവ്യപ്രഭാവലയത്തിന്റെ യഥാർത്ഥ കാഴ്ച നൽകുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ശൈത്യകാലത്ത് ഉത്തരാഖണ്ഡിലെ നിരവധി പുണ്യസ്ഥലങ്ങളിൽ അതുല്യമായ ആചാരങ്ങൾ നടക്കുന്നതിനാൽ സംസ്ഥാനത്തെ ആത്മീയ തീർത്ഥാടനങ്ങൾക്ക് ശൈത്യകാലം പ്രത്യേക പ്രാധാന്യമുള്ളതാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

## പ്രധാനമന്ത്രിയുടെ അഭ്യർത്ഥന

- ശൈത്യകാലത്ത് യുവാക്കൾ മലനിരകളിലേക്ക് വിനോദസഞ്ചാരത്തിനായി എത്തിച്ചേരണം.
- ഗർവാലിയിലെ 'ഘാം തപോ വിനോദസഞ്ചാര' ആശയത്തെക്കുറിച്ചുള്ള നിർദേശം.
- കോർപ്പറേറ്റ് കമ്പനികൾ യോഗങ്ങളും സമ്മേളനങ്ങളും പ്രദർശനങ്ങളും ഉത്തരാഖണ്ഡിൽ സംഘടിപ്പിക്കണം.
- ശൈത്യകാലത്ത് വിവാഹങ്ങൾ നടത്താൻ ഉത്തരാഖണ്ഡിന് മുൻഗണന നൽകണം.
- ശൈത്യകാലത്ത് ചലച്ചിത്ര ചിത്രീകരണത്തിന് അനുയോജ്യമായ സ്ഥലമായി ഉത്തരാഖണ്ഡ് മാറണം.
- ഉത്തരാഖണ്ഡിലെ ചൂടു നീരുറവകൾ ആരോഗ്യസ്നാന സ്ഥലങ്ങളാക്കി വികസിപ്പിക്കണം.
- മഞ്ഞുമൂടിയ പ്രദേശങ്ങളിൽ ശൈത്യകാല യോഗാ പരിപാടികൾ സംഘടിപ്പിക്കണം.ശൈത്യകാലത്ത് പ്രത്യേക വന്യജീവി വിനോദയാത്രകൾ സംഘടിപ്പിക്കണം.
- രാജ്യത്തെ യുവാക്കളും സർഗാത്മക ഉള്ളടക്ക നിർമാതാക്കളും ശൈത്യകാല വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കണം.
- സർഗാത്മക ഉള്ളടക്ക നിർമാതാക്കളെ ഉൾപ്പെടുത്തി ഹ്രസ്വചിത്ര മത്സരങ്ങൾ സംഘടിപ്പിക്കണം.

**മുദ്ര ലോൺ:** വിനോദസഞ്ചാരവും തൊഴിലും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഉത്തരാഖണ്ഡിൽ ഹോംസ്റ്റേ പ്രോത്സാഹിപ്പിക്കും. ഇതിനായി മുദ്ര ലോൺ നൽകാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു. സർക്കാരിന്റെ ഈ തീരുമാനത്തോടെ മലയോര സംസ്ഥാനങ്ങളിൽ ഹോംസ്റ്റേ പ്രവണത വർധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കേദാർനാഥ് റോപ്പ് വേയുടെ നിർമാണത്തിനുശേഷം നിലവിൽ 8 മുതൽ 9 മണിക്കൂർ വരെ സമയമെടുക്കുന്ന യാത്ര ഏകദേശം 30 മിനിറ്റിൽ പൂർത്തിയാകും.**

> **"നമ്മുടെ വിനോദസഞ്ചാര മേഖലയുടെ വൈവിധ്യവൽക്കരണവും അതിനെ ശാശ്വതമാക്കലും ഉത്തരാഖണ്ഡിന് ഏറെ പ്രധാനമാണ്. ഉത്തരാഖണ്ഡിൽ ഒരു 'ഓഫ് സീസൺ' ഉണ്ടാകരുതെന്ന് ഞാൻ ആഗ്രഹിക്കുന്നു... എല്ലാ കാലത്തും വിനോദസഞ്ചാരം സജീവമായിരിക്കണം.**
>
> **– നരേന്ദ്ര മോദി, പ്രധാനമന്ത്രി**

ചാർധാം സമഗ്ര കാലാവസ്ഥാനുസൃത റോഡ്, ആധുനിക അതിവേഗ പാതകൾ, റെയിൽവേ, വ്യോമ, ഹെലികോപ്റ്റർ സേവനങ്ങൾ എന്നിവ കഴിഞ്ഞ ഏതാനും വർഷങ്ങളായി വികസിപ്പിച്ചിട്ടുണ്ട്. മലയോരപ്രദേശങ്ങളിൽ ഇക്കോ-ലോഗ് കുടിലുകൾ, കൺവെൻഷൻ കേന്ദ്രങ്ങൾ, ഹെലിപാഡ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിലും ശ്രദ്ധകേന്ദ്രീകരിക്കുന്നു. ടിമ്മർ-സെയ്ൻ മഹാദേവ്, മന ഗ്രാമം, ജാദുങ് ഗ്രാമം തുടങ്ങിയ സ്ഥലങ്ങളിൽ അടിസ്ഥാന വിനോദസഞ്ചാര സൗകര്യങ്ങൾ പുതുതായി വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. വിനോദസഞ്ചാരത്തിലൂടെ ഉത്തരാഖണ്ഡിന്റെ അതിർത്തി മേഖലകൾക്ക് പ്രയോജനം ചെയ്യാനും സർക്കാർ പ്രവർത്തിച്ചുവരുന്നു.





## പൈതൃകത്തിനൊപ്പം വികസനം

# കേദാർനാഥ് - ഹേമകുണ്ഡ് സാഹിബ് ആകാശപാത നിർമിക്കും

***ഇന്ത്യയുടെ വിശ്വാസ പ്രതീകങ്ങളായ കേദാർനാഥ് ധാമിലും ഹേമകുണ്ഡ് സാഹിബിലും എത്തിച്ചേരാൻ യാത്രക്കാർക്ക് ദീർഘവും ദുഷ്കരവുമായ പാതയിലൂടെ കാൽനടയായി സഞ്ചരിക്കേണ്ടിവരുന്നു. 'പൈതൃകത്തോടൊപ്പം വികസനം' എന്ന ദൃഢനിശ്ചയവുമായി മുന്നോട്ട് പോകുന്ന സർക്കാർ ഇവിടെ ഒരു ആകാശപാത നിർമിക്കുകയാണ്. ഇതുസംബന്ധിച്ച നിർദേശം കേന്ദ്ര മന്ത്രിസഭ അംഗീകരിച്ചു...***

**തീരുമാനം: ഗോവിന്ദ്ഘട്ടിൽ നിന്ന് ഹേമകുണ്ഡ് സാഹിബ് ജിയിലേക്ക് ആകാശപാത നിർമിക്കും.**
**അനന്തരഫലം:** ഗോവിന്ദ്ഘട്ടിൽ നിന്ന് ഹേമകുണ്ഡ് സാഹിബ് വരെ 2,730.13 കോടി രൂപ ചെലവിലാണ് ആകാശപാത നിർമിക്കുക. ഓരോ മണിക്കൂറിലും 1,100 യാത്രക്കാർക്ക് സഞ്ചരിക്കാവുന്ന ഈ ആകാശപാതയിൽ പ്രതിദിനം 11,000 യാത്രക്കാർക്ക് യാത്രചെയ്യാം. ഉത്തരാഖണ്ഡിലെ ചമോലി ജില്ലയിലാണ് ഹേമകുണ്ഡ് സാഹിബ്. സമുദ്രനിരപ്പിൽ നിന്ന് 15,000 അടി ഉയരത്തിലാണിത് സ്ഥിതി ചെയ്യുന്നത്. ഇവിടെയുള്ള ഗുരുദ്വാര വർഷത്തിൽ ഏകദേശം 5 മാസം തുറന്നിരിക്കും. പ്രതിവർഷം ഏകദേശം 2 ലക്ഷം തീർത്ഥാടകർ ഇവിടെയെത്തുന്നു. നിലവിൽ ഹേമകുണ്ഡ് സാഹിബിലേക്ക് ഗോവിന്ദ്ഘട്ടിൽ നിന്ന് 21 കിലോമീറ്റർ ദൈർഘ്യമുള്ള ദുഷ്ക്കരമായ കയറ്റം കാൽനടയായോ, കുതിരപ്പുറത്തോ പല്ലക്കിലോ ആണ് പൂർത്തിയാക്കുന്നത്. ഹേമകുണ്ഡ് സാഹിബ് സന്ദർശിക്കുന്ന തീർത്ഥാടകർക്കും പൂക്കളുടെ താഴ്‌വര സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്കും നിർദിഷ്ട ആകാശപാത സൗകര്യമൊരുക്കും. ഇതുവഴി കേവലം 42 മിനിറ്റിൽ യാത്ര പൂർത്തിയാക്കാം.




**സോൻപ്രയാഗിൽ നിന്ന് കേദാർനാഥിലേക്ക് ആകാശപാത പദ്ധതിയ്ക്ക് അംഗീകാരം**

| ചെലവ് | ദൈർഘ്യം |
|---|---|
| **4,081.28** കോടി രൂപ | **12.9** കിലോമീറ്റർ |

**1800**
യാത്രക്കാർക്ക് ഒരു മണിക്കൂറിൽ ഒരു ദിശയിലേക്ക് സഞ്ചരിക്കാനാവും. പ്രതിദിനം 18,000 യാത്രികരെ വഹിക്കാനാകും.

**16**
കിലോമീറ്റർ ദുഷ്ക്കരമായ കയറ്റം ഗൗരികുണ്ഡിൽ നിന്ന് കേദാർനാഥ് ക്ഷേത്രത്തിലേക്ക്

**36**
മിനിറ്റിൽ യാത്ര പൂർത്തിയാക്കാം. നിലവിൽ 9 മണിക്കൂർ സമയമെടുക്കുന്നു.

**06**
വർഷത്തിനകം പദ്ധതി പൂർത്തിയാക്കും. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയാണ് ഇത് നിർമിക്കുന്നത്.

**തീരുമാനം: കന്നുകാലി ആരോഗ്യ-രോഗനിയന്ത്രണ പരിപാടിയിൽ (എൽഎച്ച്ഡിസിപി) ഭേദഗതിക്ക് അംഗീകാരം.**
**അനന്തരഫലം:** വാക്സിനേഷൻ, നിരീക്ഷണം, ആരോഗ്യ സൗകര്യങ്ങളുടെ നവീകരണം എന്നിവയിലൂടെ കന്നുകാലി രോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും സഹായിക്കുന്ന ഈ പദ്ധതി ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തും. ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പദ്ധതിയിലൂടെ രോഗഭാരം മൂലം കർഷകർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം തടയാനും സാധിക്കും.

> **രണ്ട് പ്രധാന തീരുമാനങ്ങളിലൂടെ ദേവഭൂമിയായ ഉത്തരാഖണ്ഡിൽ രണ്ട് പുതിയ ആകാശപാതകൾക്ക് മന്ത്രിസഭ അംഗീകാരം നൽകി. സോൻപ്രയാഗിൽ നിന്ന് കേദാർനാഥിലേക്കും ഗോവിന്ദ്ഘട്ടിൽ നിന്ന് ഹേമകുണ്ഡ് സാഹിബ് ജിയിലേക്കുമുള്ള ഈ പാതകളുടെ നിർമാണം ഭക്തരുടെ സമയം ലാഭിക്കുകയും അവരുടെ യാത്ര കൂടുതൽ സുഖകരമാക്കുകയും ചെയ്യും.**
>
> – **നരേന്ദ്ര മോദി,** പ്രധാനമന്ത്രി



# ദരിദ്ര ശാക്തീകരണം...

## വികസിത രാഷ്ട്രത്തിലേക്കുള്ള ആദ്യപടി

***വികസനത്തിന്റെ പ്രധാന സ്തംഭമായി സ്ത്രീകളെ ശാക്തീകരിക്കുന്നതിൽ  ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ട് ദാരിദ്ര്യനിർമാർജനത്തിന്റെ അചഞ്ചല പ്രതിബദ്ധതയുടെ അടിസ്ഥാനത്തിലാണ് വർത്തമാനകാലത്ത് പുതിയ ഇന്ത്യയെ നിർവചിച്ചിരിക്കുന്നത്.  2014 മുതൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക ശ്രമങ്ങൾ നടത്തിയ കേന്ദ്ര സർക്കാർ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി നിരവധി പദ്ധതികൾക്കും തുടക്കം കുറിച്ചു.  ഈ സംരംഭങ്ങൾ നിരവധി ലക്ഷ്യങ്ങൾ മറികടക്കുകയും പുതിയ നാഴികക്കല്ലുകളിലെത്തുകയും ചെയ്തു. കഴിഞ്ഞ ദശകത്തിലെ ഈ ശ്രമങ്ങളുടെ പുരോഗതിയും ഭാവിദിശയും ഈയിടെ  ദ്വിദിന ഗുജറാത്ത് സന്ദർശനവേളയിൽ പ്രധാനമന്ത്രി വിലയിരുത്തി. സൂറത്തിൽ ഭക്ഷ്യസുരക്ഷാ പൂർത്തീകരണ പ്രചാരണ പരിപാടി ഉദ്ഘാടനം ചെയ്ത പ്രധാനമന്ത്രി നവസാരിയിൽ അന്താരാഷ്ട്ര വനിതാ ദിനത്തിൽ ലാഖ്പതി ദീദികളുമായി സംവദിച്ചുകൊണ്ട് ഈ ലക്ഷ്യങ്ങളോടുള്ള സർക്കാരിന്റെ പ്രതിബദ്ധത കൂടുതൽ ദൃഢപ്പെടുത്തി...***

കഴിഞ്ഞ ദശകത്തിൽ, ദരിദ്രരെ ശാക്തീകരിക്കുന്നതിനായി രാജ്യം ദൗത്യ മാതൃകയിൽ പ്രവർത്തിച്ചു. ആരുടെയും മുന്നിൽ യാചിക്കേണ്ടി വരാത്തവിധം ദരിദ്രർക്ക് ചുറ്റും ഒരു സുരക്ഷാവലയം സൃഷ്ടിച്ചിട്ടുണ്ട്. അടച്ചുറപ്പുള്ള വീട്, ശൗചാലയം, പാചകവാതക സൗകര്യം, കുടിവെള്ള സൗകര്യം, പിഎം പോഷൺ , സക്ഷം അങ്കണവാടി, മാതൃവന്ദന, ഡിബിടി, 5 ലക്ഷം രൂപ വരെ സൗജന്യ ചികിത്സ തുടങ്ങിയ പദ്ധതികൾക്കൊപ്പം വ്യാപാരസംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പിഎം സ്വനിധി, പിഎം മുദ്ര എന്നിവയും വികസനത്തിന്റെ പുതുഗാഥ രചിച്ചു.  സൂറത്തിൽ ഭക്ഷ്യസുരക്ഷാ പൂർത്തീകരണ പ്രചാരണപരിപാടി  ആരംഭിച്ച സമയത്ത് കേന്ദ്ര സർക്കാരിന്റെ ഈ ശ്രമങ്ങളെക്കുറിച്ച് പരാമർശിച്ച  പ്രധാനമന്ത്രി നരേന്ദ്ര മോദി ദരിദ്രരുടെ വീട്ടിൽ അടുപ്പ് പുകയാതിരിക്കുന്നതും കുട്ടികൾ നിറകണ്ണുകളോടെ ഉറങ്ങേണ്ടിവരുന്നതും ഇനി ഇന്ത്യയ്ക്ക് സ്വീകാര്യമല്ലെന്ന് വ്യക്തമാക്കുകയും ചെയ്തു. കോവിഡ് കാലഘട്ടത്തിൽ ആരംഭിച്ച പ്രധാനമന്ത്രി ഗരീബ് കല്യാൺ യോജനയെക്കുറിച്ച് പരാമർശിക്കവെ ജനങ്ങൾക്ക് ഏറ്റവുമധികം സഹായം ആവശ്യമായ സമയത്ത് ഈ പ്രചാരണപരിപാടിയിലൂടെ കേന്ദ്രസർക്കാർ  അവരോടൊപ്പം നിന്നതായി പ്രധാനമന്ത്രി മോദി പറഞ്ഞു. ഇന്ന് കേന്ദ്രസർക്കാർ ഈ പദ്ധതിക്കായി പ്രതിവർഷം ഏകദേശം 2.25 ലക്ഷം കോടി രൂപ ചെലവഴിക്കുന്നതിനാൽ   ദരിദ്രരുടെയെല്ലാം വീടുകളിൽ അടുപ്പ് പുകയുന്നു. പദ്ധതി വികസിപ്പിച്ചതിൽ ഗുജറാത്ത് സർക്കാരിനെ പ്രധാനമന്ത്രി പ്രശംസിച്ചു.  ഗുജറാത്ത് വരുമാന പരിധി വർധിപ്പിച്ചതിനാൽ കൂടുതൽ ഗുണഭോക്താക്കൾക്ക് ഇത് പ്രയോജനപ്പെടുത്താനാവുന്നു.





# നവസാരിയിലെ സ്ത്രീശക്തിക്ക് അഭിവാദ്യം

## കോടിക്കണക്കിന് അമ്മമാരുടെയും സഹോദരിമാരുടെയും അനുഗ്രഹം ജീവിതത്തിലുണ്ടെന്ന് പ്രധാനമന്ത്രി

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് നവസാരിയിലെ വാൻസിബോർസി ഗ്രാമത്തിലെ ഏകദേശം 1.5 ലക്ഷം ലാഖ്പതി ദീദിമാരെ അഭിസംബോധന ചെയ്തുകൊണ്ട് 'ഞാൻ ലോകത്തിലെ ഏറ്റവും സമ്പന്നനായ വ്യക്തിയാണെ'ന്ന് പ്രധാനമന്ത്രി പറഞ്ഞു. ജീവിതത്തിൽ കോടിക്കണക്കിന് അമ്മമാരുടെയും സഹോദരിമാരുടെയും അനുഗ്രഹമുണ്ട്.

നമ്മുടെ വേദങ്ങൾ സ്ത്രീകളെ നാരായണിയായി ആദരിക്കുന്നുവെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. ഇന്ത്യയെ വികസിതമാക്കുന്നതിനും ദ്രുതഗതിയിലുള്ള രാജ്യവികസനത്തിനുമായി സ്ത്രീ കേന്ദ്രീകൃത വികസനത്തിന്റെ പാതയിലേക്ക് ഇന്ന് രാജ്യം പ്രവേശിച്ചിരിക്കുന്നു. സ്ത്രീകളുടെ ജീവിതത്തിൽ ആദരവിനും സൗകര്യങ്ങൾക്കും സർക്കാർ മുൻതൂക്കം നൽകുന്നു. സമൂഹത്തിലുടനീളം സർക്കാർ സംവിധാനങ്ങളിലും മറ്റ് പ്രധാന സ്ഥാപനങ്ങളിലും സ്ത്രീകൾ ഇന്ന് കൂടുതൽ അവസരങ്ങൾ നേടുന്നുണ്ടെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. രാഷ്ട്രീയം, കായികം, നീതിന്യായ വ്യവസ്ഥ, നിയമനിർവഹണം തുടങ്ങി രാജ്യത്തിന്റെ എല്ലാ മേഖലകളിലും വിവിധ തലങ്ങളിൽ സ്ത്രീകൾ മികവുപുലർത്തുന്നു. 2014 ന് ശേഷമാണ് കേന്ദ്ര സർക്കാർ ഏറ്റവുമധികം സ്ത്രീകളെ മന്ത്രിമാരായി നിയമിച്ചത്. പാർലമെന്റിലെ സ്ത്രീ പ്രാതിനിധ്യത്തിലും ഗണ്യമായ വർധനയുണ്ടായി. അതുപോലെ നീതിന്യായ വ്യവസ്ഥയിലും സ്ത്രീപങ്കാളിത്തം ഗണ്യമായി വർധിച്ചു. ലോകത്തെ മൂന്നാമത് വലിയ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയായി ഇന്ന് ഭാരതം നിലകൊള്ളുന്നുവെന്നും ഈ സ്റ്റാർട്ടപ്പുകളിൽ പകുതിയോളം കമ്പനികളുടെയും ഡയറക്ടർമാരിലൊരാളായി ഒരു സ്ത്രീയുണ്ടെന്നും അദ്ദേഹം പറഞ്ഞു. ബഹിരാകാശ പര്യവേഷണത്തിലും ശാസ്ത്രത്തിലും രാജ്യം പുതിയ ഉയരങ്ങൾ താണ്ടുമ്പോൾ നിരവധി സുപ്രധാന ദൗത്യങ്ങൾക്ക് നേതൃത്വം നൽകുന്നത് വനിതാ ശാസ്ത്രജ്ഞരാണ്. ലോകത്ത് ഏറ്റവുമധികം വനിതാ പൈലറ്റുമാരുള്ളത് ഇന്ത്യയിലാണെന്നത് ഏറെ അഭിമാനകരമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

### ജി-മൈത്രി ജി-സഫൽ പദ്ധതികളുടെ തുടക്കം

നവ്സാരിയിൽ വനിതാ ദിനത്തിൽ സംഘടിപ്പിച്ച മറ്റൊരു പരിപാടിയിൽ ഗുജറാത്ത് സർക്കാരിന്റെ ജി-സഫൽ, ജി-മൈത്രി പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കം കുറിച്ചു. ഗ്രാമീണ ഉപജീവനത്തിന് അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് ജി-മൈത്രി പദ്ധതി സാമ്പത്തിക സഹായവും പിന്തുണയും നൽകും. സമാനമായി ഗുജറാത്തിലെ രണ്ട് അഭിലഷണീയ ജില്ലകളിലെയും 13 അഭിലഷണീയ ബ്ലോക്കുകളിലെയും അന്ത്യോദയ കുടുംബങ്ങളിലെ സ്വയം സഹായ സംഘാംഗങ്ങളായ സ്ത്രീകൾക്ക് ജി-സഫൽ പദ്ധതി സാമ്പത്തിക സഹായവും സംരംഭകത്വ പരിശീലനവും നൽകും.

### പ്രധാനമന്ത്രിയുടെ സമൂഹമാധ്യമ അക്കൗണ്ടുകൾ കൈകാര്യം ചെയ്ത് ആറ് വനിതകൾ

അന്താരാഷ്ട്ര വനിതാ ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരു സവിശേഷ നടപടി സ്വീകരിച്ചു. തന്റെ സമൂഹമാധ്യമ അക്കൗണ്ടുകൾ കൈകാര്യം ചെയ്യേണ്ട ഉത്തരവാദിത്തം മറ്റുള്ളവർക്ക് പ്രചോദനമായി നിലകൊള്ളുന്ന ആറ് സ്ത്രീകൾക്ക് നൽകിക്കൊണ്ട് സ്ത്രീ ശാക്തീകരണത്തിൽ പ്രധാനമന്ത്രിയുടെ പ്രതിബദ്ധത അദ്ദേഹം കൂടുതൽ ശക്തിപ്പെടുത്തി. ചെസ് താരം വൈശാലി രമേശ്ബാബു, 'ബിഹാറിന്റെ കൂൺ വനിത' എന്നറിയപ്പെടുന്ന അനിത ദേവി, ഭാഭ ആണവ ഗവേഷണ കേന്ദ്രത്തിലെ ആണവ ശാസ്ത്രജ്ഞ എലീന മിശ്ര, ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയിലെ ബഹിരാകാശ ശാസ്ത്രജ്ഞ ശിൽപി സോണി, ഫ്രണ്ടിയർ മാർക്കറ്റ്സിന്റെ സ്ഥാപകയും സിഇഒയുമായ അജയ്ത ഷാ, സമത്ര്യം സെന്റർ ഫോർ യൂണിവേഴ്സൽ ആക്സസിബിലിറ്റി സ്ഥാപക ഡോ. അഞ്ജലി അഗർവാൾ എന്നിവരാണ് പ്രധാനമന്ത്രിയുടെ സമൂഹമാധ്യമ അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നത്.

സർബത്ത് നിർമിക്കുന്നതിലൂടെയും, ഡ്രോണുകൾ പറത്തുന്നതിലൂടെയും, അലങ്കാര തയ്യൽ ജോലികളിലൂടെയും, മില്ലറ്റ് വിൽപനയിലൂടെയും, മുത്തുമാല കോർക്കുന്നതിലൂടെയും പ്രതിവർഷം ഒരു ലക്ഷത്തിലധികം രൂപ സമ്പാദിക്കുന്നതിനെക്കുറിച്ച് ലാഖ്പതി ദീദിമാർ പ്രധാനമന്ത്രിയുമായി നടത്തിയ സംഭാഷണത്തിനിടെ വിവരിച്ചു. മൂന്ന് കോടി ലക്ഷാധിപതി വനിതകളെ സൃഷ്ടിക്കുകയെന്നതായിരുന്നു സ്വപ്നമെന്നും എന്നാൽ രാജ്യത്തെ സ്ത്രീകൾ അത് അഞ്ചുകോടിയെന്ന കണക്കിലെത്തിക്കുമെന്ന്

## ഗിർ വനത്തിൽ ഫോട്ടോ പകർത്തിയും

## വൻതാരയിൽ വന്യജീവികളെ പരിചരിച്ചും

ലോക വന്യജീവി ദിനത്തോടനുബന്ധിച്ച് മാർച്ച് 1 മുതൽ 3 വരെ മൂന്ന് ദിവസത്തെ ഗുജറാത്ത് സന്ദർശനത്തിലായിരുന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി. സന്ദർശന വേളയിൽ, ദേശീയ വന്യജീവി ബോർഡിന്റെ ഏഴാമത് യോഗത്തിലും അദ്ദേഹം അധ്യക്ഷത വഹിച്ചു. വന്യജീവി സംരക്ഷണത്തിനായി സർക്കാർ സ്വീകരിച്ച വിവിധ സംരംഭങ്ങളെ സംബന്ധിച്ച് ദേശീയ വന്യജീവി ബോർഡ് അവലോകനം ചെയ്തു. യോഗത്തിൽ, രാജ്യത്ത് ആദ്യമായി നദി ഡോൾഫിൻ എസ്റ്റിമേഷൻ റിപ്പോർട്ട് പ്രധാനമന്ത്രി മോദി പ്രകാശനം ചെയ്തു. മധ്യപ്രദേശിലെ ഗാന്ധി സാഗർ സങ്കേതം, ഗുജറാത്തിലെ ബന്നി പുൽമേടുകൾ എന്നിവയുൾപ്പെടെ മറ്റ് പ്രദേശങ്ങളിലേക്ക് ചീറ്റകളെ എത്തിക്കുന്ന കാര്യവും അദ്ദേഹം പ്രഖ്യാപിച്ചു. വന്യജീവി ആരോഗ്യം, രോഗ പരിചരണം എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ ഏകോപനത്തിനും ഭരണനിർവ്വഹണത്തിനുമുള്ള കേന്ദ്രമായി വർത്തിക്കുന്ന ജുനഗഢിലെ ദേശീയ വന്യജീവി റഫറൽ സെന്ററിന്റെ ശിലാസ്ഥാപനവും അദ്ദേഹം നിർവഹിച്ചു.

മാർച്ച് 3 ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഗുജറാത്തിലെ ഗിർ ദേശീയോദ്യാനം സന്ദർശിച്ചു. ഏഷ്യൻ സിംഹങ്ങളുടെ ഫോട്ടോയെടുക്കുന്നതിനൊപ്പം, ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന കാലത്ത് നടത്തിയ കൂട്ടായ പ്രവർത്തനങ്ങളുടെ ഓർമ്മകൾ ഗിർ സന്ദർശന വേളയിൽ പുതുക്കാനായതായി അദ്ദേഹം പറഞ്ഞു. ഒപ്പം, ജാംനഗറിലെ വൻതാരയിൽ വന്യജീവി രക്ഷാപ്രവർത്തന, പുനരധിവാസ, സംരക്ഷണ കേന്ദ്രം അദ്ദേഹം ഉദ്ഘാടനം ചെയ്തു.

**വൻതാരയിലുള്ളത് 2,000** ത്തിലധികം ജീവജാല വർഗ്ഗങ്ങൾ. സംരക്ഷിതവും, വംശനാശഭീഷണി നേരിടുന്നതുമായ, 1.5 ലക്ഷത്തിലധികം വന്യജീവികൾ വൻതാരയിൽ വസിക്കുന്നു.



**ഏഷ്യൻ സിംഹക്കുട്ടികൾ, വെളുത്ത സിംഹക്കുട്ടികൾ, മേഘപ്പുലിയുടെ കുഞ്ഞുങ്ങൾ, കാട്ടുപൂച്ചയുടെ കുഞ്ഞുങ്ങൾ എന്നിവയുൾപ്പെടെ വിവിധ വന്യജീവികളോടൊപ്പം പ്രധാനമന്ത്രി മോദി സമയം ചെലവഴിച്ചു. കുഞ്ഞു മൃഗങ്ങൾക്ക് അദ്ദേഹം ഭക്ഷണം നൽകി. അപൂർവ്വവും വംശനാശഭീഷണി നേരിടുന്ന ഇനമാണ് മേഘപ്പുലി കുഞ്ഞുങ്ങൾ.**

കരുതുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

ഇന്ന്, എല്ലാ ദരിദ്രരുടെയും വീടുകളിൽ അടുപ്പെരിയുന്നുവെന്ന് ഉറപ്പാക്കുന്ന ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ എല്ലാ വർഷവും ഏകദേശം 2.25 ലക്ഷം കോടി രൂപ ചെലവഴിക്കുന്നു.

സംസ്ഥാന സർക്കാർ ഇത് വിപുലീകരിച്ചിട്ടുണ്ടെന്ന് ഗുജറാത്ത് സർക്കാരിനെ പ്രശംസിച്ചുകൊണ്ട് പ്രധാനമന്ത്രി മോദി പറഞ്ഞു. കൂടുതൽ ഗുണഭോക്താക്കൾക്ക് പദ്ധതി പ്രയോജനപ്പെടുത്താൻ പാകത്തിൽ വരുമാന പരിധി ഗുജറാത്ത് സർക്കാർ വർദ്ധിപ്പിച്ചു.

# നൂതനാശയങ്ങളുടെ നാടായി മാറുന്ന ഇന്ത്യ


***പൂജ്യം എന്ന ആശയം ലോകത്തിന് സംഭാവന ചെയ്ത ഇന്ത്യ ഇപ്പോൾ അപരിമേയമായ നൂതനാശയങ്ങളുടെ കേന്ദ്രമായി പരിണമിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് തന്നെയാണ് ഇന്ത്യ ലോകത്തിന്റെ പുതിയ ഫാക്ടറിയായി ഉയർന്നുവരുന്നത്. ഇന്ന്, ഇന്ത്യക്കാർ വെറും തൊഴിൽ ശക്തിയായി മാത്രമല്ല, ആഗോള ശക്തിയായും വീക്ഷിക്കപ്പെടുന്നു. ലോകം ദൃഷ്ടിപായിക്കുന്നത്  21-ാം നൂറ്റാണ്ടിലെ ഇന്ത്യയിലേക്കാണ്. ലോകമെമ്പാടുമുള്ള ജനങ്ങൾ നമ്മുടെ രാജ്യത്തിന്റെ സംഭാവനകൾ പര്യവേക്ഷണം ചെയ്യാനും മനസ്സിലാക്കാനും ഉത്സുകരാണ്. ഓരോ ദിവസവും പുതിയ നാഴികക്കല്ലുകളും നേട്ടങ്ങളും സൃഷ്ടിക്കപ്പെടുന്നു. കൂടാതെ, അർദ്ധചാലകങ്ങൾ മുതൽ വിമാനവാഹിനിക്കപ്പലുകൾ വരെയുള്ള നൂതന പ്രതിരോധ സാങ്കേതികവിദ്യകൾ അടക്കമുള്ള വിവിധ മേഖലകൾ ഇന്ത്യയുടെ വളർച്ചയ്ക്കും വികസനത്തിനും ആവേശകരമായ പുതു സാധ്യതകൾ തുറന്നു നൽകുന്നു.***



മാർച്ച് 1 ന് ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന NXT കോൺക്ലേവിൽ, എല്ലാ ആഗോള വേദികളിലും ഇന്ത്യൻ പതാക പാറുന്നത് കാണണമെന്നാണ് നമ്മുടെ അഭിലാഷമെന്നും, ഈ ചിന്തയോടെയാണ് രാജ്യം മുന്നോട്ട് പോകുന്നതെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇന്ത്യയെ ഒരു വികസിത രാഷ്ട്രമാക്കാനുള്ള സ്വപ്നവും ദൃഢനിശ്ചയവും ഓരോ പൗരനും സംരംഭകനും ഉണ്ടായിരിക്കണം. ലോകമെമ്പാടുമുള്ള എല്ലാ വിപണികളിലും, ഭവനങ്ങളിലും, തീന്മേശകളിലും ഇന്ത്യൻ ബ്രാൻഡുകൾ ദൃശ്യമാണെന്ന് ഉറപ്പാക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. കുറച്ച് വർഷങ്ങൾക്ക് മുമ്പ്, പ്രധാനമന്ത്രി മോദി 'വോക്കൽ ഫോർ ലോക്കൽ', 'ലോക്കൽ ഫോർ ഗ്ലോബൽ' എന്നീ ആശയങ്ങൾ അവതരിപ്പിച്ചു. ഇന്ന് ഈ ദർശനം യാഥാർത്ഥ്യമായി മാറുകയാണ്. ഇന്ത്യയുടെ ആയുഷ് ഉത്പന്നങ്ങളും യോഗയും പ്രാദേശികത്തിൽ നിന്ന് ആഗോള അംഗീകാരത്തിലേക്ക് വിജയകരമായി പരിണമിച്ചു. 'ഇന്ത്യയിൽ നിർമ്മിക്കുക' എന്നതിനെ ഒരു ആഗോള മന്ത്രമാക്കി മാറ്റാനാണ് പ്രധാനമന്ത്രി മോദി ലക്ഷ്യമിടുന്നത്. ആരോഗ്യ സംരക്ഷണം ആവശ്യമായി വരുമ്പോൾ, 'ഇന്ത്യയിൽ സുഖം പ്രാപിക്കാം' എന്ന് ആളുകൾ ചിന്തിക്കുകയും വിവാഹങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ 'വെഡ് ഇൻ ഇന്ത'എന്ന ആശയം പരിഗണിക്കുകയും ചെയ്യുക എന്നതാണ് അദ്ദേഹത്തിന്റെ സ്വപ്നം. ഇന്ത്യ ഗ്ലോബൽ സൗത്ത് രാജ്യങ്ങളുടെ ശബ്ദമായി മാറുകയും ദ്വീപ് രാഷ്ട്രങ്ങളുടെ ആവശ്യങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്തിട്ടുണ്ട്. കാലാവസ്ഥാ പ്രതിസന്ധി പരിഹരിക്കുന്നതിനായി മിഷൻ ലൈഫ് ദർശനം ഇന്ത്യ ലോകത്തിന് പരിചയപ്പെടുത്തി. അന്താരഷ്ട്ര സൗരോർജ്ജ സഖ്യം, കോയലിഷൻ ഫോർ ഡിസാസ്റ്റർ റെസിലന്റ് ഇൻഫ്രാസ്ട്രക്ചർ തുടങ്ങിയ സംരംഭങ്ങളിൽ ഇന്ത്യ മുൻപന്തിയിൽ പ്രവർത്തിക്കുന്നു. ഇന്ത്യ ലോകത്തിന് ഉത്പന്നങ്ങൾ വിതരണം ചെയ്യുക മാത്രമല്ല, ആഗോള വിതരണ ശൃംഖലയിൽ പ്രാമാണികവും വിശ്വസനീയവുമായ പങ്കാളിയായി ഉയർന്നുവരുന്നു. ചെലവ് കുറഞ്ഞ ഇന്റർനെറ്റ് ഡാറ്റ രാജ്യത്ത് മൊബൈൽ ഫോണുകളുടെ ആവശ്യം വർദ്ധിപ്പിച്ചു. ഉത്പാദന ബന്ധിത പ്രോത്സാഹന പദ്ധതികൾ ആവശ്യകതയെ അവസരമാക്കി മാറ്റി. ഔഷധനിർമ്മാണം മുതൽ ഇലക്ട്രോണിക് ഉത്പന്നങ്ങൾ വരെയുള്ള മേഖലകളിൽ ഇന്ത്യയെ കയറ്റുമതി രാജ്യമാക്കി മാറ്റാനായി.



## കോൺക്ലേവിൽ പ്രധാനമന്ത്രി മോദി ശ്രദ്ധ കേന്ദ്രീകരിച്ചത് ഈ കാര്യങ്ങളിലായിരുന്നു...



- അർദ്ധചാലകങ്ങൾ മുതൽ വിമാനവാഹിനിക്കപ്പലുകൾ വരെ എല്ലാം ഇന്ത്യയിൽ നിർമ്മിക്കപ്പെടുന്നു.
- ഇന്ന് ആയുഷ് ഉത്പന്നങ്ങളും യോഗയും പ്രാദേശികതലത്തിൽ നിന്ന് ആഗോളതലത്തിലേക്ക് മാറിയിരിക്കുന്നു.
- ഇന്ത്യയിലെ സൂപ്പർഫുഡുകൾ, കാപ്പി, ചെറുധാന്യങ്ങൾ-ശ്രീ അന്ന, മഖാന എന്നിവ പ്രാദേശികതലത്തിൽ നിന്ന് ആഗോളതലത്തിലേക്ക് ചേക്കേറുകയാണ്.



**ആഗോള മഞ്ഞൾ ഉത്പാദനത്തിന്റെ 60% ഇന്ത്യയിലാണ്**

- ലോകത്തിലെ ഏഴാമത്തെ വലിയ കാപ്പി കയറ്റുമതി രാജ്യമായി ഇന്ത്യ മാറിയിരിക്കുന്നു.
- ഇന്ത്യയുടെ മൊബൈലുകൾ, ഇലക്ട്രോണിക് ഉത്പന്നങ്ങൾ, മരുന്നുകൾ എന്നിവ ആഗോളതലത്തിൽ ചലനം സൃഷ്ടിക്കുകയാണ്.
- ലോകത്തിന്റെ പുതിയ ഫാക്ടറിയായി ഇന്ത്യ മാറുകയാണ്. ഇന്ന്, നാം ഒരു തൊഴിൽ ശക്തിയായി മാത്രമല്ല, ആഗോള ശക്തിയായും വീക്ഷിക്കപ്പെടുന്നു.
- മുമ്പ് ഇറക്കുമതി ചെയ്തിരുന്ന വസ്തുക്കൾ കയറ്റുമതി ചെയ്യുന്ന കേന്ദ്രമായി ഇന്ത്യ ഇന്ന് വളർന്നു.
- ഇന്ത്യൻ കർഷകരുടെ വിളകൾ ലോകമെമ്പാടുമുള്ള വിപണികളിൽ എത്തുന്നു.
- പുൽവാമയിലെ സ്നോ പീസ്, മഹാരാഷ്ട്രയിലെ പുരന്ദർ അത്തിപ്പഴം, കശ്മീരിലെ ക്രിക്കറ്റ് ബാറ്റുകൾ എന്നിവയുടെ ആവശ്യകത ഇപ്പോൾ ആഗോളതലത്തിൽ വർദ്ധിച്ചുവരികയാണ്.
- ഇന്ത്യയുടെ പ്രതിരോധ ഉത്പന്നങ്ങൾ ഇന്ത്യൻ എഞ്ചിനീയറിംഗിന്റെയും സാങ്കേതികവിദ്യയുടെയും ശക്തി ലോകത്തിന് കാട്ടിക്കൊടുക്കുന്നു.
- കഴിഞ്ഞ ദശകത്തിൽ, ആദ്യമായി 2.5 കോടിയിലധികം കുടുംബങ്ങളിൽ വൈദ്യുതി എത്തി.
- രാജ്യത്ത് ഇന്റർനെറ്റ് ഡാറ്റയ്ക്ക് ചെലവ് കുറഞ്ഞപ്പോൾ, മൊബൈൽ ഫോണുകളുടെ ആവശ്യം വർദ്ധിച്ചു.
- ഇപ്പോൾ ഐടിആർ ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഫയൽ ചെയ്യപ്പെടുകയും റീഫണ്ട് ഏതാനും ദിവസങ്ങൾക്കുള്ളിൽ നേരിട്ട് അക്കൗണ്ടിൽ ലഭിക്കുകയും ചെയ്യുന്നു.



**രാജ്യത്ത് 12 ലക്ഷം വരെ വരുമാനമുള്ളവർക്ക് നികുതി രഹിത ആനുകൂല്യങ്ങൾ അനുവദിച്ചു.**

- പൂജ്യം എന്ന ആശയം ലോകത്തിന് സംഭാവന ചെയ്ത ഇന്ത്യ ഇന്ന് പരിധിയില്ലാത്ത നൂതനാശയങ്ങളുടെ നാടായി മാറുകയാണ്.
- കോവിഡ് മഹാമാരിക്കാലത്ത് ഇന്ത്യൻ നിർമ്മിത വാക്സിൻ ലോകത്തിനു മുമ്പിൽ ഗുണനിലവാരമുള്ള ആരോഗ്യ സംരക്ഷണ പരിഹാരങ്ങളുടെ മാതൃക സൃഷ്ടിച്ചു.
- 2025-26 ബജറ്റിൽ 50,000 പുതിയ അടൽ ടിങ്കറിംഗ് ലാബുകൾ പ്രഖ്യാപിച്ചു.

> **വോക്കൽ ഫോർ ലോക്കൽ, ലോക്കൽ ഫോർ ഗ്ലോബൽ എന്ന ദർശനം യാഥാർത്ഥ്യമാകുന്നത് ഇന്ന് നാം കൺമുമ്പിൽ കാണുന്നു. നമ്മുടെ ആയുഷ് ഉത്പന്നങ്ങളും യോഗയും പ്രാദേശികത്തിൽ നിന്ന് ആഗോളതലത്തിലേക്ക് ഉയർന്നിരിക്കുന്നു. ഇന്ത്യയുടെ സൂപ്പർഫുഡായ നമ്മുടെ മഖാന, ഇന്ന് പ്രാദേശികത്തിൽ നിന്ന് ആഗോളതലത്തിൽ ശ്രദ്ധിയ്ക്കപ്പെടുന്നു. ഇന്ത്യയുടെ ശ്രീ അന്നയും പ്രാദേശികത്തിൽ നിന്ന് ആഗോളതലത്തിലേക്ക് മാറുകയാണ്.**
>
> **- നരേന്ദ്ര മോദി, പ്രധാനമന്ത്രി**



**രാജ്യത്തെ ഗവേഷകരുടെ ആശങ്ക അകലുന്നു:**
ഒരു രാഷ്ട്രം ഒരു സബ്സ്ക്രിപ്ഷൻ എന്ന തീരുമാനം രാജ്യത്തെ എല്ലാ ഗവേഷകർക്കും ലോകത്തിലെ പ്രശസ്തമായ ജേണലുകളിലേക്ക് സൗജന്യ പ്രവേശനം ഉറപ്പാക്കി.

**ഈ സംരംഭത്തിനായി 6 കോടി രൂപയിലധികം ചെലവഴിക്കും.**

ലോകമെമ്പാടുമുള്ള രാജ്യങ്ങൾ ഇന്ത്യയുടെ ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങളായ 'ഇന്ത്യ സ്റ്റാക്കു'മായി സഹകരിക്കുന്നതിനുള്ള കരാറുകളിൽ ഒപ്പുവയ്ക്കുന്നു. ഒരു പ്രധാന ബഹിരാകാശ ശക്തിയായ ഇന്ത്യ, ഇതര രാജ്യങ്ങളെ അവരുടെ ബഹിരാകാശ അഭിലാഷങ്ങൾ നിറവേറ്റാൻ സഹായിക്കുന്നു. ജനക്ഷേമം മുൻ നിർത്തി ഇന്ത്യ AI-യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും അതിന്റെ അനുഭവവും വൈദഗ്ധ്യവും ലോകവുമായി പങ്കിടുകയും ചെയ്യുന്നു.

# മൗറീഷ്യസിലെ
# മിനി ഇന്ത്യ



***സമുദ്രാതിർത്തിയുള്ള അയൽരാജ്യവും, ഇന്ത്യൻ മഹാസമുദ്രത്തിലെ പ്രധാന പങ്കാളിയും, ആഫ്രിക്കൻ ഭൂഖണ്ഡത്തിലേക്കുള്ള കവാടവുമായ മൗറീഷ്യസുമായി ഇന്ത്യയ്ക്ക് ചരിത്രപരവും, ഭൂമിശാസ്ത്രപരവും, സാംസ്കാരികവും ആയ ദൃഢ ബന്ധമുണ്ട്. മൗറീഷ്യസുമായുള്ള സുവർണ്ണ ഭൂതകാലത്തിന്റെ അടിത്തറ ആധാരമാക്കി ഈ ബന്ധങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ സന്ദർശനം പുതിയ അധ്യായങ്ങൾ എഴുതിച്ചേർത്തു...***

ഇന്ത്യയും മൗറീഷ്യസും ചരിത്രത്താൽ മാത്രമല്ല, ഭാവി സാധ്യതകളാലും ബന്ധിതമാണ്. മൗറീഷ്യസിലെ മൊത്തം ജനസംഖ്യയുടെ 70% ഇന്ത്യൻ വംശജരാണെന്ന വസ്തുതയിൽ നിന്ന് ഇരു രാജ്യങ്ങളും തമ്മിലുള്ള ആഴത്തിലുള്ള ബന്ധം മനസ്സിലാക്കാം. 1968 ലാണ് മൗറീഷ്യസ് സ്വതന്ത്രമായതെങ്കിലും, 1948 ൽ തന്നെ ഇന്ത്യ മൗറീഷ്യസുമായി നയതന്ത്ര ബന്ധം സ്ഥാപിരുന്നു എന്നതിൽ നിന്ന് ഇരു രാജ്യങ്ങളും തമ്മിലുള്ള ശക്തമായ ബന്ധം മനസ്സിലാക്കാൻ കഴിയും. മാർച്ച് 12 ന് മൗറീഷ്യസിന്റെ 57-ാമത് ദേശീയ ദിനാഘോഷങ്ങളിൽ പങ്കെടുക്കാൻ എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി, ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്തുകൊണ്ട് ഈ സൗഹാർദ്ദപരമായ ബന്ധം ഉയർത്തിക്കാട്ടി. പത്ത് വർഷം മുമ്പ് ഇതേ ദിവസം താൻ മൗറീഷ്യസിൽ എത്തിയപ്പോൾ, ആ വർഷം ഹോളി ഒരു ആഴ്ച മുമ്പ് കടന്നുപോയിരുന്നു. ഇന്ത്യയിൽ നിന്ന് ഹോളി എന്ന് അറിയപ്പെടുന്ന ഫഗ്വയുടെ ആവേശം തന്നോടൊപ്പം കൊണ്ടുവന്നു എന്ന് അദ്ദേഹം പറഞ്ഞു.

## ഇന്ത്യയും മൗറീഷ്യസും തമ്മിലുള്ള വ്യാപാര ബന്ധങ്ങൾ വളരുന്നു

2005 മുതൽ, വ്യാപാര-സാമ്പത്തിക രംഗത്ത് മൗറീഷ്യസിന്റെ ഏറ്റവും വലിയ പങ്കാളികളിൽ ഒന്നാണ് ഇന്ത്യ. 2023-24 ൽ, ഇന്ത്യ മൗറീഷ്യസിലേക്ക് 778.03 മില്യൺ ഡോളറിന്റെ ഉത്പന്നങ്ങൾ കയറ്റുമതി ചെയ്തു. ഇറക്കുമതിയാകട്ടെ 73.10 മില്യൺ ഡോളറിന്റെതായിരുന്നു. ഇന്ത്യ പ്രധാനമായും പെട്രോളിയം ഉത്പന്നങ്ങൾ, മരുന്നുകൾ, ധാന്യങ്ങൾ, പരുത്തി, ചെമ്മീൻ എന്നിവ മൗറീഷ്യസിലേക്ക് കയറ്റുമതി ചെയ്യുന്നു, വാനില, മെഡിക്കൽ ഉപകരണങ്ങൾ, ശുദ്ധീകരിച്ച ചെമ്പ് തുടങ്ങിയ ഉത്പന്നങ്ങൾ മൗറീഷ്യസിൽ നിന്ന് ഇറക്കുമതി ചെയ്യുന്നു. 2000 മുതൽ, മൗറീഷ്യസിൽ നിന്ന് ഇന്ത്യയ്ക്ക് 175 ബില്യൺ ഡോളർ നേരിട്ടുള്ള വിദേശ നിക്ഷേപം ലഭിച്ചു. ഇത് ഇന്ത്യയെ മൗറീഷ്യസ് നിക്ഷേപമെത്തുന്ന മൂന്നാമത്തെ വലിയ രാജ്യമാക്കി മാറ്റി.



## ഇന്ത്യയും മൗറീഷ്യസും തമ്മിലുള്ള ചരിത്രപരമായ ബന്ധം മാനിച്ച്, മൗറീഷ്യസ് സർക്കാരിന്റെ പരമോന്നത സിവിലിയൻ ബഹുമതിയായ ഗ്രാൻഡ് കമാൻഡർ ഓഫ് ദി ഓർഡർ ഓഫ് ദി സ്റ്റാർ ആൻഡ് കീ ഓഫ് ദി ഇന്ത്യൻ ഓഷൻ 'GCSK' പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് നൽകി ആദരിച്ചു.

ഇത്തവണ, ഹോളിയുടെ നിറങ്ങൾ ഞാൻ മൗറീഷ്യസിൽ നിന്ന് ഇന്ത്യയിലേക്ക് കൊണ്ടുപോകും. പുണ്യസംഗമത്തിലെ ജലം ഞാൻ കൊണ്ടുവന്നിട്ടുണ്ട്. ഈ പുണ്യജലം നാളെ ഇവിടെ ഗംഗാതടാകത്തിൽ സമർപ്പിക്കും.

പ്രധാനമന്ത്രി നരേന്ദ്ര മോദിയും മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലവും തമ്മിലുള്ള പ്രതിനിധിതല ചർച്ചകളിൽ സുപ്രധാന കരാറുകൾ ഒപ്പു വച്ചു. 8 ധാരണാപത്രങ്ങളിൽ ഇരു രാജ്യങ്ങളും ഒപ്പുവച്ചു. ഇരു നേതാക്കളും സംയുക്ത പ്രസ്താവനയും പുറത്തിറക്കി. മൗറീഷ്യസും ഇന്ത്യയും തമ്മിലുള്ള ബന്ധം തന്ത്രപരമായ പങ്കാളിത്തത്തിലേക്ക് ഉയർത്താൻ തീരുമാനിച്ചതായി പ്രധാനമന്ത്രി മോദി പറഞ്ഞു. മൗറീഷ്യസിന്റെ പ്രത്യേക സാമ്പത്തിക മേഖലയുടെ സുരക്ഷയ്ക്ക് ഇന്ത്യ പൂർണ്ണ സഹകരണം വാഗ്ദാനം ചെയ്തു. മൗറീഷ്യസിൽ പോലീസ് അക്കാദമി, നാഷണൽ മാരിടൈം ഇൻഫർമേഷൻ ഷെയറിംഗ് സെന്റർ എന്നിവ സ്ഥാപിക്കുന്നതിലും കോസ്റ്റ് ഗാർഡിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിലും ഇന്ത്യാ ഗവണ്മെന്റ് സഹകരിക്കും. ഡിജിറ്റൽ ആരോഗ്യം, ആയുഷ് കേന്ദ്രം, സ്കൂൾ വിദ്യാഭ്യാസം, നൈപുണ്യവികസനം, ഗതാഗതം എന്നീ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കും. മാനവ വിഭവ ശേഷി വികസനത്തിൽ നിർമ്മിത ബുദ്ധിയുടെയും ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങളുടെയും സംയുക്ത ഉപയോഗം സംബന്ധിച്ചും കരാറുണ്ട്. മൗറീഷ്യസിലെ ജനങ്ങൾക്കായി ഇന്ത്യയിൽ ചാർ ധാം യാത്രയ്ക്കും രാമായണ പാതയ്ക്കും സൗകര്യങ്ങൾ ഒരുക്കും. മൗറീഷ്യസിൽ പുതിയ പാർലമെന്റ് മന്ദിരം നിർമ്മിക്കുന്നതിൽ ഇന്ത്യ സഹകരിക്കുമെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. ഇത് ജനാധിപത്യത്തിന്റെ മാതാവ് മൗറീഷ്യസിന് നൽകുന്ന സമ്മാനമായിരിക്കും.

ഗ്ലോബൽ സൗത്ത് രാജ്യങ്ങൾക്കായി ഒരു പുതിയ ദർശനം അവതരിപ്പിച്ച പ്രധാനമന്ത്രി മോദി മൗറീഷ്യസ് നമ്മുടെ സുപ്രധാന പങ്കാളിയാണെന്ന് വ്യക്തമാക്കി. സാഗർ -SAGAR (മേഖലയിലെ എല്ലാവർക്കും സുരക്ഷയും വളർച്ചയും) എന്ന ആശയത്തിന്റെ അടിത്തറ 10 വർഷം മുമ്പ് മൗറീഷ്യസിലാണ് സ്ഥാപിക്കപ്പെട്ടത്. MAHASAGAR -മഹാസാഗർ (MAHASAGAR -Mutual and Holistic Advancement for Security and Growth Across Region- മേഖലയുടെ സുരക്ഷയും വളർച്ചയും സമഗ്ര പുരോഗതിയും ലക്ഷ്യമിട്ടുള്ള പരസ്പര സഹകണം) ആയിരിക്കും 'ഗ്ലോബൽ സൗത്ത് രാജ്യങ്ങളുമായി' ബന്ധപ്പെട്ട നമ്മുടെ ദർശനം. അതായത്, സമസ്ത മേഖലകളുടെയും സുരക്ഷയും, വികസനവും, സമഗ്രപുരോഗതിയും ലക്ഷ്യമിട്ടുള്ള പരസ്പര സഹകരണം. വികസനം ലക്ഷ്യമിട്ടുള്ള വ്യാപാരം, പുരോഗതി ലക്ഷ്യമിട്ടുള്ള നൈപുണ്യ വികസനം, സംയുക്ത ഭാവി ലക്ഷ്യമിട്ടുള്ള പരസ്പര സുരക്ഷ എന്നിവയിൽ നമ്മുടെ സമീപനം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇന്ത്യൻ മഹാസമുദ്രത്തിൽ സാന്നിധ്യം വർദ്ധിപ്പിക്കുന്നതിനായി 2015 ലാണ് കേന്ദ്ര സർക്കാർ സാഗർ പദ്ധതി ആരംഭിച്ചത്.

### പ്രധാനമന്ത്രി മോദിയുടെ മൗറീഷ്യസ് സന്ദർശനത്തിലെ പ്രധാന നാഴികക്കല്ലുകൾ...

- മൗറീഷ്യസിലെ ഇന്ത്യൻ കുടിയേറ്റക്കാരുടെ ഏഴാം തലമുറയ്ക്ക് ഒസിഐ കാർഡുകൾ നൽകാൻ ഇന്ത്യ തീരുമാനിച്ചു.
- മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലം, ഭാര്യ വീണ രാംഗൂലം, പ്രസിഡന്റ് ധരംബീർ ഗോഖുൾ, ഭാര്യ വൃന്ദ ഗോഖുൾ എന്നിവർക്ക് ഒസിഐ കാർഡുകൾ പ്രധാനമന്ത്രി മോദി കൈമാറി.
- മൗറീഷ്യസിലെ സ്റ്റേറ്റ് ഹൗസിൽ ഇന്ത്യാ ഗവണ്മെന്റിന്റെ സഹകരണത്തോടെ സ്ഥാപിച്ച ആയുർവേദ ഉദ്യാനവും പ്രധാനമന്ത്രി മോദി സന്ദർശിച്ചു.
- മൗറീഷ്യസിലെ 100 കിലോമീറ്റർ നീളമുള്ള കുടിവെള്ള പൈപ്പ്‌ലൈൻ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തും. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ മൗറീഷ്യസിലെ 500 സർക്കാർ ഉദ്യോഗസ്ഥർക്ക് ഇന്ത്യയിൽ പരിശീലനം നൽകും.
- പ്രാദേശിക കറൻസിയിലുള്ള വ്യാപാരത്തിന് ഇരു രാജ്യങ്ങളും തമ്മിൽ കരാറിലെത്തി.

### ഗ്ലോബൽ സൗത്ത് രാജ്യങ്ങളുമായി ബന്ധത്തിൽ സുപ്രധാന പങ്ക്

ട്രയാനോൺ കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച പ്രത്യേക പരിപാടിയിൽ മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലത്തോടൊപ്പം പ്രധാനമന്ത്രി നരേന്ദ്ര മോദി മൗറീഷ്യസിലെ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്തു. മൗറീഷ്യസിലെ ഇന്ത്യൻ വംശജരായ ഏഴാം തലമുറയിലെ ആളുകൾക്ക് പ്രത്യേക ക്രമീകരണത്തിന് കീഴിൽ OCI കാർഡുകൾ ലഭ്യമാക്കുമെന്ന് പ്രധാനമന്ത്രി മോദി പ്രഖ്യാപിച്ചു. മൗറീഷ്യസിലെ ഇന്ത്യൻ വംശജർക്ക് അവരുടെ സാംസ്കാരിക വേരുകൾ സംരക്ഷിക്കാനും പരിപോഷിപ്പിക്കാനും കഴിയുന്ന തരത്തിൽ പൈതൃകം പരിപോഷിപ്പിക്കുന്നതിനുള്ള സംരംഭത്തെ ഇന്ത്യാ ഗവണ്മെന്റ് പിന്തുണയ്ക്കുമെന്ന് അദ്ദേഹം പറഞ്ഞു. കാലാവസ്ഥാ വ്യതിയാനത്തിന്റെ പൊതുവായ വെല്ലുവിളി നേരിടുന്നതിൽ അന്താരാഷ്ട്ര സൗരോർജ്ജ സഖ്യത്തിലും ആഗോള ജൈവ ഇന്ധന സഖ്യത്തിലും ഉള്ള മൗറീഷ്യസ് പങ്കാളിത്തത്തെ ഇന്ത്യ അഭിനന്ദിച്ചു. 'ഏക് പെഡ് മാ കേ നാം' സംരംഭത്തിന് കീഴിൽ, പ്രധാനമന്ത്രി മോദി ചരിത്രപ്രസിദ്ധമായ സർ ശിവസാഗർ രാംഗൂലം ബൊട്ടാണിക്കൽ ഗാർഡനിൽ വൃക്ഷത്തൈ നട്ടു.

**മൗറീഷ്യസിലെ റെഡ്യൂട്ടിൽ അടൽ ബിഹാരി വാജ്പേയി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് സർവീസ് ആൻഡ് ഇന്നൊവേഷൻ ഇരു രാജ്യങ്ങളിലെയും പ്രധാനമന്ത്രിമാർ ചേർന്ന് ഉദ്ഘാടനം ചെയ്തു.**

**വ്യക്തിത്വം:** ഡോ. ബിന്ദേശ്വർ പാഠക്

# ശുചിത്വത്തിനായി ജീവിതം സമർപ്പിച്ചു



**ജനനം- 1943 ഏപ്രിൽ 2 | മരണം- 2023 ഓഗസ്റ്റ് 15**

**ബീഹാറിന്റെ പുണ്യഭൂമിയിൽ ജനിച്ച സ്വന്തം വീട്ടിൽ ഒരു ശൗചാലയം ഇല്ലാതെ വളർന്ന ഒരു കുട്ടി, തന്റെ കുടുംബത്തിലെ വനിതകൾ മലമൂത്ര വിസർജ്ജനത്തിനായി വെളിമ്പ്രദേശങ്ങളെ ആശ്രയിക്കാൻ നിർബന്ധിതരാകുന്നത് കാണാനിടയായി. ഈ അനുഭവം ഒടുവിൽ രാജ്യത്തെ ശൗചാലയ വിപ്ലവത്തിന്റെ അമരക്കാരിൽ ഒരാളാകാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. അദ്ദേഹത്തിന്റെ പേര് ഡോ. ബിന്ദേശ്വർ പഥക്... വനിതകളുടെ ആത്മാഭിമാനത്തിനായുള്ള സുലഭ് സ്വച്ഛതാ സമുച്ചയം എന്ന അദ്ദേഹത്തിന്റെ ആശയം ആ ബഹുജന പ്രസ്ഥാനത്തിന് പ്രചോദനമായി. 2014 ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ ആശയത്തെ സ്വച്ഛ് ഭാരത് ദൗത്യമാക്കി മാറ്റി. ശുചിത്വത്തെ ഒരു വ്യാപകമായ ദേശീയ ലക്ഷ്യമാക്കി മാറ്റി.**

ഒരു യാഥാസ്ഥിതിക ബ്രാഹ്മണ കുടുംബത്തിൽ ജനിച്ച ഡോ. ബിന്ദേശ്വർ പഥക്കിന്റെ ശുചിത്വത്തോടുള്ള ആഭിമുഖ്യം ആരംഭിക്കുന്നത് ആറാം വയസ്സിലാണ്. പൊതുവെ കളികളുടെയും കളിപ്പാട്ടങ്ങളുടെയും കഥകളുടെയും കാലഘട്ടമായാണ് ഇത് കണക്കാക്കപ്പെടുന്നത്. ഒരു ദിവസം, യാഥാസ്ഥിതിക സമൂഹം തൊട്ടുകൂടാത്തവരായി കണക്കാക്കപ്പെട്ടിരുന്ന ഒരു സ്ത്രീയെ അദ്ദേഹം സ്പർശിക്കാനിടയായി. മുത്തശ്ശി അദ്ദേഹത്തെ ശകാരിച്ചു; കുടുംബാംഗങ്ങൾ ദേഷ്യപ്പെട്ടു. പക്ഷേ ആ കുട്ടിയുടെ മനസ്സിൽ ഒട്ടേറെ ചോദ്യങ്ങൾ ബാക്കിയായി. വീട്ടിൽ ഒരു ശൗചാലയം ഇല്ലാത്തതിനാൽ കുടുംബത്തിലെ വനിതകൾ വെളിമ്പ്രദേശങ്ങളെ ആശ്രയിക്കേണ്ടിവരുന്നത് അദ്ദേഹം കണ്ടു. ഈ സംഭവങ്ങൾ അദ്ദേഹത്തെ ആഴത്തിൽ സ്പർശിച്ചു. അദ്ദേഹം വളർന്നപ്പോൾ, ശുചിത്വം പ്രോത്സാഹിപ്പിക്കുക എന്നത് തന്റെ ജീവിത ദൗത്യമായി സ്വീകരിച്ചു. ശൗചാലയം പോലുള്ള ഒരു വിഷയത്തിലൂന്നി പ്രവർത്തിക്കാൻ തുടങ്ങിയപ്പോൾ, അദ്ദേഹത്തിന് ധാരാളം ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നു. ധാരാളം പോരാട്ടങ്ങളിലൂടെ കടന്നുപോകേണ്ടിവന്നു. ആളുകളുടെ പ്രതികരണങ്ങൾ ശ്രദ്ധിക്കേണ്ടിവന്നു. ജനങ്ങൾ അദ്ദേഹത്തെ പരിഹസിച്ചു. പക്ഷേ സാമൂഹിക സേവനത്തോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത ഉറച്ചതാകയാൽ ജീവിതം ഈ സേവനത്തിനായി നിസ്സംശയം സമർപ്പിച്ചു. ഡോ. പഥക് ആ പാതയിൽ ഉറച്ചുനിന്നു. മഹാത്മാഗാന്ധിയുടെ ശുചിത്വ ആശയങ്ങൾക്ക് സ്ഥാപനപരമായ പരിഹാരം മുന്നോട്ട് വച്ചു.1943 ഏപ്രിൽ 2 ന് ജനാധിപത്യത്തിന്റെ നാടായ വൈശാലിയിൽ ജനിച്ച ഡോ. ബിന്ദേശ്വർ പഥക്, ശുചിത്വം എന്ന ആശയം സ്ഥാപന രൂപത്തിലേക്ക് നൂതനമായ രീതിയിൽ ആവിഷ്ക്കരിച്ചു. 1968 ൽ, വീടിനു പരിസരത്ത് ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ നിർമ്മിക്കാൻ കഴിയുന്ന ഒരു ഡിസ്പോസൽ കമ്പോസ്റ്റ് ശൗചാലയം അദ്ദേഹം നിർമ്മിച്ചു. 1970 ൽ സുലഭ് ഇന്റർനാഷണൽ സർവീസ് ഓർഗനൈസേഷന് അടിത്തറയിട്ടു. 1973 ൽ, ബീഹാറിലെ ആറ മുനിസിപ്പാലിറ്റിയിലെ ഒരു ഉദ്യോഗസ്ഥൻ 500 രൂപ നൽകി മുനിസിപ്പൽ പരിസരത്ത് രണ്ട് ശൗചാലയങ്ങൾ നിർമ്മിക്കാൻ ആവശ്യപ്പെട്ടതോടെയാണ് ഡോ. പഥക്കിന്റെ പ്രചാരണത്തിൽ പ്രധാന വഴിത്തിരിവ് സംഭവിച്ചത്. അവിടെ, ഡോ. ബിന്ദേശ്വർ പഥക് ഡ്രൈ ടോയ്‌ലറ്റിനെ സുലഭ് ടോയ്‌ലറ്റാക്കി മാറ്റി. ആ പ്രവർത്തനത്തിന് അദ്ദേഹം വളരെയധികം പ്രശംസിക്കപ്പെട്ടു. ക്രമേണ, അദ്ദേഹത്തിന്റെ പ്രചാരണം ഗതിവേഗമാർജ്ജിച്ചു. ബീഹാറിൽ ഒട്ടേറെ ശൗചാലയങ്ങൾ ഒന്നിനുപുറകെ ഒന്നായി അദ്ദേഹം നിർമ്മിച്ചു.

സുലഭ് സൻസ്ത രാജ്യത്ത് 10,123-ലധികം പൊതു ശൗചാലയങ്ങൾ, ഏകദേശം 16 ലക്ഷത്തോളം വീടുകളിൽ, 32,000-ലധികം സ്കൂളുകളിൽ, ഏകദേശം 2,500 ചേരികളിൽ നിർമ്മിച്ചു. 200-ലധികം ബയോഗ്യാസ് പ്ലാന്റുകൾ, 12-ലധികം മാതൃകാ ഗ്രാമങ്ങൾ എന്നിവയും നിർമ്മിച്ചിട്ടുണ്ട്. ഇതുകൂടാതെ, 10,000-ത്തിലധികം പേരെ തോട്ടിപ്പണി എന്ന അപരിഷ്കൃത ജോലിയിൽ നിന്ന് മോചിപ്പിച്ചതിന്റെ ബഹുമതിയും ഡോ. ബിന്ദേശ്വർ പഥക്കിനുണ്ട്. വൃന്ദാവനം, കാശി, ഉത്തരാഖണ്ഡ്, അടക്കമുള്ള പ്രദേശങ്ങളിൽ വനിതാ ശാക്തീകരണവുമായി ബന്ധപ്പെട്ട ഒട്ടേറെ പ്രവർത്തനങ്ങൾ അദ്ദേഹം നടത്തി. ആരോരുമില്ലാത്ത നിസ്സഹായരായ സ്ത്രീകളെ സഹായിക്കുന്നതിനായി അദ്ദേഹം വലിയ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു. ഡോ. ബിന്ദേശ്വർ പഥക് 2023 ഓഗസ്റ്റ് 15-ന് അന്തരിച്ചു. പഥക്കിന്റെ വിയോഗത്തിൽ അദ്ദേഹത്തെ അനുസ്മരിച്ചുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു, 'സാമൂഹിക പുരോഗതിക്കും പിന്നോക്കക്കാരുടെ ശാക്തീകരണത്തിനുംവേണ്ടി ശക്തമായി പ്രവർത്തിച്ച ദീർഘ വീക്ഷണമുള്ള വ്യക്തിയായിരുന്നു അദ്ദേഹം. ശുചിത്വത്തോടുള്ള പ്രതിബദ്ധത അദ്ദേഹവുമായുള്ള സംഭാഷണങ്ങളിൽ എപ്പോഴും പ്രകടമായിരുന്നു.' സാമൂഹിക പ്രവർത്തനത്തിനുള്ള മികച്ച സംഭാവനകൾക്ക് ഡോ. പഥക്കിന് 'പത്മവിഭൂഷൺ'(മരണാനന്തരം) നൽകി രാജ്യം ആദരിച്ചു.



X



PMO India @PMOIndia

हम सभी को अपने खाने के तेल में 10% की कटौती करनी चाहिए।

हमें हर महीने 10% कम तेल में काम चलाने का प्रयास करना है।

मोटापा कम करने की दिशा में ये एक बहुत बड़ा कदम होगा: PM @narendramodi



रक्षा मंत्री कार्यालय/ RMO India
@DefenceMinIndia

आज जिस तरह से हमारी Air force की ताकत बढ़ रही है, उसमें हमारे जाँबाज और बहादुर Air warriors का तो योगदान है ही, लेकिन मैं समझता हूँ आपके द्वारा निर्मित equipment भी उतने ही महत्त्वपूर्ण हैं। आपके equipment ही हमारे Air warriors को वह ताकत प्रदान करते हैं, जिससे वो हमारी सीमाओं की सुरक्षा मजबूती के साथ कर पाते हैं: रक्षा मंत्री श्री @rajnathsingh



Amit Shah
@AmitShah

बाबा केदारनाथ व हेमकुंड साहिब के तीर्थयात्रियों को आज मोदी जी ने बड़ी सौगात दी।

केन्द्रीय कैबिनेट ने उत्तराखंड में 'सोनप्रयाग से केदारनाथ' और 'गोविंदघाट से हेमकुंड साहिब' तक, दो रोपवे परियोजनाओं को मंजूरी दी है। इससे यहाँ आने वाले श्रद्धालुओं का समय बचेगा और यात्रा अधिक सुगम होगी। साथ ही, इन तीर्थ क्षेत्रों के दर्शन की समयावधि के विस्तार के साथ-साथ पर्यटन व रोजगार को भी बढ़ावा मिलेगा।



Nitin Gadkari
@nitin_gadkari


गरिबों के अच्छे स्वास्थ्य के लिए, उन्हें कम लागत में दवा उपलब्ध कराने के उद्देश्य से प्रधानमंत्री श्री @narendramodi जी द्वारा कार्यान्वित 'प्रधानमंत्री भारतीय जन औषधि परियोजना' के अंतर्गत देश के गरिबों को दवाएं औसत बाजार मूल्य की तुलना में 50 से 90 प्रतिशत तक सस्ती मिलती है। सस्ती दवा के साथ साथ जन औषधि परियोजना रोजगार भी उपलब्ध करा रही है।



Dharmendra Pradhan
@dpradhanbjp

Women-led development and women's empowerment has been at the heart of PM @narendramodi ji's governance model.

In the last ten years, Govt. of India has adopted a multi-sectoral approach to empower and uplift women, boost their participation in decision-making process, give them their fair share and make them equal partners in national progress. #WomensDay



Gajendra Singh Shekhawat
@gssjodhpur

पीएम सूर्य योजना से जुड़े 10 लाख घर,
बिजली के क्षेत्र में भारत बन रहा आत्मनिर्भर।

प्रधानमंत्री श्री @narendramodi जी के मार्गदर्शन में भारत का ऊर्जा जगत नित नई ऊंचाइयों को छू रहा है।

#10LakhsForPMSuryaGhar



PM: Mauritius is family, links India to wider Global South

Island Nation To Confer On PM Top Award

PM urges cut in oil intake: '44 cr Indians may be suffering from obesity by 2050'

New criminal law ensuring faster justice to females: PM

CENTRAL RAILWAY RUNS ALL-WOMAN VANDE BHARAT

Govt has set target to make 3 cr 'Lakhpati Didis' in 5 years: Modi

PM welcomes India's 58th tiger reserve in MP

WOMEN'S SAFETY TOP PRIORITY: MODI

Modi first Indian to get Mauritius' highest honour

PRIME MINISTER NARENDRA Modi will be the first Indian to receive Mauritius' highest honour, The Grand Commander of the Order of the Star and Key of the Indian Ocean, reports PTI.

PM heads to Mauritius, pacts on maritime security, tackling financial crimes on table

**ബാബാ സാഹിബിന്റെ 135-ാം ജന്മവാർഷികം**

# ദാർശനികനായ ബാബാ സാഹിബിന് ശ്രദ്ധാഞ്ജലി

**ജനനം- 1891 ഏപ്രിൽ 14 , മരണം- 1956 ഡിസംബർ 6**

*നൂറ്റാണ്ടുകളായി ഇന്ത്യയുടെ സാമൂഹിക ഘടനാ സങ്കൽപ്പത്തിന്റെ ആത്മാവായി സമത്വം, തുല്യത, നീതി എന്നീ ആശയങ്ങൾ നിലകൊള്ളുന്നു. ഈ മാർഗ്ഗത്തിൽ ചരിക്കാൻ, ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ്, ബുദ്ധ ഭഗവാൻ കാരുണ്യത്തിന്റെ പാത കാണിച്ചുതന്നു. ആധുനിക ഇന്ത്യയിൽ, ബാബാ സാഹിബ് ഡോ. ഭീംറാവു അംബേദ്കർ സാമൂഹികവും സാമ്പത്തികവുമായ നീതിക്ക് വഴിയൊരുക്കി. ബാബാ സാഹിബിന്റെ സമത്വ സമൂഹത്തെക്കുറിച്ചുള്ള വിശാല ദർശനത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ്, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ ഇന്ന് 'സബ്കാ സാത്ത്, സബ്കാ വികാസ്, സബ്കാ പ്രയാസ്, സബ്കാ വിശ്വാസ്' എന്ന പ്രമേയത്തിലൂന്നി (എല്ലാവർക്കും ഒപ്പം, എല്ലാവരുടെയും വികസനം, എല്ലാവരുടെയും വിശ്വാസം, എല്ലാവരുടെയും പ്രയത്നം) മുന്നോട്ട് പോകുന്നത്. രാഷ്ട്ര നിർമ്മാണത്തിന് ബാബാ സാഹിബ് നൽകിയ സംഭാവനകളിൽ നിന്ന് യുവതലമുറയ്ക്ക് പ്രചോദനം ലഭിക്കുന്നതിനായി ഡൽഹിയിലെ അലിപൂർ, മധ്യപ്രദേശിലെ മോവ്, മുംബൈയിലെ ഇന്ദു മിൽ, നാഗ്പൂരിലെ ദീക്ഷാ ഭൂമി, ലണ്ടനിലെ അദ്ദേഹത്തിന്റെ വീട് എന്നിവ കേന്ദ്ര സർക്കാർ 'പഞ്ചതീർത്ഥം' ആയി വികസിപ്പിച്ചു...*



**ഡോ. ബാബാ സാഹിബ് അംബേദ്കറുടെ ജന്മവാർഷികത്തിൽ അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു. ഇന്ത്യയുടെ പുരോഗതിക്ക് അദ്ദേഹം വിലമതിക്കാനാവാത്ത സംഭാവനകൾ നൽകി. രാഷ്ട്രത്തിനായുള്ള അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനുള്ള നമ്മുടെ പ്രതിബദ്ധത ആവർത്തിക്കേണ്ട ദിനമാണിത്.**

**- നരേന്ദ്ര മോദി, പ്രധാനമന്ത്രി**


**ന്യൂ ഇന്ത്യ സമാചാർ**
ദ്വൈവാരിക

**RNI No. : DELMAL/2020/78826 APRIL 1-15, 2025**

RNI Registered No DELMAL/2020/78826, Delhi Postal License No DL(S)-1/3549/2023-25, WPP NO U(S)-97/2023-25, posting at BPC, Market Road, New Delhi-110001 on 26-30 advance Fortnightly (Publishing March 17, 2025, Pages -44)

**Editor in Chief**
**Dhirendra Ojha**
Principal Director General,
Press Information Bureau, New Delhi

**Published & Printed by:**
**Yogesh Kumar Baweja**,
Director General, on behalf of
**Central Bureau Of Communication**

**Published from:**
Room No–278, Central Bureau Of Communication, 2nd Floor, Soochna Bhawan, New Delhi -110003

**Printed at**
**Kaveri Print Process Pvt. Ltd.**
**A-104 Sector-65,**
**Noida-201301 U.P.**

Malayalam
Vol. 5 Issue 19